# ദീപനാളം

**കലാസാംസ്കാരിക ദേശീയവാരിക**

2022 ഒക്ടോബർ 13 | ദീപം 55 | നാളം 31 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# പതിതർക്കു പാഥേയമായവൻ




ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ


ദൈവനീതിയുടെയും കരുണയുടെയും മുഖം സാധാരണജനങ്ങൾക്കു കാണിച്ചുകൊടുത്ത മഹാത്മാവാണ് വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. ലത്തീൻ ആരാധനക്രമത്തിൽ ദിവ്യബലിയിലെ സമാഹരണപ്രാർത്ഥനയിൽ കുഞ്ഞച്ചനെ സ്മരിക്കുന്നത് ഇപ്രകാരമാണ്: "ഞങ്ങളുടെ ദൈവമേ, വിനീതരുടെയും ക്ലേശിതരുടെയും ശുശ്രൂഷ അങ്ങേ ദാസനായ വാഴ്ത്തപ്പെട്ട അഗസ്റ്റിൻ തേവർപറമ്പിലിനെ അങ്ങ് ഭരമേല്പിച്ചുവല്ലോ. അദ്ദേഹത്തിന്റെ ജീവിതം മാതൃകയാക്കി അശരണരോടും പാവപ്പെട്ടവരോടും എല്ലായ്പ്പോഴും ഞങ്ങൾ അനുകമ്പ കാണിക്കാനും അതുവഴി ക്രിസ്തുവിന്റെ കാലടികൾ വിശ്വസ്തതയോടെ പിന്തുടരാനും കാരുണ്യപൂർവ്വം അനുഗ്രഹിക്കണമേ." വളരെ അർത്ഥവത്തായ ഈ പ്രാർത്ഥനയുടെ സാമൂഹിക പശ്ചാത്തലം നാം മനസ്സിലാക്കേണ്ടതുണ്ട്.

**ഒക്ടോബർ 16**
**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ**

ഭാരതത്തിൽ സംഘകാലത്തോടെ രൂപപ്പെട്ട ജാതിവ്യവസ്ഥയുടെ പരിണതഫലം ഏറ്റവും കൂടുതൽ അനുഭവിച്ച ജനവിഭാഗമാണ് നമ്മുടെ രാഷ്ട്രപിതാവ് ഹരിജൻ എന്നു വിളിച്ച ദലിതർ. വിദ്യാഭ്യാസവും സഞ്ചാരസ്വാതന്ത്ര്യവും നിഷേധിക്കപ്പെടുക മാത്രമല്ല, സ്വന്തം രാജ്യത്ത് അടിമകളാകാൻ വിധിക്കപ്പെട്ടവരുമായിരുന്നു ദലിതർ. ദൈവം എല്ലാവരുടെയും പിതാവാണെന്നും മനുഷ്യരെല്ലാം യേശുക്രിസ്തുവിൽ രക്ഷിക്കപ്പെട്ടവരാണെന്നും നാമെല്ലാം ഏകോദരസൃഷ്ടിയാണെന്നുമുള്ള മിഷനറിമാരുടെ സുവിശേഷപ്രഘോഷണത്തിൽ ആകൃഷ്ടരായി ധാരാളം ദലിതർ ക്രൈസ്തവവിശ്വാസികളായി.

▶5

# കുഞ്ഞുങ്ങളെ കൊല്ലുന്നതോ സ്ത്രീസ്വാതന്ത്ര്യം?






അഡ്വ. വി. സി. സെബാസ്റ്റ്യൻ


ഗർഭസ്ഥശിശുവിനെ ബോധപൂർവം കുരുതികൊടുക്കുന്ന ക്രൂരതയ്ക്ക് ഇന്ത്യയിലെ ഉന്നതനീതിന്യായപീഠം അംഗീകാരം നൽകിയോ? 2022 സെപ്റ്റംബർ 29 ലെ സുപ്രീംകോടതിയുടെ അതിദാരുണമായ വിധിപ്രഖ്യാപനം ആ ദിശയിലേക്കാണു വിരൽ ചൂണ്ടുന്നത്. കോടതി മുമ്പാകെ വരുന്ന കേസിന്റെ പശ്ചാത്തലത്തിലുള്ള വിധിവാക്യങ്ങളാണെങ്കിലും പൊതുസമൂഹത്തിൽ ഇതു സൃഷ്ടിക്കുന്ന ആശങ്കകളും വ്യാഖ്യാനങ്ങളും മനുഷ്യജീവനെ നശിപ്പിക്കാനുള്ള കോടതിയംഗീകാരമായി മാത്രമേ കാണാനാവൂ.

സുപ്രീംകോടതിവിധി ഉയർത്തുന്ന ചോദ്യങ്ങൾ നിരവധിയാണ്. ഗർഭസ്ഥശിശു സ്ത്രീയുടെ ശരീരത്തിന്റെ ഭാഗമാണെന്നും അതു മുറിച്ചുമാറ്റണോ നശിപ്പിക്കണോ തുടരണോ എന്നു തീരുമാനിക്കുന്നത് ആ ശരീരത്തിന്റെ ഉടമസ്ഥയാണെന്നും വാദിച്ച് ഗർഭച്ഛിദ്രത്തെ ന്യായീകരിക്കാൻ പുരോഗമനവാദികൾ രംഗത്തുവന്നിട്ടുണ്ട്. സ്ത്രീസംരക്ഷണത്തിനായുള്ള ചരിത്രവിധിയെന്നും ഇക്കൂട്ടർ വിളിച്ചുകൂവുന്നു.

ഒരു മനുഷ്യസ്ത്രീയുടെ ഗർഭപാത്രത്തിൽ പരാശ്രയത്വത്തിലും നിസ്സഹായാവസ്ഥയിലും കഴിയുന്ന ജീവന്റെ തുടിപ്പിനെ നിഷ്കരുണം കൊലചെയ്യാൻ നിയമംതന്നെ കൂട്ടുനിൽക്കുന്ന ക്രൂരത മനഃസാക്ഷിയുള്ളവർക്ക് അംഗീകരിക്കാനാവുമോ? ചില വിദേശരാജ്യങ്ങളുടെ ചുവടുപിടിച്ച് ഗർഭച്ഛിദ്രത്തിന് ഉന്നതനീതിപീഠം പച്ചപ്പരവതാനി വിരിക്കുന്നത് മാനിഷാദ വിളിച്ചുപറഞ്ഞ മഹർഷിമാരുടെ നാട്ടിലാണെന്നോർക്കണം.

**സുപ്രീംകോടതിവിധിയെന്ത്?**

ഗർഭച്ഛിദ്രം സ്ത്രീയുടെ മാത്രം അവകാശമാണെന്നാണ് സുപ്രീംകോടതിയുടെ കണ്ടെത്തൽ. വിവാഹിതരായ സ്ത്രീകൾക്കുമാത്രമല്ല അവിവാഹിതർക്കും സുരക്ഷിതവും നിയമപരവുമായ ഗർഭച്ഛിദ്രത്തിന് അർഹതയുണ്ടെന്നും വിവാഹിത, അവിവാഹിത എന്ന വേർതിരിവ് ഭരണഘടനാവിരുദ്ധമാണെന്നും കോടതി ചൂണ്ടിക്കാട്ടുന്നു. ബലമായും പിഡിപ്പിച്ചും നടത്തുന്ന ലൈംഗികവേഴ്ചയെ ലൈംഗികപീഡനമായി കണക്കാക്കും. നിയമപരമായി ഗർഭച്ഛിദ്രത്തിന് സ്ത്രീക്ക് കോടതിയെ സമീപിക്കാൻ കുടുംബത്തിന്റെ അനുമതിയാവശ്യമില്ല. പ്രായപൂർത്തിയാകാത്ത ആളോ, മാനസികവെല്ലുവിളികൾ നേരിടുന്നയാളോ അല്ലെങ്കിൽ ഗർഭച്ഛിദ്രം സ്ത്രീയുടെ മാത്രം തീരുമാനമായിരിക്കും. അവിവാഹിതയാണെങ്കിലും പരസ്പരസമ്മതത്തോടെയുള്ള ബന്ധത്തിൽ ഗർഭിണിയായെങ്കിൽപ്പോലും സ്ത്രീക്ക് ഗർഭച്ഛിദ്രം അനുവദനീയമാണെന്ന സുപ്രീംകോടതിവിധി മനുഷ്യജീവനു പുല്ലുവില കല്പിക്കുന്ന കിരാതത്വത്തിലേക്കു നാടിനെ നയിക്കാനുള്ള സാധ്യതകൾ തുറന്നിടുന്നു.

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി (എംടിപി) നിയമത്തിന്റെ ഒട്ടേറെ നിയമപഴുതുകൾ സുപ്രീംകോടതിയുടെ വിധിന്യായനിരീക്ഷണങ്ങളിലുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ഗർഭിണിക്ക് എപ്പോൾ വേണമെങ്കിലും ഗർഭം അലസിപ്പിക്കാൻ നിരവധി വാദങ്ങൾ ഉയർത്താമെന്നും ന്യായങ്ങൾ അവതരിപ്പിക്കാമെന്നും കോടതി തന്നെ വ്യക്തമാക്കുന്നു. ഗർഭത്തിനുകാരണം ലൈംഗികാതിക്രമവും പീഡനവുമാണെന്നും പീഡനമേല്പിക്കുന്നയാളിൽനിന്നു ലഭിച്ച കുട്ടിയെ വളർത്താൻ സ്ത്രീയെ നിർബന്ധിക്കരുതെന്നും കോടതി പറയുമ്പോൾ, ഉള്ളിൽപ്പിടയുന്ന മനുഷ്യജീവൻ എന്തു തെറ്റുചെയ്തുവെന്ന് മറുചോദ്യം ചോദിക്കാൻ നമ്മുടെ നിയമസംവിധാനങ്ങളും സാമൂഹികപരിഷ്കർത്താക്കളും സാംസ്കാരികനേതൃത്വങ്ങളും പരാജയപ്പെട്ടു.

**സ്ത്രീക്ക് പരിപൂർണസ്വാതന്ത്ര്യമോ?**

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസിയുടെ 3 ബി വകുപ്പ് 24 ആഴ്ചവരെയുള്ള ഗർഭം ഒഴിവാക്കാൻ അനുമതി ആർക്കെല്ലാമുണ്ടെന്നു വ്യക്തമാക്കുന്നു. ഇതിൽ ബലമായ ലൈംഗികവേഴ്ചയെ ഉൾക്കൊള്ളിച്ചിരുന്നില്ല. പക്ഷേ, സുപ്രീംകോടതി പുതിയ വിധിയിലൂടെ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിരിക്കുന്നു. ഭ്രൂണഹത്യയ്ക്ക് ഗർഭിണിയുടെ മാത്രം വാക്കുകൾ മതിയെന്നും ലൈംഗികാതിക്രമമോ പീഡനമോ ഉണ്ടായതായി സ്ത്രീ തെളിയിക്കേണ്ടതില്ലെന്നുംവരെ സുപ്രീംകോടതി സൂചിപ്പിക്കുമ്പോൾ, സ്ത്രീക്കു ഗർഭച്ഛിദ്രത്തിനു പരിപൂർണസ്വാതന്ത്ര്യമാണു നൽകപ്പെടുന്നത്. ഇത് ഭാവിയിൽ വലിയ സാമൂഹികവെല്ലുവിളിയായി മാറുമെന്നുറപ്പാണ്.

▶12

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



# സെന്റ് പോൾസ് ബോയ്സ് ഹോസ്റ്റൽ

## രാമപുരം

---

വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടട്ടെ എന്ന പ്രാർത്ഥനാശംസകളോടെ



Mother Superior & Community

# CARMELITE CONVENT

RAMAPURAM Ph: 04822-260357

Headmistress, Staff & Students

**S.H. GIRLS HIGH SCHOOL** RAMAPURAM Ph: 04822-260761

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഞങ്ങളുടെ പ്രാർത്ഥനാമഞ്ജരികൾ


Mother Superior & Community

# FRANCISCAN SISTERS OF HOLY ANNUNCIATION (F.S.H.A.)

(മംഗലവാർത്തയുടെ ഫ്രാൻസിസ്കൻ സഹോദരികൾ)

ഐങ്കൊമ്പ് · പറത്താനം · തങ്കമണി

---



രാമപുരത്തിന്റെ വിശുദ്ധ പുഷ്പം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരപൂർവ്വം

Mother Superior & Community

# MOUNT CARMEL CONVENT (C.M.C)

RAMAPURAM Ph: 04822 - 263399

WARDEN & STUDENTS

**CARMEL JYOTHI GIRLS HOSTEL** RAMAPURAM Ph: 04822-262336

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ...

Mother Superior & Community

# S.H. CONVENT

VELLILAPPALLY, RAMAPURAM

Ph: 04822-260276

---



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!

MOTHER SUPERIOR & COMMUNITY

# ST. AUGUSTINE'S SECULAR INSTITUTE & HOSTEL (M.I.S.I.)

RAMAPURAM. PH: 04822-263305

# 5 ജി : പ്രതീക്ഷകളും ആശങ്കകളും



അഡ്വ. അപർണ എം.

വളരെപ്പത്തിൽ ലോകത്തിലെ അഞ്ചാമത്തെ സമ്പദ്‌വ്യവസ്ഥയായ ഇന്ത്യയിൽ 5 ജി (അഞ്ചാം തലമുറ ടെലികമ്യൂണിക്കേഷൻ) സേവനമാരംഭിച്ചിരിക്കുന്നു എന്ന വാർത്ത ലോകം മുഴുവൻ ശ്രദ്ധയോടെയാണു വീക്ഷിക്കുന്നത്. 2022 ഒക്ടോബർ ഒന്നിന് ഡൽഹിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ ഉദ്ഘാടനച്ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി 5 ജി സേവനങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ഔദ്യോഗികപ്രഖ്യാപനം നടത്തി. വിവിധ ടെലികോം കമ്പനികൾ ഈ മാസംതന്നെ 5 ജി സേവനങ്ങളാരംഭിക്കുമെന്നു പ്രഖ്യാപിച്ചെങ്കിലും രാജ്യവ്യാപകമായി ഈ സേവനങ്ങൾ ലഭിക്കാൻ കാത്തിരിക്കേണ്ടിവരും. തിരഞ്ഞെടുത്ത 13 നഗരങ്ങളിൽ മാത്രമാണ് ആദ്യഘട്ടത്തിൽ ഈ സേവനം ലഭ്യമാകുക. ഏതാനും മാസങ്ങൾക്കുശേഷമേ കേരളത്തിൽ 5 ജി അവതരിപ്പിക്കപ്പെടുകയുള്ളൂ. എന്നിരുന്നാലും, കേരളത്തിലെ സാധാരണക്കാരുൾപ്പെടെ തങ്ങളുടെ സാങ്കേതികോപകരണങ്ങൾ 5 ജി ഉപയോഗിക്കാവുന്ന തരത്തിൽ മെച്ചപ്പെടുത്താനും മാറ്റിവാങ്ങാനും തുടങ്ങിക്കഴിഞ്ഞു. എന്നാൽ, ഈ പ്രതീക്ഷകൾക്കും ആഘോഷങ്ങൾക്കുമപ്പുറം 5 ജി സേവനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ സമൂഹത്തിലേക്കെത്തിക്കാൻ പറയത്തക്ക ശ്രമങ്ങളൊന്നും കേന്ദ്രസർക്കാരോ വിവരവിനിമയ സാങ്കേതികരംഗത്തു പ്രവർത്തിക്കുന്ന കമ്പനികളോ നടത്തുന്നതായി കാണുന്നില്ല. ഈ രംഗത്തു പ്രവർത്തിക്കുന്ന ആളുകൾക്കും സാങ്കേതികവിദ്യയിൽ പ്രാവീണ്യമുള്ള ചെറുപ്പക്കാരുൾപ്പെടുന്ന സമൂഹത്തിനുമല്ലാതെ ഒരു വലിയ ഭൂരിപക്ഷത്തിന് 5 ജിയുടെ സാധ്യതകൾ ശരിയായി ഉപയോഗിക്കാൻ അറിവില്ലാത്തത് ഒരുപരിധിവരെ സാധാരണക്കാരെ പ്രതികൂലമായി ബാധിച്ചേക്കാം. കാരണം, നമ്മൾ അറിഞ്ഞാലും ഇല്ലെങ്കിലും 5 ജി ഒരു പുതിയ സാങ്കേതികവിദ്യ എന്നതിലുപരി വൻ മാറ്റങ്ങളിലേക്കുള്ള ഒരു പ്രധാന പരിപാടിയാണ്, ലോകവ്യാപകമായി ഈ മാറ്റങ്ങൾ സ്വാധീനിക്കുന്നത് ഓരോ സാധാരണക്കാരനെയും കൂടിയാണ്.

### എന്താണ് 5 ജി?

സാങ്കേതികപദങ്ങളുടെ അതിപ്രസരമില്ലാതെ 5 ജിയെ ഒന്നു പരിചയപ്പെടാൻ ശ്രമിക്കാം. രണ്ടുപേർക്ക് അഥവാ രണ്ടു സാങ്കേതികോപകരണങ്ങൾക്കിടയിൽ നടക്കുന്ന ഒരു ആശയവിനിമയംതന്നെ ഉദാഹരണമായെടുക്കാം. ഇതിൽ ഒരു വിവരം ഒരാളിൽനിന്ന്/ ഒരു ഉപകരണത്തിൽ നിന്ന് അടുത്ത ഉപകരണത്തിലേക്ക് എത്താനെടുക്കുന്ന സമയമാണ് ലേറ്റൻസി. ആശയവിനിമയത്തിന്റെ വേഗം കൂടണമെങ്കിൽ ഈ ലേറ്റൻസി കുറയുകയാണു വേണ്ടതെന്ന് വ്യക്തമാണല്ലോ. 5 ജി വാഗ്ദാനം ചെയ്യുന്നത് 5 മില്ലി സെക്കന്റിൽ താഴെയുള്ള ലേറ്റൻസിയാണ്; ഒരു നിമിഷത്തിലും വളരെ കുറഞ്ഞ സമയം! സ്മാർട്ട്ഫോണുകൾ ഇന്ത്യയിലെ സാധാരണക്കാർ ഉപയോഗിക്കാൻ തുടങ്ങിയ കാലത്ത് ഒരു സിനിമ ഫോണിൽ ഡൗൺലോഡ് ചെയ്യാൻ 10-12 മണിക്കൂർ സമയം എടുത്തിരുന്നു. 4 ജി വന്നതോടുകൂടി ഈ സമയം ചുരുങ്ങിയത് 5-7 മിനിറ്റിലേക്കാണ്. കേരളത്തിലെ ഉൾപ്രദേശങ്ങളിൽ ഈ വേഗം അവകാശപ്പെടാനാകില്ലെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലും ഇതു സാധ്യമാണ്. വിദേശരാജ്യങ്ങളിലെ ആളുകളുമായുള്ള ആശയവിനിമയവും തൊഴിലിടപാടുകളും ഇന്നു സുഗമമായി നടക്കുന്നുണ്ട്. ഇന്ത്യയ്ക്കു പുറത്തുപോകാതെ, വിദ്യാഭ്യാസം നേടി ഇന്ത്യയിലിരുന്നുകൊണ്ട് പുറംരാജ്യങ്ങളിലെ കമ്പനികളിൽ ജോലി ചെയ്യാൻ സാധിക്കുന്നത് അംഗീകരിക്കപ്പെടേണ്ട മാറ്റമാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുവേണം 4 ജിയെ അപേക്ഷിച്ച് 5 ജി ലഭ്യമാക്കുന്ന അതിവേഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ.

5 ജി വരുന്നു എന്നു കേട്ടപ്പോൾമുതൽ പ്രായഭേദമെന്യേ സമൂഹമാധ്യമങ്ങളിൽ ആളുകൾ ഈ വിഷയം ചർച്ച ചെയ്തു തുടങ്ങിയതാണ്. എന്നാൽ പല ചർച്ചകളും ഫ്രീക്വൻസി, ബാൻഡ്‌വിഡ്ത് തുടങ്ങിയ സാങ്കേതികവിവരങ്ങളിലും സ്മാർട്ട്ഫോൺ, ലാപ്ടോപ് എന്നിവയിൽ ലഭ്യമാകുന്ന സ്പീഡിലും മാത്രം ഒതുങ്ങിയവയാണ്. നമ്മുടെ കൈയിൽ ഉപയോഗത്തിലുള്ള ഉപകരണങ്ങളുടെ വേഗവും പ്രവർത്തനക്ഷമതയും വർധിക്കുന്നത് ചെറിയ കാര്യമാണെന്നോ അതു ചർച്ച ചെയ്യേണ്ടതില്ല എന്നുമല്ല; മറിച്ച്, അത് 5 ജി വിദ്യയെ സംബന്ധിച്ച ഏറ്റവും അടിസ്ഥാനകാര്യം മാത്രമാണെന്നതാണ് വസ്തുത. അതായത്, ആരോഗ്യം, വിദ്യാഭ്യാസം, ബാങ്കിങ്, ചരക്കുനീക്കം, തൊഴിലവസരങ്ങൾ എന്നീ നിർണായകമേഖലകളിൽ സമൂലമാറ്റത്തിനാണു തുടക്കംകുറിക്കപ്പെടുന്നത്.

### മനുഷ്യബുദ്ധിയെ സഹായിക്കാൻ കൃത്രിമബുദ്ധി

നമ്മൾ ഉപയോഗിക്കാൻ തുടങ്ങിയ കാലത്തെ ഇന്റർനെറ്റ് അല്ല ഇന്നത്തെ ഇന്റർനെറ്റ്. ഇന്നുപയോഗിക്കുന്നത് ഇന്റർനെറ്റ് ഓഫ് തിങ്സാണ്. ആദ്യകാലത്തെ ഇന്റർനെറ്റ്, ഉപഭോക്താക്കൾക്കു തമ്മിൽ വിവരം കൈമാറാനും വിവരം ലഭ്യമാക്കാനുമാണു സഹായിച്ചിരുന്നത്. എന്നാലിന്ന് ഇന്റർനെറ്റിനെക്കുറിച്ചു കേവലവിദ്യാഭ്യാസംപോലുമില്ലാത്തവരും ഈ നെറ്റ്‌വർക്കിന് അപരിചിതരല്ല. കാരണം, സ്മാർട്ട്ഫോൺ വഴിയും ഇ-സേവനങ്ങൾവഴിയും ഇന്റർനെറ്റിന്റെ സ്വാധീനമില്ലാതെ ജീവിക്കാൻ കഴിയില്ല എന്നതുതന്നെ.

4 ജി ആരംഭിച്ചപ്പോൾത്തന്നെ ലക്ഷ്യം വച്ചിരുന്നത് സ്മാർട്ട്ഫോൺ ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ ക്ഷമത വർധിപ്പിക്കുന്നതും നിലവിലിരുന്ന ഇന്റർനെറ്റിന്റെ വേഗം കൈവരിക്കുന്നതും മാത്രമായിരുന്നു. എന്നാൽ, ഈ വേഗം സാധ്യമായതോടെ ഗവൺമെന്റ്, ബാങ്കിങ് സേവനങ്ങൾവരെ വീട്ടിലിരുന്നു ലഭ്യമാകുന്ന തരത്തിൽ മെച്ചപ്പെടുന്നതാണ് നമ്മൾ കണ്ടത്. അപ്പോൾ സ്മാർട്ട് ടിവികൾ, കംപ്യൂട്ടറുകൾ, വെർച്വൽ റിയാലിറ്റി ഉപകരണങ്ങൾ, ഇന്റർനെറ്റ് ഓഫ് തിങ്സ്, ഗെയിമിങ് തുടങ്ങി മെറ്റാവേഴ്സ് സേവനങ്ങൾ വരെ എത്തിനിൽക്കുന്നു. ഇന്റർനെറ്റ് ഓഫ് തിങ്സ് എന്നാൽ വിവിധ സാങ്കേതികോപകരണങ്ങൾ തമ്മിലുള്ള ബന്ധിപ്പിക്കലാണ്.

ഫോണും ലാപ്ടോപ്പുമൊക്കെ പതിന്മടങ്ങ്, അല്ലെങ്കിൽ അതിലും വളരെ വേഗത്തിൽ ഉപയോഗിക്കാം 5 ജിയിൽ. എന്നാൽ, 5 ജി യഥാർത്ഥമായും ലക്ഷ്യംവയ്ക്കുന്നത് ഇതിലും വലിയ കാര്യങ്ങളാണെന്നു പറഞ്ഞല്ലോ. 4 ജി വരെയുള്ള സാങ്കേതികത മനുഷ്യനെ സഹായിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. എന്നാൽ, 5 ജിയെ ഒരു യഥാർത്ഥ റോബോട്ടിക് യുഗത്തിന്റെ ഏറ്റവും ചെറിയ പടി എന്നു വിശേഷിപ്പിക്കാം. ദുരന്തനിവാരണം ഉദാഹരണമായെടുക്കാം. പ്രളയവും ഉരുൾപൊട്ടലും ഭൂകമ്പവുമൊക്കെ നമ്മെ ഭീതിപ്പെടുത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ ഘട്ടങ്ങളിൽ മനുഷ്യസാധ്യമല്ലാത്ത കാര്യങ്ങൾ ചെയ്യാൻ റോബോട്ടിനു സാധിക്കും. നിലവിൽ നമ്മൾ ബാങ്കിലും റസ്റ്റോറന്റിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും കാണുന്ന റോബോട്ടുകളെക്കാളും ഗ്രഹണശേഷി കൂടിയ തരത്തിലുള്ളതാണവ. ലോകനിലവാരത്തിൽ ഇവ വികസിപ്പിച്ചെടുക്കപ്പെടുന്നുണ്ട്, കേരളത്തിലും. 5 ജി അനുബന്ധസാങ്കേതികവളർച്ചയോടെ റോബോട്ടിക് മേഖലയിൽ സ്വീകാര്യതയും ആവശ്യകതയും കൂടിവരും. അതോടൊപ്പം ചെലവു കുറഞ്ഞ തരത്തിൽ ഇവ ലഭ്യമാക്കാനും സാധിക്കും. അനേകം അവസരങ്ങൾക്കും മേഖലകൾക്കും 5 ജി നാന്ദിയാകുമെന്നു ചുരുക്കം. എന്നാൽ, ഒട്ടനേകം തൊഴിൽമേഖലകൾ നഷ്ടപ്പെടുമെന്നും മനുഷ്യനെ നിയന്ത്രിക്കുന്ന തരത്തിൽ റോബോട്ടുകൾ വളരുന്നത് ഭീഷണിയാകുമെന്നും മുന്നറിയിപ്പു തരുന്നവരുമുണ്ട്. ലോജിസ്റ്റിക്സ് അഥവാ ചരക്കു വിനിമയമേഖലയിൽ പ്രവർത്തിക്കാനായി ഹ്യൂമനോയിഡുകളെ ഇറക്കുമെന്ന് എലോൺ മസ്ക് പ്രഖ്യാപിച്ചതുതന്നെ ഉദാഹരണം. മനുഷ്യനുമായി സാമ്യമുള്ള തരത്തിൽ നിർമിക്കപ്പെടുന്ന റോബോട്ടുകളാണ് ഹ്യൂമനോയിഡുകൾ.




ദുരന്തഭൂമിയിൽ മാത്രമല്ല, പ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ 5 ജിയുടെ വിനിമയശേഷി പ്രയോജനപ്പെടുത്താൻ ഗവൺമെന്റുതലങ്ങളിൽ ശ്രമങ്ങളാരംഭിച്ചുകഴിഞ്ഞു. ദൂരത്തരംഗത്തും പ്രതിരോധരംഗത്തും പ്രയോജനപ്പെടുത്താൻ സാധ്യമായ വിദ്യകളെക്കുറിച്ച് ഒരു സൂചനകൂടിയായി 5 ജി പ്രഖ്യാപിച്ച രീതിയെ മനസ്സിലാക്കാം. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലെ മൊബൈൽ കോൺഗ്രസ് പ്രദർശനശാലയിലെ ക്വാൽകോമിന്റെ പവലിയനിലിരുന്ന് സ്വീഡനിലെ ഒരു കാർ ഓടിക്കുന്നതു നാം കണ്ടതാണ്. ഡ്രൈവറില്ലാവാഹനങ്ങളുടെ ഭാവി ഇന്ത്യയിലും അതിവിദൂരമല്ല. ഉദ്ഘാടനവേദിയിൽ കേന്ദ്ര ഐ.ടി. മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞ 'സമൂലമാറ്റം' ഒരു വെറുംവാക്കായി കാണാൻ കഴിയില്ലെന്നു ചുരുക്കം.

### 5 ജിയുടെ പ്രായോഗികത

ഗവൺമെന്റും കോർപറേറ്റുകളും ഒരുമിച്ച് വിവിധ പദ്ധതികളും വലിയ പ്രതീക്ഷകളും മുന്നോട്ടുവയ്ക്കുമ്പോൾ ഒരു വിഭാഗം വിദഗ്ധരും സാധാരണക്കാരും ഉയർത്തുന്ന ചോദ്യങ്ങൾ ഇതുവരെ പറഞ്ഞ കാര്യങ്ങളുടെ പ്രായോഗികത സംബന്ധിച്ചാണ്.

4 ജി കഴിഞ്ഞു 5 ജി വരാൻ എടുത്തത്രയും കാലതാമസമില്ലാതെതന്നെ 6 ജിയും അവതരിപ്പിക്കപ്പെട്ടേക്കും എന്ന സാധ്യതയാണ് അടുത്ത ഘടകം. ജിയോ യുൾപ്പെടെയുള്ള കമ്പനികൾ 5 ജിയിൽ ഊർജിതമായി പങ്കെടുക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും സമാനപരിഗണനതന്നെ 6 ജിക്കും നൽകുന്നുണ്ട്. ഇങ്ങനെ 6 ജിയുടെ സാധ്യത നിലനിൽക്കുമ്പോൾ 5 ജിയിൽ അനാവശ്യമായി അധികം മുടക്കുമോ എന്ന സംശയം ന്യായമാണ്. ഇന്ത്യ മുഴുവൻ 2024 ആകുമ്പോഴേക്ക് 5 ജി ലഭ്യമാകുമെന്നാണ് കമ്പനികൾ പറയുന്നത്. അപ്പോഴേക്ക് 6 ജിയും ബഹുദൂരം സഞ്ചരിച്ചിരിക്കും.

കമ്പനികൾ തമ്മിലുള്ള പ്രശ്നങ്ങൾ നിരക്കുകളെ സ്വാധീനിക്കാം. ഇന്ത്യയിൽ മൊബൈൽ സേവനം ലഭ്യമായിത്തുടങ്ങിയ കാലത്ത് ടാറ്റയും എയർസെല്ലുമടക്കം വിവിധ കമ്പനികളുണ്ടായിരുന്നു. എന്നാൽ, നിരക്കു കുറച്ചുള്ള മത്സരത്തിലും രാഷ്ട്രീയസ്വാധീനമുള്ള കമ്പനികളോടും നയങ്ങളോടും കിടപിടിക്കാനാകാതെയും മിക്ക കമ്പനികളും തകർന്നു. ചില കമ്പനികൾ വോഡഫോൺ-ഐഡിയ പോലെ ലയിച്ചു പ്രവർത്തിക്കുന്നു. പക്ഷേ, ഇപ്പോഴും പല കമ്പനികളുടെയും അവസ്ഥ പരിതാപകരമാണ്. ഗവൺമെന്റുമായി അടുത്ത ബന്ധമുള്ള ജിയോപോലെയുള്ള കമ്പനികൾ കുത്തക സ്ഥാപിക്കുന്നത് കുറഞ്ഞ നിരക്കുകൾ പ്രതീക്ഷിക്കുന്നവർക്കു തിരിച്ചടിയാകും. അമേരിക്കയിൽ ഇതു യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുകയാണ്. അവിടെ കുത്തകക്കമ്പനികളുടെ സ്വാധീനമുള്ള നഗരങ്ങളിൽ 120 ഡോളർ വരെയാണ് ഇപ്പോഴത്തെ നിരക്ക്. അത്രയൊന്നും കൂടിയില്ലെങ്കിൽപ്പോലും ഇപ്പോൾ ലഭിക്കുന്ന നിരക്കിൽനിന്ന് ഏറെ ഉയരാൻ ഇന്ത്യയിലും സാഹചര്യം നിലനിൽക്കുന്നുണ്ട്.

ഫ്രീക്വൻസി കൂടുമ്പോൾ റേഞ്ചു കുറയും എന്ന സാധാരണസാങ്കേതികനിയമം അനുസരിച്ചു വിദഗ്ധർ പറയുന്നത് കെട്ടിടങ്ങളുടെ മറയും എന്തിന്, മഴപോലും 5 ജി തരംഗങ്ങൾക്കു തടസ്സമായേക്കാമെന്നാണ്. അതിനാൽ 4 ജിയെക്കാൾ പ്രതിസന്ധികൾ പ്രതീക്ഷിക്കണമെന്നാണ്. ആരോഗ്യരംഗത്തും പ്രതിരോധരംഗത്തും മറ്റും വലിയ മാറ്റങ്ങളുണ്ടാക്കും എന്നു പ്രതീക്ഷിക്കുന്ന ഒരു വിദ്യ ഈ തടസ്സങ്ങളെ ഒക്കെയും അതിജീവിക്കാൻ പ്രാപ്തമാകുമെന്നു പ്രതീക്ഷിക്കാം. ഇന്ത്യയിലെ ഹോസ്പിറ്റലിലെ ഒരു രോഗിക്ക് യുകെയിലെയോ യുഎസിലെയോ ഡോക്ടർ നിർദേശങ്ങൾ നല്കി ഓപ്പറേഷൻ നടത്തുമ്പോൾ സാങ്കേതികവിദ്യയ്ക്കു ജീവനോളം വിലവരുമല്ലോ.

ഏറ്റവും നല്ലതെന്നും അങ്ങേയറ്റം വിപത്തെന്നും പല തരത്തിൽ വിലയിരുത്തപ്പെടുന്ന സാങ്കേതികവിദ്യയുടെ ഈ നിർണായകഘട്ടം എത്തിച്ചേർന്നിരിക്കുന്നു. ഒഴിവാക്കാനാവാത്തവിധം നമ്മളെല്ലാം ഈ പ്രക്രിയയുടെ ഭാഗമായിരിക്കുന്നു. വിപത്തുകളെ മറികടന്നു മനുഷ്യബുദ്ധിയും കൃത്രിമബുദ്ധിയും ചേർന്നു സൗകര്യപ്രദമായ ലോകം സൃഷ്ടിക്കപ്പെടാൻ കാത്തിരിക്കാം. ▮

# ഗുരുമഹാസാഗരത്തിലെ പവിഴമുത്ത്

## മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പ്രഥമ വൈസ്ചാൻസിലറും പ്രമുഖ ഗാന്ധിയനുമായിരുന്ന, അന്തരിച്ച ഡോ. എ.ടി. ദേവസ്യായെ ഡോ. സിറിയക് തോമസ് അനുസ്മരിക്കുന്നു.

**ഡോ.** എ.ടി. ദേവസ്യാസാർ കൂടുതലും അറിയപ്പെട്ടത് മഹാത്മാഗാന്ധി സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ എന്ന നിലയിലാണ്. പക്ഷേ, 1950-60 കാലത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നത് കോൺഗ്രസിലെ ഒരു യുവ നേതാവെന്ന നിലയിലായിരുന്നു. വിമോചനസമരത്തിലും ഒരു മുന്നണിപ്പടയാളിയായിരുന്നു ദേവസ്യാസാർ. ആ വകയിൽ അറസ്റ്റും പതിനഞ്ചു ദിവസത്തെ ജയിൽ വാസവുമുണ്ടായി. അക്കാലത്ത് പാലാ കോളജിലെ അറിയപ്പെട്ട അധ്യാപകരിലൊരാളായിരുന്നു എ.ടി. ദേവസ്യാസാർ. ഉപരിപഠനത്തിന് അമേരിക്കയിൽപോയ സാർ ഇരുപതു വർഷം അമേരിക്കയിൽ വിവിധ സർവ്വകലാശാലകളിൽ അധ്യാപകനുമായശേഷമായിരുന്നു 1983 ൽ സ്ഥാപിതമായ ഗാന്ധിജി സർവകലാശാലയുടെ പ്രഥമ വി.സി.യായി 1984 ജനുവരിയിൽ കോട്ടയത്തെത്തുന്നത്. അന്നു മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനും മന്ത്രിമാരായിരുന്ന പി. ജെ. ജോസഫും ടി.എം. ജേക്കബും പ്രത്യേക താത്പര്യമെടുത്താണ് സാറിനെ പുതിയ യൂണിവേഴ്സിറ്റിയുടെ ആദ്യവൈസ്ചാൻസലറായി നാട്ടിലേക്കു മടക്കിക്കൊണ്ടുവന്നത്.

സർവകലാശാലയ്ക്കു ഗാന്ധിജിയുടെ പേരല്ലാതെ സ്വന്തമായി അന്ന് ഒന്നുമുണ്ടായിരുന്നില്ല. സ്ഥലമില്ല, കെട്ടിടമില്ല. ദൈനംദിനച്ചെലവുകൾക്കുപോലുമുള്ള ഫണ്ടുമില്ല. കോട്ടയം നഗരമധ്യത്തിലെ ബേക്കർസ്കൂളിന്റെ ഒരു പഴയ രണ്ടുനിലക്കെട്ടിടമായിരുന്നല്ലോ പുതിയ യൂണിവേഴ്സിറ്റിയുടെ ആദ്യ ആസ്ഥാനമന്ദിരം. പിന്നീട്, കളക്ട്രേറ്റിന് എതിർവശത്തു പടിഞ്ഞാറേക്കര ബിൽഡിംഗ്സിലേക്ക് ഓഫീസു മാറ്റി. പടിഞ്ഞാറേക്കരസഹോദരന്മാരായിരുന്ന പി.സി. ചെറിയാന്റെയും പി.സി. ഏബ്രഹാമിന്റെയും സന്മനസ്സിലാണ് ആ മന്ദിരത്തിലേക്ക് ഓഫീസ്മാറ്റം സാധ്യമായത്. അമേരിക്കയിൽ പോകും മുമ്പ് പി.സി. ചെറിയാനും എ.ടി. ദേവസ്യാസാറും കോൺഗ്രസിലെ അറിയപ്പെട്ട നേതാക്കന്മാരായിരുന്നതും കാര്യങ്ങൾ എളുപ്പമാക്കിയിരിക്കണം. പി.സി. ഏബ്രഹാം അക്കാലത്ത് ഓർത്തഡോക്സ് സഭയുടെ അല്മായ ട്രസ്റ്റിയും നേതാവുമായിരുന്നു. അതിരമ്പുഴയിൽ സ്വന്തമായി നൂറേക്കറിലധികം സ്ഥലം വാങ്ങി ആദ്യമന്ദിരം പണിതശേഷമാണ് കോട്ടയത്തുനിന്ന് ആസ്ഥാനം അതിരമ്പുഴയ്ക്കു മാറ്റിയത്. ഗാന്ധിയൻശൈലിയിലുള്ള ഒറ്റനിലക്കെട്ടിടങ്ങളുടെ ഒരു സമുച്ചയമായിരുന്നു അത്. രണ്ടാമത്തെ വി.സി.യായിരുന്ന ഡോ. യു.ആർ. അനന്തമൂർത്തിയാണ് അതിരമ്പുഴ കാമ്പസ്സിനു പ്രിയദർശിനി ഹിൽസ് എന്നു കാവ്യാത്മകമായി നാമകരണം ചെയ്തത്.

സർവകലാശാലയ്ക്കു സ്വന്തമായി സ്ഥലം വാങ്ങുന്നതിനും ആദ്യത്തെ ഓഫീസുമന്ദിരംപണി പൂർത്തിയാക്കുന്നതിനും ഡോ. എ. ടി. ദേവസ്യാസാർ അശ്രാന്ത പരിശ്രമമായിരുന്നു നടത്തിയത്. സർക്കാർ വളരെ ചെറിയ തുക മാത്രമാണ് സർവകലാശാലയ്ക്കു വാർഷിക ഗ്രാന്റായി വകയിരുത്തിയത്. ഓരോ മാസവും യൂണിവേഴ്സിറ്റിയിൽ ശമ്പളം മുടങ്ങാതിരിക്കാൻ സർക്കാരിന്റെ മുമ്പിൽ അദ്ദേഹത്തിനു സാമ - ദാന - ഭേദ- ദണ്ഡങ്ങൾ ചെയ്യേണ്ടിവന്നുവെന്നതാണ് യാഥാർത്ഥ്യം. പഴയകാലത്തു തന്റെ പാർട്ടിയിൽ രാഷ്ട്രീയസഹപ്രവർത്തകരായിരുന്ന ചില മന്ത്രിമാർപോലും അദ്ദേഹത്തെ അന്നു വാക്കുകൾകൊണ്ടു പരിഹസിച്ചു മുറിപ്പെടുത്തിയ കഥകൾ ദേവസ്യാസാർ അദ്ദേഹത്തിന്റെ ആത്മകഥാപരമായ 'കനൽവഴിയേ ഒരു കന്നിയാത്ര' എന്ന പുസ്തകത്തിൽ വ്യംഗ്യമായി പറഞ്ഞുവയ്ക്കുന്നുണ്ട്. ഒരിക്കൽ, അന്നത്തെ മുഖ്യമന്ത്രിയോടുതന്നെ താൻ വി.സി. പദവിയൊഴിഞ്ഞ് അമേരിക്കയിലേക്കു മടങ്ങുകയാണെന്നു പറയേണ്ടിവന്ന സന്ദർഭവും അവസാനകാലങ്ങളിൽപ്പോലും ദേവസ്യാസാർ ഓർത്തെടുത്തിരുന്നു. 5000 രൂപ ആയിരുന്നു അന്നു വി.സി.യുടെ ശമ്പളം. പല മാസങ്ങളിലും അതുപോലും എഴുതിയെടുക്കാതെയാണ് സർവകലാശാലജീവനക്കാരുടെ മാസശമ്പളം അദ്ദേഹം ഉറപ്പാക്കിയിരുന്നത്. വി.സി.യുടെ കാറിന്റെ പെട്രോൾ ബില്ലുകൾപോലും പലപ്പോഴും കുടിശ്ശികയായി. വാടക ലാഭിക്കുന്നതിനുവേണ്ടി ഔദ്യോഗികവസതിക്കുപകരം സഹോദരി മേരിയുടെ കോട്ടയം കാരാപ്പുഴയിലുള്ള വസതിയിലായിരുന്നു ആദ്യത്തെ ആറു മാസം വി.സി. താമസിച്ചത്. തുടർന്നു മാസങ്ങളോളം പാലാ അന്ത്യാളത്തെ തറവാട്ടുവീട്ടിൽ താമസിച്ചുകൊണ്ട് കോട്ടയത്തിനു പോയിവരികയായിരുന്നു. പിന്നീടു കോട്ടയത്തുതന്നെ ഒരു ചെറിയ ഒറ്റനില വാടകവീട്ടിലേക്കു താമസംമാറ്റി. സാധാരണ വിഷയങ്ങൾക്കു പുറമേ യൂണിവേഴ്സിറ്റിയിൽ ആദ്യമായി കൊണ്ടുവന്ന പഠനകോഴ്സ് ഗാന്ധിയൻ സ്റ്റഡീസായിരുന്നുവെന്നതും സാറിന്റെ ആഴമായ ഗാന്ധിഭക്തിയുടെയും ഗാന്ധിദർശനങ്ങളോടുള്ള ആഭിമുഖ്യത്തിന്റെയും നിദർശനമായിരുന്നുവെന്നും തീർച്ച.

ആദ്യമൊക്കെ അമേരിക്കൻരീതിയിൽ രാവിലെ എട്ടു മണിക്കുതന്നെ സാർ ഓഫീസിൽ വരുമ്പോൾ പ്യൂൺ പോലും എത്തുമായിരുന്നില്ല. പിന്നീടാണ് വി.സി.യുടെ സമയം ഒൻപതര എന്നു സാർതന്നെ മാറ്റിയത്. വൈകുംവരെ ഓഫീസിലിരുന്നു ഫയലുകൾ തീർത്തിട്ടേ അദ്ദേഹം അന്നൊക്കെ വീട്ടിൽ പോയിരുന്നുള്ളു. ശുദ്ധ ശുഭ്രമായ ഖദർ ഷർട്ടും പച്ചയോ കറുപ്പോ കട്ടിക്കരയുടെ ഒറ്റമുണ്ടുകളുമായിരുന്നു ദേവസ്യാസാറിന്റെ ഡ്രസ് കോഡ്. കാലിൽ കട്ടിയുള്ള കറുപ്പോ ബ്രൗണോ നിറമുള്ള തോൽച്ചെരുപ്പുകളും. ഗാന്ധിയൻലാളിത്യമായിരുന്നു എല്ലാക്കാലത്തും ദേവസ്യാസാറിന്റെ ജീവിതശൈലിയും ജീവിതമാതൃകയും.

പരീക്ഷാഭവനിൽ കമ്പ്യൂട്ടർവത്കരണം പരീക്ഷിച്ച



വകയിലും സാർ അന്ന് ഒട്ടേറെ വിമർശനങ്ങൾ കേട്ടിരുന്നു. അമേരിക്കൻസാമ്രാജ്യത്തിന്റെ ചാരനെന്നുപോലും ചിലർ സാറിനെതിരേ മുദ്രാവാക്യവും മുഴക്കി. അക്കാലത്ത് അതിരമ്പുഴയിൽ നൂറേക്കറിലധികം സ്ഥലം സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിച്ച വകയിൽ ചിലർ സാറിനെതിരെ വിഷയം സാമുദായികമാക്കാനും ശ്രമം നടത്താതിരുന്നില്ല. പക്ഷേ, ദേവസ്യസാർ സമ്മർദങ്ങൾക്കോ ഭീഷണികൾക്കോ അശേഷം വഴങ്ങിയില്ല. ചിലർ വി.സി.യുടെ ഔദ്യോഗികവസതിക്കുനേരേ ഒരിക്കൽ രാത്രിയിൽ കല്ലെറിഞ്ഞുപോലും പ്രതിഷേധങ്ങളുയർത്തി. അപ്പോഴും സാർ അക്ഷോഭ്യനായിത്തന്നെ തന്റെ നിലപാടുകളിൽ ഉറച്ചുനിന്നു. സത്യാന്വേഷണപരീക്ഷണങ്ങളുടെ തുടർക്കഥകളായിരുന്നു സാറിന്റെ ജീവിതത്തെ എന്നും ദീപ്തമാക്കിയത്.

കാർയാത്രകൾ ദേവസ്യാസാറിനു വളരെ ഇഷ്ടമായിരുന്നു. സാർ പദവിയൊഴിഞ്ഞ് അമേരിക്കയിൽപ്പോയി തിരികെവന്നു പാലായിൽ താമസമാക്കിയകാലത്താണ് സാറുമൊത്ത് ഒട്ടേറെ യാത്രകൾക്ക് എനിക്കും സാഹചര്യവും സന്ദർഭങ്ങളുമുണ്ടായത്. പലപ്പോഴും ചടങ്ങുകൾക്കും മീറ്റിംഗുകൾക്കുമായിരുന്നു യാത്രകൾ. നവഭാരതവേദിയുമായി ബന്ധപ്പെട്ട പല സമ്മേളനങ്ങൾക്കും പ്രഫസർ സുകുമാർ അഴീക്കോടുസാറും വന്നിരുന്നു. അവർ രണ്ടുപേരും പങ്കുവച്ചിരുന്ന സർവകലാശാലാക്കഥകൾ വളരെ രസകരങ്ങളായിരുന്നുവെന്നതും ഞാൻ ഓർമിക്കുന്നു. ജോൺ കച്ചിറമറ്റം സാറുമൊത്തുള്ള യാത്രകളും ദേവസ്യാസാർ ഇഷ്ടപ്പെട്ടിരുന്നു.

തൃശ്ശിനാപ്പള്ളിയിൽനിന്നും മദ്രാസിൽനിന്നുമായി ചരിത്രത്തിലും സാമ്പത്തികശാസ്ത്രത്തിലുമായി ബിരുദ ബിരുദാനന്തരബിരുദങ്ങൾ നേടിയശേഷം കുറച്ചുകാലം ദേവസ്യാസാർ തേവര കോളജിൽ അധ്യാപകനായിരുന്നു. പിന്നീടാണ് പാലാ സെന്റ് തോമസ് കോളജിലേക്കു ചരിത്രാധ്യാപകനായി എത്തുന്നത്. ഓണേഴ്സിനു പഠിക്കുമ്പോൾ ആർച്ചുബിഷപ് മാർ പവ്വത്തിലും ബിഷപ് മാർ പള്ളിക്കാപറമ്പിലും ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും പില്ക്കാലത്തു കേരള ഡി.ജി.



ഡോ. സിറിയക് തോമസ്

പിയായ എം.കെ.ജോസഫും എം.ജി.യിൽത്തന്നെ പിന്നീട് തന്നോടൊപ്പം പ്രോ-വൈസ് ചാൻസലറായ ടി.കെ. കോശിയുമൊക്കെ സാറിനു മദ്രാസിൽ സതീർത്ഥ്യരുമായി.

സമർത്ഥനായ വിദ്യാർത്ഥി മാത്രമല്ല ഒന്നാംതരം അധ്യാപകനുമായിരുന്നു എം.ജി.യുടെ പ്രഥമ വൈസ് ചാൻസലർ. 1959 - 62 കാലത്തു പാലാ കോളജിൽ പ്രീ-യൂണിവേഴ്സിറ്റി ക്ലാസ്സിലും ഡിഗ്രി ക്ലാസ്സിലും ഇന്ത്യാചരിത്രമായിരുന്നു സാർ ഞങ്ങളെ പഠിപ്പിച്ചത്. മുഗൾ ഭരണകാലവും ബ്രിട്ടീഷ് കാലവുമായിരുന്നു സാർ ആസ്വദിച്ചു പഠിപ്പിച്ചിരുന്നതെന്നു പറയാം. അന്നു സാർ കോൺഗ്രസിലും വളരെ സജീവമായിരുന്നു. അവിഭക്ത കോൺഗ്രസിൽ കെ.പി.സി.സി. അംഗവും പ്രമുഖ നേതാവും. ഉജ്ജ്വലപ്രഭാഷകനും നല്ല സംഘാടകനുമായിരുന്നു ഡോ. എ.ടി. ദേവസ്യാസാർ. അപ്പോഴാണ് ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പിനു തിരഞ്ഞെടുക്കപ്പെട്ട് 1963 ൽ രാഷ്ട്രീയംവിട്ടു അമേരിക്കയിലേക്കു പോയത്. 20 വർഷത്തിനുശേഷമാണ് കോട്ടയത്താരംഭിച്ച ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ ആദ്യ വൈസ് ചാൻസലറായി ദേവസ്യാസാറിനു നിയോഗമെത്തിയത്. മൂന്നു വർഷത്തിനുശേഷം ദേവസ്യാസാർ അമേരിക്കയിലെ തന്റെ മാതൃസർവകലാശാലയിലേക്കുതന്നെ മടങ്ങി. അവർ അദ്ദേഹത്തെ വീണ്ടും അങ്ങോട്ടുതന്നെ തിരിയെ വിളിക്കുകയായിരുന്നു. 1998 ൽ ഞാൻ കേരള സർവകലാശാലയിൽ പി.വി.സി. ആയപ്പോഴും 2000 ൽ എം.ജി.യിൽ വി.സി. ആയപ്പോഴും ശിഷ്യന് അനുഗ്രഹാശംസകൾ അറിയിച്ചു ഹൃദ്യമായ കത്തുകൾ അമേരിക്കയിൽനിന്ന് അയച്ചതും പിന്നീട് അവധിക്കു നാട്ടിൽ വന്നപ്പോൾ വളരെ മനോഹരമായ ഒരു ഗോൾഡൻ ക്രോസ് പേന സമ്മാനമായി നൽകിയതും എന്റെ ഓർമയിലുണ്ട്. എന്റെ പിതാവ് ആർ.വി. തോമസിന്റെ നാല്പതാം ചരമവാർഷികത്തോടനുബന്ധിച്ച് ആർ.വി. തോമസ് ഫൗണ്ടേഷനും ആർ.വി. സ്മാരകസമിതിയും രൂപവത്കരിച്ചപ്പോൾ രണ്ടു സമിതികളുടെയും സ്ഥാപക ചെയർമാനായതും ഡോ. എ.ടി. ദേവസ്യാസാറായിരുന്നു. അവാർഡ് നിർണയസമിതിയുടെ സ്ഥിരാധ്യക്ഷനായത് ഡോ. സുകുമാർ അഴീക്കോടും. ദേവസ്യാസാർ വിദ്യാർത്ഥിയായിരിക്കെത്തന്നെ സ്റ്റേറ്റ് കോൺഗ്രസിൽ എന്റെ പിതാവിന്റെ രാഷ്ട്രീയശിഷ്യനുമായിരുന്നല്ലോ.

സാറും ഭാര്യയും മെയിഡ്ഫോർ ഈച്ച്അദർ വിഭാഗത്തിൽപ്പെടുന്ന ദമ്പതികളായിരുന്നു. രണ്ടു പേരും ഒന്നാംതരം ആതിഥേയരും. മക്കൾ മൂന്നുപേരും അമേരിക്കയിലാണ്. സാറും ആന്റിയും നാട്ടിൽത്തന്നെ താമസമുറപ്പിച്ചു. പക്ഷേ, ആന്റിയുടെ വിയോഗം സാറിനു വലിയ ആഘാതമായി. മക്കൾ അവർക്കൊപ്പം ചെല്ലാൻ നിർബന്ധിച്ചപ്പോഴും സാർ ഇനി തനിക്കുള്ള കാലം പാലായിൽത്തന്നെ എന്നു നിശ്ചയിക്കുകയായിരുന്നു. അടുത്തകാലംവരെയും സമൂഹത്തിൽ സാർ വളരെ സജീവമായിത്തന്നെ ഇടപെട്ടിരുന്നു.

സഭാകാര്യങ്ങളിലും സാർ സജീവമായിരുന്നു. 2012 ൽ സഭയുടെ ബിഷപ്സ് സിനഡ് അദ്ദേഹത്തെ സഭാതാരം - Star of the Church - എന്ന ബഹുമതി നൽകി ആദരിച്ചു. ദേവസ്യാ സാർ രണ്ടു ടേം പാലാ രൂപത പാസ്റ്ററൽ കൗൺസിലിന്റെ ചെയർമാനുമായിരുന്നു. ആ നിലയിലും അദ്ദേഹം എല്ലാവർക്കും ആദരണീയനായി. ദീപനാളം വാരികയുടെ ഉപദേശകസമിതിയംഗമായിരുന്നു ദീർഘകാലം ദേവസ്യാസാർ. ഇംഗ്ലീഷിലും മലയാളത്തിലുമായി ഈടുറ്റ അനവധി ലേഖനങ്ങൾ ദീപനാളത്തിൽ പരമ്പരയായും അല്ലാതെയും അദ്ദേഹം എഴുതിയിരുന്നതും ഞാനോർക്കുന്നു. തൊണ്ണൂറ്റിനാലാമത്തെ വയസ്സിലാണ് എന്നും ദേശീയവാദിയും കറതീർന്ന ഗാന്ധിയനുമായിയിരുന്ന ഡോ. എ.ടി. ദേവസ്യാസാർ കാലത്തെ കടന്നുപോയത്. ഏതർത്ഥത്തിലും ഒരു യഥാർത്ഥ കർമയോഗിയായിരുന്നു സാർ. സ്കൂൾ വിദ്യാർത്ഥിയായിരിക്കെത്തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തയാളുമായിരുന്നു ദേവസ്യാസാർ. എനിക്ക് അദ്ദേഹം എന്നും പ്രിയ ഗുരുവായിരുന്നു, ശിഷ്യന്മാരിൽ ഞാൻ സാറിന് എന്നും ഒരു മാനസപുത്രനും. ഗുരുത്വത്തിന്റെ ആൾരൂപം. ഗുരുമഹാസാഗരത്തിലെ ഏറ്റവും വിലപ്പെട്ട ഒരു പവിഴമുത്തായിരുന്നു എം.ജി. യുടെ പ്രഥമവൈസ്ചാൻസലർ. വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും ഉദ്യോഗപർവത്തിലും ഒരുപോലെ സംശുദ്ധി പാലിച്ച ശുദ്ധ ഗാന്ധിയൻ. പ്രിയപ്പെട്ട ഗുരുവിന് എന്റെ സ്നേഹപ്രണാമം!

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ദൈവഭക്തി എല്ലാറ്റിനെയും അതിശയിക്കുന്നു; അതിനെ മുറുകെപ്പിടിക്കുന്നവൻ അതുല്യൻ.

പ്രഭാഷകൻ 25:11

**എഡിറ്റോറിയൽ**

# അഞ്ചാം തലമുറയ്ക്ക് അതിവേഗമുണ്ടാകുമോ?

ഇന്ത്യൻ മൊബൈൽ കോൺഗ്രസിന്റെ ഉദ്ഘാടനവേദിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഞ്ചാംതലമുറ ടെലികോം സ്പെക്ട്രം സേവനങ്ങൾ രാജ്യത്തിനു സമർപ്പിച്ച് ഔദ്യോഗികമായി തുടക്കംകുറിച്ചതോടെ ഇന്ത്യയുടെ ഡിജിറ്റൽ സംരംഭങ്ങൾക്കു പുതിയ തിളക്കവും ഊർജവുമുണ്ടാകും. രാജ്യത്ത് 5 ജി തുടങ്ങുന്നതോടെ ജനങ്ങളുടെ ജീവിതനിലവാരവും വികസനകാഴ്ചപ്പാടുകളും അടിമുടി മാറുകയാണ്. ഇന്റർനെറ്റ് സേവനങ്ങളുടെ സമയ-ദൂരപരിധികൾ ചുരുങ്ങുന്നതോടെ, ജനങ്ങൾ തമ്മിലുള്ള അകലവും കുറയുകയാണ്. ബഹുദൂരസമ്പർക്കസാധ്യതകൾക്ക് അതിവേഗം കൈവരികയാണ്.

2008 ൽ 3 ജി വന്നതോടെയാണ് രാജ്യത്ത് ഓൺലൈൻ മേഖലയിൽ തരംഗമുണ്ടായത്. അതു പിന്നീട് 4 ജിയിലേക്കു മാറിയതോടെ ഡിജിറ്റൽ സേവനമേഖലയ്ക്കു വ്യാപ്തി കൂടി. ഇന്നു വിദ്യാഭ്യാസം, ആരോഗ്യം, പ്രതിരോധം, വാർത്താവിനിമയം, ബാങ്കിങ് എന്നുവേണ്ട സമസ്തമേഖലയും ചലിക്കുന്നത് ഇന്റർനെറ്റിന്റെ സഹായത്തോടെയാണ്. നെറ്റിന്റെ അഭാവത്തിൽ രാജ്യത്തെ ഭരണയന്ത്രങ്ങളും സമ്പർക്കസംവിധാനങ്ങളും പെട്ടെന്നു നിശ്ചലമാകും. 4 ജിയുടെ പത്തുമടങ്ങ് ഇന്റർനെറ്റ് വേഗം 5 ജിയിൽ പ്രതീക്ഷിക്കാമെന്നാണ് കണക്കുകൂട്ടൽ. രണ്ട് ജി.ബിയുള്ള ഒരു സിനിമ ഡൗൺലോഡ് ചെയ്യാൻ ഇപ്പോൾ മിനിറ്റുകൾ എടുക്കുന്നുണ്ടെങ്കിൽ ഇനി സെക്കന്റുകൾ മതിയാകും. ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ദൂരത്തിനും സമയത്തിനും പ്രസക്തിയില്ലാതാവുകയാണ്. 5 ജി സൗകര്യമുള്ള ഫോൺ രാജ്യമൊട്ടാകെ ലഭ്യമാകാൻ രണ്ടോ അതിലധികമോ വർഷം കാത്തിരിക്കേണ്ടിവരുമെന്നുമാത്രം.

5 ജി യാഥാർത്ഥ്യമാകുന്നതോടെ, തടസ്സമില്ലാതെയുള്ള അതിവേഗ ഇന്റർനെറ്റ് സേവനങ്ങൾ രാജ്യത്തെ സമസ്തമേഖലയിലുമുണ്ടാകുമെന്നത് വികസനത്തിന്റെ പുത്തൻകാൽവയ്പാണ്. ഇന്ത്യയിലെ മൊബൈൽ കോൺഗ്രസിന്റെ പ്രദർശനശാലയിലിരുന്ന് പ്രധാനമന്ത്രി സ്വീഡനിലെ കാർ ഓടിക്കുന്നതുകണ്ട് നാം വിസ്മയംപൂണ്ടു. രാജ്യത്തെ ആദ്യ 5 ജി വെർച്വൽ റിയാലിറ്റി ക്ലാസ് റൂം എയർടെൽ സജ്ജമാക്കിക്കഴിഞ്ഞു. ഇതുവഴി പ്രധാനമന്ത്രി തന്റെ മണ്ഡലമായ വാരാണസിയിലെ സ്കൂൾവിദ്യാർത്ഥികളോട് 'ഹോളോഗ്രാം' സാങ്കേതികവിദ്യയുടെ സഹായത്തോടെ മുഖാമുഖം സംസാരിച്ചു. നിർമാണത്തൊഴിലാളികളുടെ സുരക്ഷയുറപ്പാക്കാൻ വോഡഫോൺ ഐഡിയ വികസിപ്പിച്ച 'ഡിസാസ്റ്റർ അലർട്ട്' സംവിധാനവും മോദി വീക്ഷിച്ചു. മൊബൈൽ കോൺഗ്രസ് വേദിയിൽ സജ്ജീകരിച്ചിരുന്ന നൂറോളം ആഭ്യന്തരസ്റ്റാർട്ടപ്പുകളുടെ ബൂത്തുകളും പ്രധാനമന്ത്രി സന്ദർശിച്ചു.

രാജ്യത്ത് 5 ജി നിരക്കുകളും പ്ലാനുകളും ടെലികോം കമ്പനികൾ ഇതുവരെയും പ്രഖ്യാപിച്ചിട്ടില്ല. 4 ജിയെക്കാൾ വലിയ വ്യത്യാസമുണ്ടാവില്ലെന്നാണ് സൂചനയെങ്കിലും ആശങ്കകൾ അകന്നിട്ടില്ല. നിലവിലെ 4 ജി സിംകാർഡുകൾ മാറ്റേണ്ടതില്ലെന്ന് എയർടെൽ അധികൃതർ അറിയിച്ചിരിക്കുന്നത് തെല്ലൊരാശ്വാസമാണ്.

ന്യൂഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, വാരാണസി, ബംഗളൂരു, ഹൈദരബാദ്, സിലിഗുഡി എന്നീ എട്ടുനഗരങ്ങളിൽ ഭാരതി എയർടെൽ 5 ജി സർവീസിനു തുടക്കമിട്ടുകഴിഞ്ഞു. നിലവിൽ 4 ജി നിരക്കിൽത്തന്നെ 5 ജിയും അവിടങ്ങളിൽ ലഭ്യമാക്കുമെന്നാണ് കമ്പനിവൃത്തങ്ങളിൽനിന്നുള്ള സൂചന. 2024 മാർച്ചോടെ രാജ്യം മുഴുവൻ 5 ജി സേവനം എത്തിക്കാനാവുമെന്നാണ് എയർടെൽ കമ്പനിയധികൃതർ അറിയിച്ചിരിക്കുന്നത്.

രാജ്യത്തെ 13 വൻനഗരങ്ങളിൽ ദീപാവലിയോടെ 5 ജി സേവനമെത്തിക്കുമെന്നാണ് റിലയൻസ് ജിയോയുടെ പ്രഖ്യാപനം. 2023 ഡിസംബറോടെ രാജ്യത്തെവിടെയും സേവനമെത്തിക്കാൻ കഴിയുമെന്നാണ് അവരുടെ കണക്കുകൂട്ടൽ. അതേസമയം, കേരളീയർക്ക് 5 ജി സേവനങ്ങൾ ലഭ്യമാകണമെങ്കിൽ മാസങ്ങളോളം കാത്തിരിക്കേണ്ടിവരും.

ഫ്ളാറ്റ്സംസ്കാരം നഗരഗ്രാമവ്യത്യാസമില്ലാതെ ഉയർന്നുപൊങ്ങുന്നതിന്റെ ഫലമായി റേഞ്ചു കുറയുമെന്ന വിദഗ്ധരുടെ അഭിപ്രായം തള്ളാനാവില്ല. കെട്ടിടങ്ങളുടെ മറയും മഴയും റേഞ്ചിനു തടസ്സമായേക്കാമെന്ന ആശങ്കയും അസ്ഥാനത്തല്ല. ഫ്രീക്വൻസി കൂടുമ്പോൾ റേഞ്ച് കുറയുക എന്നതും സ്വാഭാവികം. ഉയർന്ന ബാൻഡ് വിഡ്ത്ത് എല്ലായിടത്തും ഒന്നുപോലെയെത്തിക്കാൻ ഭൂമിശാസ്ത്രപരമായ ബുദ്ധിമുട്ടുകളുണ്ടാവാം. നിലവിലുള്ള പല ഡിജിറ്റൽ ഉപകരണങ്ങളും മാറ്റി 5 ജിക്കു യോജിച്ചവ വാങ്ങേണ്ടിവരുമെന്നതുൾപ്പെടെയുള്ള ആശങ്കകളൊന്നും അകലുന്നില്ല.

വികസനവിപ്ലവത്തിന്റെ തിളക്കമാർന്ന നേട്ടങ്ങൾ ഉച്ചൈസ്തരം ഉദ്ഘോഷിക്കുമ്പോഴും, ഇന്ത്യയുടെ ആത്മാവു കുടികൊള്ളുന്ന ഗ്രാമങ്ങളിൽ എന്തു മാറ്റമുണ്ടാകുമെന്ന ചോദ്യം കൗതുകമുണർത്തുന്നതാണ്. ധനികനും ദരിദ്രനും തമ്മിലുള്ള ഉച്ചനീചത്വം വർദ്ധമാനമാകുന്ന വർത്തമാനകാലത്ത്, വിഭജനത്തിന്റെ ദൂരപരിധി കുറയ്ക്കാൻ ഡിജിറ്റലിന്ത്യയുടെ വികസനസംരംഭങ്ങൾക്കാകുമോ എന്നത് വിദൂരസ്വപ്നമായി അവശേഷിക്കും. അഞ്ചാം തലമുറയ്ക്ക് അതിവേഗമുണ്ടാകുമോ എന്ന ചോദ്യത്തിന്റെ പിന്നാമ്പുറങ്ങളിൽ, ഇന്ത്യയുടെ ഗ്രാമങ്ങളിൽ പിടിമുറുക്കിയിരിക്കുന്ന ദാരിദ്ര്യപ്പിശാചിനെ ഉച്ചാടനം ചെയ്യാനുള്ള അതിതീവ്രപരിശ്രമങ്ങളുടെയും പദ്ധതികളുടെയും അവശേഷിപ്പുകളുമുണ്ടാവണം.

■

# പതിതർക്കു പാഥേയമായവൻ

(ഒന്നാം പേജ് തുടർച്ച)

എന്നാൽ, ഭാരതത്തിൽ, പ്രത്യേകിച്ച് കേരളത്തിലെ വികലമായ സാമൂഹികവ്യവസ്ഥയിൽ ക്രിസ്തുമതം സ്വീകരിച്ചവർ അറിയപ്പെട്ടത് ഹരിജൻക്രിസ്ത്യാനികളെന്നും പുതുക്രിസ്ത്യാനികളെന്നുമുള്ള വിളിപ്പേരുകളിലായിരുന്നു.

യേശുക്രിസ്തുവിന്റെ ഉത്ഥാനാനുഭവം ലഭിച്ച സാവൂൾ പൗലോസായി മാറിയപ്പോഴും അപ്പസ്തോലൻമാർ പൗലോസിനെ തങ്ങളുടെ കൂട്ടായ്മയിൽ സ്വീകരിക്കാൻ മടികാണിച്ചതുപോലെ (അപ്പ.9:26 -30), ജ്ഞാനസ്നാനം സ്വീകരിച്ച ദലിത്ക്രൈസ്തവർ നിരവധി പ്രയാസങ്ങളാണ് അനുഭവിക്കേണ്ടിവന്നത്. എന്നാൽ, തങ്ങൾ ജീവിച്ചുവന്ന സ്വന്തം സമുദായത്തിൽനിന്നുള്ള എതിർപ്പും, അടിമകളാക്കിവച്ചിരുന്ന സമൂഹത്തിൽനിന്നുള്ള പീഡനങ്ങളും, പരമ്പരാഗത ക്രൈസ്തവരിൽനിന്നുളവായിക്കൊണ്ടിരുന്ന അവഗണനയും ഒരുമിച്ച് അനുഭവിച്ചപ്പോഴും, സ്വന്തം ജീവനെക്കാൾ വലുതാണ് തങ്ങൾക്കു ലഭിച്ച വിശ്വാസമെന്ന രക്തസാക്ഷികളുടെ മനോഭാവത്തോടെ ദലിത് ക്രൈസ്തവർ സധൈര്യം ജീവിച്ചുവെന്നതും ഒരു ചരിത്രസത്യമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ശതകത്തിൽ ഇന്നത്തെ പുനലൂർ രൂപതയിലെ ഒരു ഇടവകയിൽ ജനങ്ങൾ വിശ്വാസം സ്വീകരിച്ചതിനുശേഷമുള്ള അനുഭവം 2022 ഒക്ടോബർ മാസം 2-ാം തീയതി എന്റെ സാന്നിധ്യത്തിൽ വിവരിച്ചത് ദലിത് ക്രൈസ്തവർ അനുഭവിച്ച പീഡനങ്ങളുടെ ചെറിയൊരു വിവരണമായി കാണാം: "ഞായറാഴ്ചയിലെ വിശുദ്ധ ബലിയിൽ പങ്കുകൊള്ളാൻ ഞങ്ങളുടെ ഭവനങ്ങളിൽനിന്ന് 16 കിലോമീറ്റർ കാൽനടയായി തലേദിവസംതന്നെ യാത്ര തിരിച്ചിരുന്നു. ഈ യാത്രയിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരേ അക്രമണങ്ങളും ശാരീരികോപദ്രവങ്ങളും ഏൽക്കേണ്ടിവന്നു. ഈ കാലഘട്ടങ്ങളിൽ സ്ത്രീകളെ പുരുഷവേഷം ധരിപ്പിച്ചുകൊണ്ടായിരുന്നു ദേവാലയത്തിലേക്കു വിശുദ്ധബലിയിൽ പങ്കുകൊള്ളാൻ പോയിരുന്നത്."

ഇതേ അനുഭവം മലബാറിലും മധ്യതിരുവതാംകൂറിലും തെക്കൻ തിരുവിതാംകൂറിലും ക്രിസ്തുമതം സ്വീകരിച്ച ദലിത് വിഭാഗക്കാർക്ക് അനുഭവിക്കേണ്ടിവന്നുവെന്നതു ചരിത്രസത്യമാണ്. എന്നാൽ, പീഡനങ്ങളനുഭവിച്ച് അടിമത്തത്തിലായിരുന്ന ഇസ്രായേൽജനതയ്ക്കു മോചനത്തിന്റെയും ദൈവകരുണയുടെയും ആൾരൂപമായി മോശ പ്രത്യക്ഷപ്പെട്ടതുപോലെ ദൈവം തന്റെ ദൂതൻമാരെ നമ്മുടെ നാട്ടിലും അയയ്ക്കുകയായിരുന്നു. തെക്കൻ തിരുവിതാംകൂറിൽ ദൈവദാസനായ അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനിയും മലബാറിൽ മിഷനറിവൈദികനായ പീറ്റർ കൈറോണിയച്ചനും ദലിതരുടെ ഉമനത്തിനായി പ്രവർത്തിക്കുകയായിരുന്നു. മധ്യതിരുവിതാംകൂറിലാകട്ടെ, ബ്രദർ റോക്കിയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും ധീരോദാത്തമായ ദൈവകരുണയുടെ വിപ്ലവമാണു സൃഷ്ടിച്ചത്.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പ്രവർത്തനരംഗം മുഖ്യമായും പാലാ രൂപതയിലായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പീഡിതസമൂഹത്തിനുവേണ്ടിയുള്ള സമ്പൂർണസമർപ്പണം സാർവത്രികസഭ അംഗീകരിച്ചതിന്റെ

> **സമ്പന്നരെ വെറുക്കാതെ പാവപ്പെട്ടവർക്കുവേണ്ടി ജീവിച്ച്, അവരോടൊപ്പം ഒരു നിശ്ശബ്ദവിപ്ലവം നടത്തുകയായിരുന്നു വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. യഥാർത്ഥത്തിൽ, വിശ്വാസം പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തുകൊണ്ട് അദ്ദേഹം സുവിശേഷമായി മാറി.**

അടയാളവുംകൂടിയാണ് അൾത്താരവണക്കത്തിനായി സഭ അദ്ദേഹത്തെ ഉയർത്തിയത്.

1891 ൽ ജനിച്ച് 1921 ൽ പൗരോഹിത്യം സ്വീകരിച്ച് 1973 ൽ ദൈവസന്നിധിയിലേക്കു വിളിക്കപ്പെട്ട കുഞ്ഞച്ചൻ യേശുക്രിസ്തുവുമായുള്ള ആഴമായ ബന്ധത്തിൽനിന്നു വളർത്തിയെടുത്ത ആത്മീയശക്തിയാൽ ഇരുപതാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന അയിത്താചാരങ്ങൾക്കു വിരാമമിട്ടുകൊണ്ട് ദൈവത്തിന്റെ കരുണയും കരുതലും ദലിത് ക്രൈസ്തവരോടു പ്രകടമാക്കുന്നതു നമുക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. മാനവരാശിക്കുവേണ്ടി സ്വന്തം ജീവൻ ബലിയായി നൽകിയ യേശുക്രിസ്തുവിന്റെ ജീവിതമാതൃകയാണ് കുഞ്ഞച്ചനിൽ നാം കാണുന്നത്. സമ്പന്നരെ വെറുക്കാതെ പാവപ്പെട്ടവർക്കുവേണ്ടി ജീവിച്ച്, അവരോടൊപ്പം ഒരു നിശ്ശബ്ദവിപ്ലവം നടത്തുകയായിരുന്നു കുഞ്ഞച്ചൻ. യഥാർത്ഥത്തിൽ, വിശ്വാസം പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തുകൊണ്ട് അദ്ദേഹം സുവിശേഷമായി മാറി. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ ജീവിതം ഏവർക്കും പ്രചോദനമാകുന്നതും തീർത്ഥാടകർ ദൈവസായുജ്യം അനുഭവിക്കുന്നതും. കുഞ്ഞച്ചന്റെ ഓർമയാചരിക്കുന്ന നമുക്കും അദ്ദേഹത്തിന്റെ പ്രാർത്ഥനാമുറകളും പ്രവർത്തനശൈലികളും കല്പാന്തകാലത്തോളം ആഘോഷിക്കാൻ സാധിക്കട്ടെ.

■

# സർവാദരണീയനായ കവിപ്രവാചകൻ

**കവിജീവിതങ്ങൾ**

**അജിത്കുമാർ ഗോതുരുത്ത്**



**മ**ലയാളിക്ക് ഏറെ പ്രിയങ്കരനും പ്രവാചകസമമായ ഭാഷ കൊണ്ടു സാഹിത്യത്തെയും ചിത്രകലയെയും സമന്വയിപ്പിച്ചു സാർവലൗകികമാനങ്ങൾ എല്ലാക്കാലത്തേക്കുമായി സമ്മാനിക്കുകയും ചെയ്ത കവിയാണ് ഖലീൽ ജിബ്രാൻ. ലെബനണിലെ ബിഷാറി എന്ന ഗ്രാമത്തിൽ 1883 ജനുവരി 6 ന് ഖലീൽ ജിബ്രാൻ ജനിച്ചു. പിതാവ് ഖലീൽ ജിബ്രാൻ. അമ്മ കമീല. അച്ഛനും മകനും ഒരേ പേരു തന്നെയായിരുന്നു. ആ ദമ്പതികളുടെ ആദ്യപുത്രനായിരുന്നു ജിബ്രാൻ എങ്കിലും അമ്മ കമീലയുടെ ആദ്യവിവാഹത്തിൽ ജനിച്ച ബുട്രോസ് അവരുടെ കൂടെത്തന്നെയായിരുന്നു. ചെറുകിട കർഷകനും നികുതി പിരിക്കുന്ന ഉദ്യോഗസ്ഥനുമായിരുന്ന പിതാവ് കുടുംബം നോക്കി നടത്തുന്നതിൽ അലംഭാവിയായിരുന്നു. അതുകൊണ്ടുതന്നെ മക്കളെ വളർത്തുന്നതിന്റെയും അവരുടെ വിദ്യാഭ്യാസത്തിന്റെയുമൊക്കെ മേൽനോട്ടം അമ്മ കമീലയ്ക്കായിരുന്നു. മാരോനൈറ്റ് ക്രിസ്തുമത വിശ്വാസികളായിരുന്നു ജിബ്രാന്റെ കുടുംബം. ജിബ്രാനു രണ്ടു സഹോദരിമാർ കൂടി ഉണ്ടായിരുന്നു; മാരിയാനയും സുൽത്താനയും. നന്നെ ചെറുപ്പത്തിൽത്തന്നെ സംഗീതവും ഫ്രഞ്ചും അറബിയും മക്കളെ പഠിപ്പിച്ചത് കമീലയായിരുന്നു. ആറു വയസ്സുള്ളപ്പോൾ അമ്മ ഡാവിഞ്ചിചിത്രങ്ങൾ ജിബ്രാനു നൽകി. ചിത്രകലാലോകത്തേക്കുള്ള മഹാവാതിലുകളായിരുന്നു ആ ഡാവിഞ്ചി ചിത്രങ്ങളുടെ പ്രിന്റുകൾ. അമ്മതന്നെയാണ് അറബിക്കഥകളും നാടോടിക്കഥകളും പറഞ്ഞുകൊടുത്ത് ബാല്യകാലത്തുതന്നെ വിശാലമായ ഒരു ലോകം ജിബ്രാനു തുറന്നുകൊടുത്തത്.



തുർക്കിഭരണത്തിൻകീഴിലായിരുന്ന ലബനീസ് ജനത ഒരു വിമോചനം ആഗ്രഹിച്ച കാലമായിരുന്നു അത്. ജീവിതം ദുസ്സഹമായ ആ നാളുകളിൽ അനേകം ലബനൻകാർ അമേരിക്കയുടെ വിസ്മയലോകത്തേക്കു കുടിയേറിയിരുന്നു. അങ്ങനെ 1895 ൽ ജിബ്രാന്റെ കുടുംബവും അമേരിക്കയിലെ ബോസ്റ്റണിലേക്കു കുടിയേറി. പിതാവ് ജിബ്രാൻ ബിഷാറി വിട്ടുപോരാൻ കൂട്ടാക്കിയില്ല. അതുകൊണ്ട് കുടുംബത്തിന്റെ നായകൻ ബൂട്രോസ് ആയിരുന്നു. അകലെനിന്നു കണ്ട അമേരിക്കയല്ല അടുത്തു കണ്ടപ്പോൾ എന്നു മനസ്സിലായെങ്കിലും അമേരിക്ക നൽകിയ അവസരങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി അവർ ജീവിതം മുന്നോട്ടുകൊണ്ടുപോയി. കമീലയുടെ ഉത്സാഹത്താൽ ഒരു ചെറുകിട കച്ചവടസ്ഥാപനം തുടങ്ങി ജീവിക്കാനുള്ള വരുമാനം കണ്ടെത്തി. കുടിയേറ്റക്കാരുടെ ഇംഗ്ലീഷറിയാത്ത മറ്റു കുട്ടികളോടൊപ്പം ജിബ്രാനും സ്കൂളിൽ ചേർന്നു. ക്വിൻസി സ്കൂളിലെ അധ്യാപികയാണ് ജിബ്രാന്, 'ഖലീൽ ജിബ്രാൻ' എന്ന പേരിട്ടത്. ലോകം മുഴുവൻ ആരാധകരുള്ള ഒരു കവിയെയും ചിത്രകാരനെയും ഈ പേരിലൂടെ സൃഷ്ടിക്കയാണെന്ന് ആ അധ്യാപിക കരുതിയിട്ടുണ്ടാവില്ല. ചുറുചുറുക്കുള്ള ബൂട്രോസിനെ അപേക്ഷിച്ച് ജിബ്രാൻ അന്തർമുഖനും ആലോചനാശീലനുമായിരുന്നു. ചിത്രം വരയ്ക്കാൻ കഴിവുള്ള ജിബ്രാനെ അധ്യാപകർ സഹായിച്ചു. അതിനിടയിൽ ഹോളണ്ട് ഡേ എന്ന കലാപ്രവർത്തകനെ പരിചയപ്പെട്ടു. ഡേയുടെ സ്റ്റുഡിയോയിലും ചിത്രരചനയിലും ജിബ്രാൻ സഹായിയായി. പുസ്തകപ്രസാധകർക്കും കലാകാരന്മാർക്കും പതിനഞ്ചു തികയാത്ത ഈ ബാലനെ ഡേ പരിചയപ്പെടുത്തി. 'റൂബിയാത്തി'ന്റെ പുറംചട്ട ചെയ്യാനുള്ള ഭാഗ്യം ജിബ്രാനെ തേടിയെത്തി. അതു വലിയ പ്രോത്സാഹനമായി. 1898 ൽ ജിബ്രാൻ തിരികെ ബെയ്റൂട്ടിലേക്കു പോയി. കുടിയേറ്റജീവിതത്തിന്റെ ബാക്കിപത്രമായി ലഭിച്ച ക്ഷയരോഗം ആ കുടുംബത്തെ ബാധിച്ചു. ആദ്യം സഹോദരി സുൽത്താനയും, പിന്നീട് തന്റെ പ്രിയ ജ്യേഷ്ഠൻ ബൂട്രോസും മരണമടഞ്ഞു. കാൻസർരോഗബാധിതയായിരുന്ന അമ്മ കമീലയും അദ്ദേഹത്തെ വിട്ടുപിരിഞ്ഞ അഞ്ചു പേരുമായി കുടിയേറിയ ആ കുടുംബം രണ്ടു പേരായി ചുരുങ്ങി; ജിബ്രാനും മാരിയാനയും. 1904 ൽ ജിബ്രാൻചിത്രങ്ങളുടെ ഒരു പ്രദർശനം സംഘടിപ്പിക്കപ്പെട്ടു. ഈ പ്രദർശനം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കി. 'മേരി ഹാസ്കൽ' എന്ന ഹെഡ്മിസ്ട്രസ് അദ്ദേഹത്തിന്റെ ചിത്രങ്ങളിലും ആകൃഷ്ടയായി. ഇതിനിടെയാണ് ഡേയുടെ സ്റ്റുഡിയോ അഗ്നിക്കിരയാകുന്നത്. അനേകം ചിത്രകാരന്മാരുടെ ചിത്രങ്ങളോടൊപ്പം ജിബ്രാന്റെ ചിത്രങ്ങളും കത്തി നശിച്ചു. വാർത്തകളിൽ ജിബ്രാന്റെ പേരുപോലും ഉണ്ടായിരുന്നില്ല. എന്നാൽ, മേരി ഹാസ്കൽ ദുഃഖം അറിയിച്ചിരുന്നു. മേരിയും ജിബ്രാനും തമ്മിൽ മരണംവരെ നീണ്ടുനിന്ന സൗഹൃദത്തിനു തുടക്കം കുറിക്കുന്നതായിരുന്നു ഇത്. മേരിയുടെ സഹായത്താൽ പാരീസിൽ ചിത്രകല പഠിക്കാനുള്ള അവസരം ജിബ്രാനു കൈവന്നു. കലകളുടെ ലോകമായിരുന്നു പാരീസ്. പാരീസ് ജീവിതം അക്ഷരാർത്ഥത്തിൽ ജിബ്രാനെ ഏറെ ധന്യനാക്കി. നീത്ഷെയുടെയും ബ്ലേയ്ക്കിന്റെയും ചിന്തകളുമായി ബൗദ്ധികബന്ധം സ്ഥാപിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അൽ-മുജാഹിർ എന്ന അറബിപ്പത്രത്തിലെ കഥകളും ലേഖനങ്ങളും അമേരിക്കയിലെ അറബിജനതയിൽ വലിയ ജനപ്രീതി ഉണ്ടാക്കിയിരുന്നു. 1912 ൽ 'ഒടിഞ്ഞ ചിറകുകൾ' പ്രസിദ്ധപ്പെടുത്തിയ കാലത്ത് കെയ്റോവിലുള്ള 'മേയ് സിയാദ' എന്ന നിരൂപിക എഴുത്തിലൂടെ ജിബ്രാനുമായി ബന്ധപ്പെടുകയും മാനസികമായി അടുപ്പത്തിലാവുകയും ചെയ്തിരുന്നു. ജിബ്രാന്റെ പ്രസിദ്ധമായ കൃതി പ്രവാചകൻ 1920 ൽ എഴുതി പൂർത്തിയാക്കിയെങ്കിലും 1923 ലാണ് പ്രസിദ്ധീകരിച്ചത്. 1928 ൽ 'മനുഷ്യപുത്രനായ യേശു' എന്ന ഗ്രന്ഥത്തിന്റെ രചന പൂർത്തിയാക്കി. തന്റെ അന്ത്യം അടുത്തിരിക്കുന്നു എന്ന തോന്നലിൽ മാരിയാനയ്ക്ക് ബോസ്റ്റണിൽ മെച്ചപ്പെട്ട ഒരു വീട് വാങ്ങി നൽകി. കുറെ പണം മാരിയാനയുടെ പേരിൽ നിക്ഷേപിച്ചു. 1931 ഏപ്രിൽ 10 ന് സിറോസിസും ക്ഷയരോഗവും ബാധിച്ച് ജിബ്രാൻ യാത്രയായി.

ലോകപ്രശസ്ത ചിത്രകാരനും കവിയും നോവലിസ്റ്റും എല്ലാമെല്ലാമായിരുന്ന ജിബ്രാൻ കേവലം 48-ാം വയസ്സിലാണ് വിട വാങ്ങിയത്. ലെബനണിലെത്തിച്ച ഭൗതികശരീരം സർവബഹുമതികളോടുംകൂടി ബിഷറിയിൽ മാർ സാർക്കീസ് മൊണാസ്റ്ററിയിൽ കബറടക്കി.

■

# ചെറുതേനീച്ചകളുടെ കളിക്കൂട്ടുകാരൻ



**ക**ടനാട് പഞ്ചായത്തിലെ മേരിലാൻഡിലുള്ള ജോസ് ചൊവ്വേലിക്കുടിയിൽ ചെറുതേനീച്ചകളുടെ കളിക്കൂട്ടുകാരനാണ്. ഇദ്ദേഹത്തിന്റെ പിതാവ് അധ്യാപകനായിരുന്നുവെങ്കിലും നല്ലൊരു കർഷകൻകൂടിയായിരുന്നു. മാതാപിതാക്കളുടെ കൃഷിനൈപുണ്യം ജോസിനും ലഭിച്ചു. ഇദ്ദേഹത്തിന് 75 ചെറുതേനീച്ചപ്പെട്ടിയുണ്ട്. വർഷത്തിൽ ഒരിക്കൽ മാത്രം തേനെടുക്കും. ഒരു പെട്ടിയിൽനിന്ന് ശരാശരി 400 ഗ്രാം തേൻ ലഭിക്കും.

ഇവയ്ക്ക് പ്രത്യേക ആഹാരമൊന്നും നൽകേണ്ടതില്ല; മഴക്കാലത്തുപോലും. ചെറിയ പൂക്കളിൽനിന്നുപോലും ഇവ തേൻ ശേഖരിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. തേനെടുക്കുന്ന സമയത്ത് കുറെ തേൻ ആ പെട്ടിക്കകത്ത് ഈച്ചയ്ക്കായി വച്ചിരിക്കും.

വീടിന്റെ പുറംഭിത്തിയിലെ തട്ടിലാണ് തേനീച്ചപ്പെട്ടികൾ സ്ഥാപിച്ചിരിക്കുന്നത്. സൂര്യപ്രകാശം കൂടുതൽ ഏൽക്കാത്തവിധത്തിൽ പെട്ടികളോരോന്നും സംരക്ഷിക്കുന്നു.

തേൻ ഒരു ഔഷധമാണ്. ഇതൊരു ആന്റിബയോട്ടിക്കായി ഉപയോഗിക്കുന്നു. വീടിന്റെ ചുവരുകളിൽ കഴിഞ്ഞുകൂടാൻ വളരെ കുറച്ചു സ്ഥലമേ ഇവയ്ക്കു വേണ്ടിവരുന്നുള്ളൂ.

ഈ ഈച്ചകൾ വീട്ടിനകത്തു കയറുകില്ല എന്നുള്ളതാണ് ഒരു വലിയ നേട്ടം. കൊച്ചുകുട്ടികൾക്കുമുതൽ പ്രായമായവർക്കുവരെ ഈ കൃഷി അനായാസം ചെയ്യാം.

ജോസിന് തേനീച്ച വളർത്തൽ മാത്രമല്ല, പ്ലാവ് കൃഷിയുമുണ്ട്. പുതിയയിനം ബഡ്ഡ് പ്ലാവ് (വിയറ്റ്നാം ഏർലി) കൃഷി ചെയ്തു വരുന്നു. 30 എണ്ണം ഒരു വർഷമായി കായിച്ചുതുടങ്ങി. ഇവയ്ക്ക് ചാണകപ്പൊടി, എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, ചപ്പുചവറുകൾ എന്നിവ ചുവട്ടിൽ ഇട്ടുകൊടുക്കും. പ്ലാവ് 12 അടി ഉയരത്തിൽ കട്ട് ചെയ്യണം. പടർത്തി എടുക്കണം. എങ്കിലേ കൂടുതൽ ആദായം ലഭിക്കുകയുള്ളൂ.

റംബൂട്ടാൻ, ഫാഷൻഫ്രൂട്ട്, ന്യൂനി, ഓറഞ്ച്, നെല്ലി, മുള്ളാത്ത, സപ്പോട്ട എന്നിവയും കൃഷി ചെയ്തു വരുന്നു. വിവിധ പ്രായത്തിലുള്ള 1200 തേക്കുമുണ്ട്.

ഒരു വിളയെ മാത്രം ആശ്രയിക്കാതെ ബഹുവിള സമ്പ്രദായം സ്വീകരിക്കണമെന്നാണു ജോസിന്റെ പക്ഷം. ഒന്നിന്റെ വില പോയാൽ മറ്റൊന്നിൽ പിടിച്ചു നിൽക്കാം.

650 റബ്ബർമരങ്ങൾ ടാപ്പിംഗ് നടത്തുന്നുണ്ട് ജോസ്. കൂടാതെ, 200 കൊക്കോയും മീൻ വളർത്തലുമുണ്ട്. വിവിധയിനത്തിൽപ്പെട്ട പച്ചക്കറികളും കൃഷി ചെയ്തു വരുന്നു.

ഓരോ കൃഷിക്കും വെവ്വേറെ സ്ഥലങ്ങൾ നീക്കി വച്ചിരിക്കുന്നു. കർഷകദിനമായ ചിങ്ങം ഒന്നിന് ഇദ്ദേഹത്തെ കടനാട് കൃഷിഭവൻ ആദരിക്കുകയുണ്ടായി. ഭാര്യ കൃഷികാര്യങ്ങളിൽ സഹായിക്കുന്നു. ഇവർക്ക് മൂന്നു കുട്ടികൾ.

■ **ജോസഫ് കുമ്പുക്കൻ**




**ഒക്ടോബർ 16**
**ഏലിയ – സ്ലീവ – മൂശെ**
**ആറാം ഞായർ**

**ഉത്പ 19 : 23 – 29**
**മലാ 4 : 1 – 6**
**1 തെസ 4 : 13 – 18**
**ലൂക്കാ 21 : 20 – 28**

# മരിച്ചവരെപ്പറ്റി അറിവുണ്ടായിരിക്കണം



**ഡോ. ജോസഫ് കരികുളം**

**ക**ർത്താവിന്റെ വിധിദിനത്തിനായി ഒരുങ്ങുന്ന തന്റെ മക്കൾക്ക് ആശ്വാസവും ദിശാബോധവും നൽകുന്ന പുതിയനിയമഭാഗങ്ങളും, താക്കീതുകളും സൂചനകളും നൽകുന്ന പഴയനിയമഭാഗങ്ങളുമാണ് സഭാമാതാവ് വചനവിരുന്നായി ഇവിടെ നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്നത്.

**കർത്താവിന്റെ ദിനം ശിക്ഷയും രക്ഷയും**

പഴയനിയമത്തിൽനിന്നുള്ള ആദ്യവായന (ഉത്പ. 19:23–29) സോദോമിന്റെയും ഗോമോറയുടെയും നാശമാണ്. തിന്മയിൽ വ്യാപരിച്ച ജനം ദൈവകോപം വിളിച്ചുവരുത്തുന്നു. സോദോമിലും ഗോമോറയിലും പ്രകൃതിശക്തികൾതന്നെ നാശം വിതയ്ക്കുന്നതാണ് നമ്മൾ കാണുന്നത്. അഗ്നിയും ഗന്ധകവും പ്രകൃതിയുടെ ഭാഗമാണ്. ഈ നഗരങ്ങളിലെ തിന്മ ധാർമികമല്ലാത്ത പ്രവൃത്തികളുടെ ആധിക്യമായിരുന്നു എന്നു സൂചനയുണ്ട് (19:4–5). അധാർമികത കളിയാടുന്ന, കുടുംബബന്ധങ്ങളും മാനുഷികബന്ധങ്ങളും തൃണവത്ഗണിച്ച്, സന്തോഷങ്ങളിൽ മാത്രം അഭിരമിക്കുന്ന ജനത സമൂഹജീവിതത്തിന്റെ മറ്റു കാര്യങ്ങളിലും വ്യത്യസ്തമായിരിക്കില്ല എന്നു നമുക്കൂഹിക്കാം.

അധാർമികപ്രവൃത്തികൾ ചെയ്യുന്നവർക്ക് ദൈവവുമായുള്ള ഐക്യം മാത്രമല്ല, പ്രകൃതിയുമായുള്ള ബന്ധംകൂടി നഷ്ടമാവുകയാണ്. പ്രകൃതിയോടു മനുഷ്യൻ ചെയ്യുന്ന ദ്രോഹങ്ങൾ പ്രകൃതിദുരന്തങ്ങളായി തിരിച്ചടിക്കുന്ന ദാരുണസംഭവങ്ങൾക്ക് നാം സാക്ഷികളാണല്ലോ. ദൈവത്തിന്റെ കോപം എന്നതിലുപരി മനുഷ്യന്റെ വിനാശകരമായ പ്രവൃത്തികൾക്കു പ്രകൃതിയിൽത്തന്നെ ഉണ്ടാകുന്ന പ്രതിപ്രവർത്തനമായി ഇത്തരം ദുരന്തങ്ങളെ കാണേണ്ടിവരും.

ഇവിടെ സ്വാഭാവികമായും ഉയരുന്ന ചോദ്യം ദൈവത്തിന് ഇത്തരം ദുരന്തങ്ങൾ സംഭവിക്കുന്നതിൽനിന്ന് എന്തുകൊണ്ട് പ്രകൃതിയെ തടയാനാവില്ല എന്നതാണ്. സമകാലികസംഭവങ്ങളുടെ ഉദാഹരണങ്ങൾതന്നെ ഇതിനുത്തരമാണ്. പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും അതിദാരുണമായ അവസ്ഥയിലൂടെ കേരളസമൂഹം ഈയിടെ കടന്നുപോയി. ഇവയ്ക്കിടയാക്കിയ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടത് ഒന്നോ രണ്ടോ വർഷം കൊണ്ടല്ല എന്നും നമുക്കറിയാം. നമുക്കു മുമ്പേ ആരംഭിച്ച, ലോകമെങ്ങും അലയടിച്ച വികസനം എന്ന പ്രഖ്യാപനം സൃഷ്ടിച്ച, പ്രകൃതിനാശത്തിന്റെ ഫലമാണ് ഇന്നനുഭവിക്കുന്ന കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരന്തങ്ങളുമെന്ന് നമുക്കു മനസ്സിലാകുന്നുണ്ട്. പാറ പൊട്ടിച്ചും മണ്ണെടുത്തും നമ്മൾ സൃഷ്ടിക്കുന്ന വികസനം കുട്ടനാട്ടിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ടായും മലനിരകളിൽ ഉരുൾപൊട്ടലായും ഒഴുകിയിറങ്ങുമ്പോൾ മനുഷ്യർതന്നെയാണ് ഈ ദുരന്തങ്ങളുടെ ഉത്തരവാദികൾ എന്നു തിരിച്ചറിയുന്നു. മനുഷ്യൻ സ്വയം സൃഷ്ടിക്കുന്ന നാശത്തിന്റെ അവസരങ്ങൾ ദൈവത്തിനുപോലും തിരുത്താനാകാത്തതാണ്. പാപങ്ങൾ ക്ഷമിക്കാനും തന്റെ ജീവിതവിശുദ്ധിയിലേക്കു മനുഷ്യനെ ക്ഷണിക്കാനും കഴിയുന്ന ദൈവത്തിന്, മനുഷ്യൻ പ്രകൃതിയിൽ ദുഷ്ടലാക്കോടെ നടത്തുന്ന ഇടപെടലുകളിൽ ഒന്നും ചെയ്യാനാകില്ല.

ഇവിടെയും ദൈവം നടത്തുന്ന രക്ഷാപ്രവർത്തനത്തിന്റെ ഫലം ലോത്തിന്റെ ജീവിതത്തിൽ നാം കാണുന്നുണ്ട്. 'സോദോമിൽ തിന്മയുണ്ട്, ഈ നഗരം നശിപ്പിക്കപ്പെടും' എന്നു ലോത്തിനു ലഭിക്കുന്ന ശക്തമായ താക്കീതിൽനിന്നാണ് ലോത്ത് സോദോമിൽനിന്ന് ഓടിരക്ഷപ്പെടുന്നത്. ഇവിടെയും രണ്ടവസരങ്ങളുടെ സൂചനയുണ്ട്. ഒന്ന്, തിന്മയിൽനിന്ന് ഓടിരക്ഷപ്പെടാം; രണ്ട്, തിന്മയിലേക്കു തിരിഞ്ഞ് വീണ്ടും അതിനെ പുൽകാം. ലോത്തും ലോത്തിന്റെ ഭാര്യയും ഇവിടെ ഉദാഹരണങ്ങൾ.

മലാക്കിയുടെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായനയും (മലാ. 4:1–6) ഇതേ ആശയം പങ്കുവയ്ക്കുന്നു: തിന്മ ചെയ്യുന്നവരെയും അഹങ്കാരികളെയും നശിപ്പിക്കുന്ന ദൈവം തന്റെ നാമത്തെ ഭയപ്പെടുന്നവർക്കുവേണ്ടി നീതിസൂര്യനെ ഉദിപ്പിക്കും (4:1–2). ചിറകുകളിൽ സൗഖ്യമുള്ള (4:2) നീതിസൂര്യൻ പ്രവർത്തിക്കുന്ന ദിവസം തിന്മ ഇല്ലാതാകും (4:3). കർത്താവിന്റെ മഹത്ത്വം നിറഞ്ഞതും ഭീതിജനകവുമായ ദിവസം വരുന്നതിനുമുമ്പ് (4:5) അവനോടു രമ്യതയിലാകാൻ ദൈവം ക്ഷണിക്കുന്നു. കർത്താവിന്റെ ദിവസത്തിനുമുമ്പ് ഏലിയായെ വീണ്ടും ദൈവം അയയ്ക്കും (4:5). ഈശോമിശിഹായിൽ പൂർത്തിയാകുന്ന കർത്താവിന്റെ ദിവസത്തിന്റെ പ്രവചനമാണ് മലാക്കി നടത്തുന്നത്. ഈശോയുടെ കുരിശുമരണത്തിലും ഉത്ഥാനത്തിലും നടക്കുന്നത് ലോകത്തിന്റെ അഹങ്കാരത്തെയും തിന്മയെയും ഇല്ലാതാക്കുന്ന ദൈവത്തിന്റെ രക്ഷാകരപ്രവർത്തനമാണ്.

**കർത്താവിന്റെ ദിനം വിമോചനദിനം**


കർത്താവിന്റെ വിധിദിനം മനുഷ്യന്റെ ഇഹലോകജീവിതത്തിന്റെ അവസാനദിനമാണെന്ന ചിന്ത ഉള്ളതുകൊണ്ടുതന്നെ, മനുഷ്യനെ സംബന്ധിച്ച് അതു ഭീതിജനകംതന്നെയാണ്. ഭൗതികലോകത്തിന്റെ പ്രവൃത്തികളിൽ ജീവിക്കുന്ന മനുഷ്യന് ആ സാഹചര്യങ്ങളെയും ശൈലിയെയും മറക്കാൻ പ്രയാസമാണ്. ആ പ്രയാസത്തിനു കാരണം ഒരു പരിധിവരെ മരണത്തിനുശേഷമുള്ള കാര്യങ്ങളെപ്പറ്റി അറിവില്ലാത്തതാണ്. മരണമെന്താണെന്നും അതിനുശേഷമുള്ള ജീവിതത്തിന്റെ സാംഗത്യമെന്താണെന്നും തിരിച്ചറിഞ്ഞാൽ ലോകജീവിതമല്ല മരണാനന്തരജീവിതമാണ് അഭിലഷണീയം എന്നു ബോധ്യമാകും.

കർത്താവിന്റെ ദിനം മനുഷ്യന്റെ വിമോചനത്തിന്റെ ദിനമെന്നാണ് ഈശോ വിശേഷിപ്പിക്കുന്നത് (ലൂക്കാ. 21:28). ഈ ലോകജീവിതത്തിൽനിന്നുള്ള മോചനമാണു മരണം നല്കുന്നത് എന്നതു സത്യമാണല്ലോ. വിമോചനം സംഭവിക്കുന്നത് മനുഷ്യപുത്രന്റെ ആഗമനത്തോടെയാണെന്ന് ഈശോ പറയുന്നു. ദൈവപുത്രനായ ഈശോമിശിഹായുടെ മഹത്ത്വപൂർണമായ ആഗമനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവന്റെ ആദ്യ ആഗമനം ലളിതവും ശാന്തവുമായിരുന്നെങ്കിൽ, രണ്ടാമത്തേത് ദൈവമഹത്ത്വത്തിന്റെ പ്രത്യക്ഷീകരണംതന്നെയായിരിക്കും. ദൈവത്തിന്റെ മഹത്ത്വത്തിന്റെ (shekeinah) പ്രത്യക്ഷീകരണം ഭയാനകവും അദ്ഭുതം നിറഞ്ഞതുമായാണല്ലോ വി. ഗ്രന്ഥത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. എരിഞ്ഞുചാമ്പലാകാത്ത മുൾപ്പടർപ്പും (പുറ. 3:3), മേഘത്തൂണും അഗ്നിസ്തംഭവും (പുറ. 13:21) ദൈവാലയം നിറഞ്ഞുനില്ക്കുന്ന വസ്ത്രാഞ്ചലവും (ഏശ. 6:1) ഭൂമിയെ പ്രകാശിപ്പിക്കുന്ന തേജസ്സും (എസ. 43:2) അരൂപിയായ ദൈവത്തിന്റെ സാന്നിധ്യത്തെ മനുഷ്യൻ ദർശിക്കുന്ന വിധങ്ങളാണ്. മേഘത്തിൽ ആഗതമാകുന്ന ദൈവമഹത്ത്വത്തെക്കുറിച്ച് ഈശോ സൂചിപ്പിക്കുമ്പോഴും ഇതുതന്നെയാണ് അർത്ഥമാക്കുന്നത്.


ഈശോ സൂചിപ്പിക്കുന്ന കാലത്തിന്റെ അവസാനത്തിന്റെ ലക്ഷണങ്ങളിൽ എത്തുമ്പോൾ തനതുവിധിയും പൊതുവിധിയും ഉണ്ടാകും. ഇവിടെയും ഒരു ചോദ്യമുയരാം. ഇവ തമ്മിൽ കാലവ്യത്യാസമുണ്ടോ? തനതുവിധി കഴിഞ്ഞശേഷം എത്രനാൾ കഴിഞ്ഞാണ് പൊതുവിധി? സമയവുമായി ബന്ധപ്പെട്ട് മനുഷ്യനും ദൈവത്തിനും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിയാൽ മാത്രമേ ഇതിനുത്തരം ലഭിക്കൂ. മനുഷ്യൻ സമയബന്ധിതമായി (temporal) ചിന്തിക്കുമ്പോൾ ഒന്നുകഴിഞ്ഞ് മറ്റൊന്ന് എന്ന ധാരണയാണ് ലഭിക്കുന്നത്. എന്നാൽ, മനുഷ്യന്റെ മരണത്തിലാകട്ടെ അവൻ നിത്യതയിലേക്കു (eternity) പ്രവേശിക്കുന്നു. നിത്യത ദൈവത്തിന്റെ സ്വഭാവമാണ്, അതു സമയമില്ലാത്ത അവസ്ഥയാണ്. ഒന്നുകഴിഞ്ഞ് മറ്റൊന്ന് എന്ന രീതിയിലല്ല നിത്യതയെക്കുറിച്ചു ചിന്തിക്കേണ്ടത്. 'ദൈവം ഇന്നലെയും ഇന്നും നാളെയും ഒരാൾതന്നെ.' 'ഞാൻ ആകുന്നു' എന്നാണ് ദൈവം തന്റെ പേരായിപ്പറയുന്നത് (പുറ. 3:14). അതുകൊണ്ട്, തനതുവിധിയും പൊതുവിധിയും തമ്മിലുള്ള കാലവ്യത്യാസങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിൽ അർത്ഥമില്ല. സമയബന്ധിതവും നശ്വരവുമായി മനുഷ്യനു ഗ്രഹിക്കാവുന്ന കാര്യങ്ങളല്ല അനശ്വരവും നിത്യവുമായ ദൈവികമണ്ഡലത്തിലെ അവസ്ഥ. അതുകൊണ്ടാണ് കർത്താവിന്റെ ദിനത്തെ വിമോചനമെന്ന് ഈശോ പ്രഖ്യാപിക്കുന്നത്. സമയത്തിന്റെയും കാലത്തിന്റെയും ബന്ധങ്ങൾക്കപ്പുറമുള്ള ദൈവത്തിന്റെ നിത്യതയിലേക്കു മനുഷ്യൻ പ്രവേശിക്കുന്ന ദിവസമാണത്. എപ്പോഴും കർത്താവിനോടൊത്തായിരിക്കുന്ന അവസ്ഥ.

മരിച്ചവരെപ്പറ്റിയുള്ള അറിവിന്റെ കേന്ദ്രബിന്ദു പൗലോസ് ശ്ലീഹാ സൂചിപ്പിക്കുന്ന 'എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുന്ന അവസ്ഥ'യാണ് (1തെസ. 4:13–18). സ്വർഗത്തെ/ നിത്യജീവിതത്തെ / ദൈവരാജ്യത്തെപ്പറ്റിയുള്ള മനുഷ്യന്റെ ഏകദേശധാരണ വെളിപാടുപുസ്തകത്തിന്റെ ദർശനമാണ്. ദൈവമഹത്ത്വത്തിന്റെമുന്നിൽ രക്ഷിക്കപ്പെട്ടവരെല്ലാം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു നിരന്തരം അവിടത്തെ പാടിസ്തുതിക്കുന്ന അവസ്ഥയാണിത് (വെളിപാട് 4:1–11). അരൂപിയായിരിക്കുന്ന ദൈവത്തിന്റെ തേജസ്സുറ്റ മഹത്ത്വത്തിലേക്ക് ഉൾക്കൊള്ളപ്പെടുന്ന മനുഷ്യന്റെ മഹത്ത്വീകൃതമായ ശരീരത്തെ ദർശിക്കാനായാൽ 'എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുന്ന' അവസ്ഥ മനസ്സിലാകും. അതായത്, നശ്വരമായ ലോകത്തിന്റെ സമയ–ശരീര ബന്ധിതമായ ചിന്തകളെ അതിലംഘിച്ച് സമയമില്ലാത്ത – ശരീരമില്ലാത്ത ദൈവത്തിന്റെ നിത്യതയിലേക്കു സ്വീകരിക്കപ്പെടേണ്ടവരാണ് നാമെന്ന ചിന്ത നമുക്കുണ്ടാകണം.

മരണശേഷം എന്ത്, എന്ന ചോദ്യത്തിന് വ്യക്തവും യുക്തിസഹവുമായ ഉത്തരം നല്കാൻ ക്രിസ്തീയവിശ്വാസത്തിനു മാത്രമേ കഴിയൂ. സ്വർഗത്തെ സമയസ്ഥലബന്ധിതമായി മറ്റു മതങ്ങളിൽ വ്യാഖ്യാനിക്കുമ്പോൾ അതു യുക്തിരഹിതമായ ശാസ്ത്രീയമല്ലാത്ത വ്യാഖ്യാനമായി മാറുന്നു. എന്നാൽ, അരൂപിയായ ദൈവത്തിന്റെ കൂടെയായിരിക്കുന്ന, മഹത്ത്വീകൃതമായ ശരീരം സ്വീകരിക്കുന്ന മനുഷ്യന്റെ അവസ്ഥയെക്കുറിച്ചുള്ള ക്രിസ്തീയവ്യാഖ്യാനം ആഴമുള്ളതും യുക്തിസഹവുമാണ്. ■





**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**രേണു സുനിൽ**
**വാകത്താനം**

# സത്യങ്ങൾ സാമ്യങ്ങൾ



സി. എൽ. ജോസ്

### I

**വി**ചിത്രവും വിസ്മയാവഹവുമായ സാദൃശ്യങ്ങളോടെ ചരിത്രം ആവർത്തിക്കപ്പെടുന്നു.

അബ്രാഹം ലിങ്കന്റെയും ജോൺ എഫ്. കെന്നഡിയുടെയും ജീവിതങ്ങൾ പരിശോധിച്ചാൽ ഇതു ബോധ്യമാവും. 1860 ലെ തിരഞ്ഞെടുപ്പിൽ ലിങ്കൺ അമേരിക്കയുടെ പ്രസിഡന്റായി. നൂറുവർഷങ്ങൾക്കുശേഷം 1960 ലെ തിരഞ്ഞെടുപ്പിൽ കെന്നഡി പ്രസിഡണ്ടായി. രണ്ടുപേരും അടിമകളെപ്പോലെ കഴിയുന്ന കറുത്തവർഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു. അവർക്കു സമത്വവും സ്വാതന്ത്ര്യവും നൽകാൻ രണ്ടു പ്രസിഡന്റുമാരും യത്നിച്ചു. വർണവിവേചനത്തിനും അടിമത്തത്തിനും എതിരായി അവരിരുവരും നടപടികളെടുത്തു.

ഇരുവർക്കും കൂടുതൽ എതിർപ്പുകൾ നേരിടേണ്ടിവന്നതു തെക്കൻ സംസ്ഥാനങ്ങളിൽ നിന്നായിരുന്നു. രണ്ടുപേരും മരണമടഞ്ഞതു തലയ്ക്കു വെടിയേറ്റാണ്. ലിങ്കനെ തിയേറ്ററിൽവച്ചു വെടിവച്ചിട്ടു ഘാതകനായ ബൂത്ത് ധാന്യപ്പുരയിലേക്ക് ഓടിമറഞ്ഞു. കെന്നഡിയുടെ ഘാതകനായ ഓസ്‌വാൾഡ് ധാന്യപ്പുരയിൽനിന്നു വെടിവച്ചിട്ടു തിയേറ്ററിലേക്ക് ഓടിമറഞ്ഞു. രണ്ടു ഘാതകന്മാരും ദക്ഷിണസംസ്ഥാനങ്ങളിൽപ്പെട്ടവരാണ്. ലോകത്തെ ഞെട്ടിച്ച ഈ കേസുകൾ വിചാരണ ചെയ്യപ്പെടുന്നതിനുമുമ്പുതന്നെ രണ്ടു ഘാതകരും കൊലചെയ്യപ്പെട്ടു. ലിങ്കനെ കൊന്ന ഹെൻറി വിൽക്ക്സ് ബൂത്ത് ജനിച്ചത് 1839 ൽ. കെന്നഡിയെ കൊന്ന ഹാർവി ലീ ഓസ്‌വാൾഡ് ജനിച്ചത് 1939 ൽ.



അബ്രാഹം ലിങ്കനും ജോൺ എഫ്. കെന്നഡിയും

രണ്ടു പ്രസിഡന്റുമാരുടെയും വധങ്ങൾ നടന്നത് അവരുടെ സഹധർമിണിമാരുടെ സാന്നിധ്യത്തിൽവച്ചാണ്. ഇതു രണ്ടും സംഭവിച്ചതു വെള്ളിയാഴ്ചയാണ്. ലിങ്കന്റെയും കെന്നഡിയുടെയും പേരുകൾക്ക് ഏഴ് അക്ഷരങ്ങൾ വീതമാണ്. വൈറ്റ്ഹൗസിൽ താമസിക്കുമ്പോൾ ലിങ്കന്റെയും കെന്നഡിയുടെയും കുട്ടികൾ മരിച്ചുപോയിരുന്നു. ഇനിയുമുണ്ട് സാമ്യങ്ങൾ. ലിങ്കന്റെ ഒരു സെക്രട്ടറിയുടെ പേര് കെന്നഡിയെന്നായിരുന്നു. കെന്നഡിയുടെ ഒരു സെക്രട്ടറിയുടെ പേര് ലിങ്കൺ എന്നും. രണ്ടുപേരുടെയും വൈസ് പ്രസിഡന്റുമാരുടെയും പേര് ജോൺസൺ എന്നായിരുന്നു - ആൻഡ്രൂ ജോൺസൺ, ലിൻസൺ ജോൺസൺ. ആൻഡ്രൂ ജോൺസൺ ജനിച്ചത് 1808 ലും ലിൻസൻ ജോൺസൺ ജനിച്ചതു 1908 ലും. അവർ രണ്ടുപേരും ദക്ഷിണസംസ്ഥാനക്കാരുമായിരുന്നു.

### II


**അ**വിശ്വസനീയമായ സാമ്യങ്ങൾക്ക് ചരിത്രം പിന്നെയും സാക്ഷിനിൽക്കുന്നു. ഇതിലെ കഥാപുരുഷന്മാർ നെപ്പോളിയനും ഹിറ്റ്ലറുമാണ്.

ലോകത്തെ വിറപ്പിച്ചുകൊണ്ടു രണ്ടു കാലഘട്ടങ്ങളിൽ ജീവിച്ച വീരപരാക്രമികളായ നെപ്പോളിയനും ഹിറ്റ്ലറും തമ്മിലുള്ള സാമ്യങ്ങൾ ഇതിനു നല്ലൊരു ഉദാഹരണമാണ്. രണ്ടുപേർക്കും കാഴ്ചയിൽ പൊക്കവും വലുപ്പവും കുറവായിരുന്നു. രണ്ടുപേരുടെയും പിതാക്കന്മാർ ദരിദ്രരായിരുന്നു. രണ്ടുപേരും ഇല്ലായ്മയിൽനിന്നു വളർന്നുവന്നവരാണ്.

മിലിട്ടറിയിൽ ആദ്യഘട്ടങ്ങളിൽ ഇരുവരും കോർപ്പറൽമാരായിരുന്നു. ഇവർ ഇരുവരും ജന്മനാട്ടിൽ അല്ല ഭരണം നടത്തിയത്. നെപ്പോളിയൻ ഭരിച്ചതു ഫ്രാൻസിൽ, ജനിച്ചത് കോർസിക്കയിൽ. ഹിറ്റ്ലർ ഭരിച്ചത് ജർമനിയിൽ, ജനിച്ചത് ഓസ്ട്രിയായിൽ.

രണ്ടുപേരുടെയും മുഖ്യലക്ഷ്യവും സ്വപ്നവും യൂറോപ്പ് കീഴടക്കുക എന്നതായിരുന്നു. ഇരുവരുടെയും പ്രധാന ശത്രുവായി നിലകൊണ്ടത് ബ്രിട്ടനാണ്. ഒരു പ്രത്യേക സന്ദർഭത്തിൽ അവർ ബ്രിട്ടനെ ആക്രമിക്കാൻ തയ്യാറായി. പലവിധ കാരണങ്ങളാൽ ഇരുവർക്കും അതിനു കഴിഞ്ഞില്ല.

രണ്ടുപേരും ആദ്യമാദ്യം റഷ്യയുമായി നല്ല ധാരണയിലും മമതയിലുമായിരുന്നു. എന്നാൽ, വളരെ വേഗം റഷ്യയുമായി തെറ്റി. തുടർന്ന് യുദ്ധം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. ശീതകാലത്തിലെ അസഹ്യമായ കൊടുംതണുപ്പുമൂലം റഷ്യയിൽവച്ച് നെപ്പോളിയനും ഹിറ്റ്ലർക്കും വൻതോതിൽ സൈന്യങ്ങൾ നഷ്ടപ്പെട്ടു. പരാജയഭീതിയിൽ രണ്ടുപേരും മോസ്കോയിൽനിന്നു പിൻവാങ്ങി.



നെപ്പോളിയനും ഹിറ്റ്ലറും

നെപ്പോളിയൻ ഫ്രാൻസിന്റെ ചക്രവർത്തിയാകുന്നതിനുമുമ്പ് അവിടത്തെ കോൺസൽ ആയി. ഹിറ്റ്ലർ ജർമനിയുടെ ഏകാധിപതിയാകുന്നതിനുമുമ്പ് അവിടത്തെ ചാൻസലർ ആയി. രണ്ടുപേരും ആയുസ്സെത്താതെ അമ്പതുകളിൽ അന്തരിച്ചു. ഇരുവരും പതിനൊന്നു വർഷത്തോളം രാജ്യം ഭരിച്ചു. നെപ്പോളിയൻ തകർന്നത് 1815 ൽ. ഹിറ്റ്ലർ രണ്ടാം ലോകമഹായുദ്ധത്തിൽ 1945 ലും.

(‘ദി പരേഡ് പോസ്റ്റ്’ മാസികയോട് കടപ്പാട്)

# മയക്കുമരുന്നിനെതിരേ മതഭേദമെന്യേ രംഗത്തുവരണം: മാർ ജോസഫ് കല്ലറങ്ങാട്ട്



പാലാ: മയക്കുമരുന്നിനെതിരേ മതഭേദമെന്യേ പൊതുസമൂഹം രംഗത്തുവരണമെന്ന് പാലാ രൂപതാധ്യക്ഷനും സിനഡൽ കമ്മീഷൻ ഫോർ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫ് ചെയർമാനുമായ മാർ ജോസഫ് കല്ലറങ്ങാട്ട്. സീറോ മലബാർ സിനഡൽ കമ്മീഷൻ ഫോർ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫും പാലാ രൂപത ജാഗ്രതാസമിതിയും ചേർന്നു പാലായിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

കലാലയങ്ങളിൽ പെരുകിവരുന്ന മയക്കുമരുന്നുപയോഗം ആശങ്കാജനകവും അപകടകരവുമാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. കുട്ടികളുമായി ബന്ധപ്പെടുന്നവർ അവരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നില്ലെങ്കിൽ അതും കുറ്റകരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലഹരിവിരുദ്ധപ്രവർത്തനത്തിന്റെ അംബാസിഡർമാരായി കുട്ടികളെ വളർത്തിയെടുക്കണം.

താടി കത്തുമ്പോൾ ബീഡി കത്തിക്കാൻ ആഗ്രഹിക്കുന്നവർ നമ്മുടെ സമൂഹത്തിലുണ്ട്. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന മക്കൾ സ്ഫോടകവസ്തുക്കൾപോലെയാണ്. ഉണക്കപ്പുല്ലിൽ തീയിട്ടശേഷം അയ്യോ തീപിടിച്ചേ എന്നു വിലപിച്ചിട്ടു കാര്യമില്ല. വാളെടുത്തല്ല, വാക്കാൽ മാതാപിതാക്കന്മാർ കുട്ടികളെ നേർവഴിക്കു നയിക്കുന്നവരാകണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് കൂട്ടിച്ചേർത്തു.

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ പി. കെ. ജയരാജ് ക്ലാസുകൾക്കു നേതൃത്വം നല്കി. അസ്വസ്ഥതകളുള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്കു സംരക്ഷണവും മാർഗനിർദേശവും ലഭിക്കാത്തതിനാൽ മയക്കുമരുന്നുകൾക്കും മറ്റു തിന്മകൾക്കും അടിമപ്പെടാനുള്ള സാധ്യത ഏറെയാണെന്നും, അധ്യാപകർ കുട്ടികളുടെ സംരക്ഷകരാകണമെന്നും മാതാപിതാക്കന്മാർ മക്കളെ സ്വന്തം ശരീരത്തോടു ചേർത്തുപിടിക്കണമെന്നും അദ്ദേഹം ഓർമപ്പെടുത്തി.

പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ ലഹരിവിരുദ്ധപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിനഡൽ കമ്മീഷൻ ഫോർ ഫാമിലി, ലെയ്റ്റി ആൻഡ് ലൈഫ് ജനറൽ സെക്രട്ടറി ഫാ. ജോബി മൂലയിൽ, സിനഡൽ കമ്മീഷൻ ഫോർ എഡ്യൂക്കേഷൻ ജനറൽ സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, പാലാ രൂപത സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് കണിയോടിക്കൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ജോസ് കുറ്റിയാങ്കൽ, ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, അല്മായ ഫോറം ഗ്ലോബൽ ജനറൽ സെക്രട്ടറി ടോണി ചിറ്റിലപ്പിള്ളി, പ്രോലൈഫ് ഗ്ലോബൽ ജനറൽ സെക്രട്ടറി സാബു ജോസ്, മാതൃവേദി ഗ്ലോബൽ ജനറൽ സെക്രട്ടറി റോസിലി തട്ടിൽ എന്നിവർ പ്രസംഗിച്ചു.

കവിത ശിവൻ തലപ്പുലത്ത്

## ജീവിതം

ഒന്നും മിണ്ടാത്തൊരു യാത്ര
ഒരിക്കലും കാണാത്തൊരു കാറ്റ്

തിരിഞ്ഞുനോക്കാൻ പറ്റാത്ത കണ്ണ്
ചവിട്ടിമെതിച്ചു വളരാൻ മറന്ന പുല്ല്

ഊഞ്ഞാലാടാൻ കൊതിക്കുന്ന
ഓണത്തുമ്പിയുടെ നിസ്സഹായത

കരയാൻവേണ്ടിമാത്രം കണ്ണീരുത്പാദിപ്പിക്കുന്ന
വറ്റിവരളുന്ന അക്ഷരങ്ങൾ

വയ്യായ്കയിൽ വാനോളം
ഉയരുന്ന സ്വപ്നങ്ങൾ

ആർക്കാനുംവേണ്ടി ഓക്കാനിക്കുന്ന
കപടതയുടെ വഴുവഴുപ്പുകൾ

എല്ലാമെല്ലാം എനിക്കെന്നോതിയ
സ്വപ്നങ്ങളിൽ മുങ്ങിമറിയുന്ന ജീവിതം.

# കുഞ്ഞച്ചൻ എന്നെ തൊട്ടു



ഗിരിഷ് കെ. ശാന്തിപുരം

**വാ**ഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനെ രാമപുരത്തു കുഞ്ഞച്ചൻ എന്നു വിളിക്കാനാണ് എനിക്കിഷ്ടം. കുഞ്ഞച്ചനെ ഓർമിക്കുമ്പോഴൊക്കെ രാമപുരം എന്നു പുകൾപെറ്റ ശ്രീരാമപട്ടണമാണ് എന്റെ മനസ്സിലേക്കാദ്യം ഓടിയെത്തുക. കാരണം, രാമപുരവുമായി എനിക്കത്രമേൽ ബന്ധമുണ്ട്.

എന്റെ അമ്മവീട് രാമപുരം ഇടവകയിൽ പൂവക്കുളം ഭാഗത്തായിരുന്നു. എനിക്ക് ജ്ഞാനസ്നാനം ലഭിച്ചതും രാമപുരം സെന്റ് ആഗസ്തീനോസ് ദൈവാലയത്തിൽ വച്ചുതന്നെ. കുഞ്ഞച്ചനാണോ എനിക്കു ജ്ഞാനസ്നാനം നല്കിയതെന്ന് ഓർമിച്ചെടുക്കാൻ പറ്റിയവിധത്തിൽ എന്റെ അമ്മവീട്ടിൽ പഴമക്കാർ ആരും ശേഷിച്ചിട്ടില്ല. അവരൊക്കെ ജീവിതനാടകത്തിന്റെ അവസാനരംഗവും ആടിത്തീർത്ത് അരങ്ങൊഴിഞ്ഞിരിക്കുന്നു. രാമപുരം സെന്റ് ജോസഫ് പാരലൽ കോളജിലെ വിദ്യാർത്ഥിയായിരുന്നു ഞാൻ കുറച്ചുകാലം.

ഓർമവച്ച കാലംമുതൽ ഏതാനും വർഷങ്ങൾക്കുമുമ്പുവരെ രാമപുരത്തെ പെരുനാളിന് കൃത്യമായി ഞങ്ങളെത്തിയിരുന്നു. ഡിസംബർ മുപ്പത്തിയൊന്നാം തീയതിയിലെ രാത്രിപ്പെരുന്നാളിന്റെ ഓർമ ഒരു ചെറിയപൂരംപോലെ ഇപ്പോഴും മനസ്സിലുണ്ട്. പിൽക്കാലത്ത് അവസരം കിട്ടുമ്പോഴൊക്കെ കുഞ്ഞച്ചന്റെ ശ്രാദ്ധത്തിനുമെത്തിയിരുന്നു.

എന്നാൽ, ഇതൊന്നുമല്ല രാമപുരവുമായുള്ള ബന്ധത്തിന് എന്നിൽ നാന്ദികുറിച്ചത്. അതിനു കാരണം ലളിതാംബിക അന്തർജനംതന്നെ. എന്റെ ഹൈസ്കൂൾ കാലത്തോ പ്രീഡിഗ്രിക്കാലത്തോ ആണ് ഞാൻ അന്തർജനത്തിന്റെ അഗ്നിസാക്ഷി വായിക്കുന്നത്. അതിനുശേഷം പലവട്ടം ഞാനാ നോവൽ വായിച്ചിട്ടുണ്ട്. അഗ്നിസാക്ഷിയിലെ കഥാപാത്രങ്ങളുടെ ഓർമകളുമായി രാമപുരത്തിന്റെ ഇടവഴികളിലൂടെ ഞാൻ ഒരുപാടു വട്ടം നടന്നിട്ടുണ്ട്. പക്ഷേ, ഒരിക്കലും ലളിതാംബിക അന്തർജനത്തെ നേരിൽ കാണാനുള്ള ഭാഗ്യം എനിക്കു ലഭ്യമായതുമില്ല.

രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് ഞാൻ വായിച്ചിട്ടുണ്ട്, കവിത എനിക്കത്ര പെട്ടെന്ന് വഴങ്ങുന്ന ഒന്നല്ലെങ്കിലും. പക്ഷേ, പാറേമ്മാക്കൽ ഗോവർണദോരച്ചന്റെ 'വർത്തമാനപ്പുസ്തകം' എന്ന പുസ്തകം ഞാൻ കണ്ടിട്ടുപോലുമില്ല. മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി എന്നവകാശപ്പെടുന്ന വർത്തമാനപ്പുസ്തകം വായിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ എന്നൊരു ചെറിയ വിങ്ങൽ ഇപ്പോൾ മനസ്സിലുണ്ടുതാനും.

എന്നാൽ, രാമപുരത്തു കുഞ്ഞച്ചന്റെ പുണ്യജീവിതം ഒരു നോവലായി എഴുതുകയെന്ന ആശയം എന്നിൽ രൂപപ്പെട്ടത് എപ്പോഴാണെന്ന് എനിക്കു നിശ്ചയം പോരാ. എങ്ങനെയോ എപ്പോഴോ അങ്ങനെയൊരാഗ്രഹം എന്നിൽ രൂഢമൂലമായി. ഒരുപക്ഷേ, അതെന്റെ നിയോഗമായിരുന്നിരിക്കണം. അങ്ങനെ വിശ്വസിക്കാനാണ് എനിക്കിഷ്ടം.

ഒരു വേനൽക്കാലസായാഹ്നത്തിലാണ് ഞാൻ പാലായിൽനിന്നു രാമപുരംവഴി കൂത്താട്ടുകുളത്തിനു പോരുന്നത്. രാമപുരത്തെത്തിയപ്പോൾ പള്ളിയും പള്ളിമൈതാനവും പോക്കുവെയിലിൽ കുളിച്ചു കിടക്കുന്നു. ആ കാഴ്ച ഒരു സുഖദസ്വപ്നംപോലെ മനോഹരമായിരുന്നു.

ഞാൻ രാമപുരത്തു ബസിറങ്ങി. അന്തിവെയിൽ നീന്തി മൈതാനവശത്തെ മരങ്ങളുടെ നിഴലുകൾ പിന്നിട്ട് ഞാൻ കുഞ്ഞച്ചന്റെ കബറിടത്തിലെത്തി.



പള്ളി ശൂന്യമായിരുന്നു. കുഞ്ഞച്ചന്റെ കബറിടത്തിനു മുമ്പിലും പള്ളിയിലും മോണ്ടളത്തിലും ആരും ഉണ്ടായിരുന്നില്ല. അങ്ങനെയൊരവസ്ഥയിൽ ആദ്യമായിട്ടാണു ഞാൻ കുഞ്ഞച്ചന്റെ കബറിടം കാണുന്നത്.

ഞാനും കുഞ്ഞച്ചനും മാത്രമായി കുറെ നിമിഷങ്ങൾ. ഞാൻ ഒന്നും പ്രാർത്ഥിച്ചില്ല. എന്റെ ഏകപ്രാർത്ഥന ലോകത്തിലെല്ലാവരും സുഖമായിരിക്കണേ എന്നല്ലാതെ, എനിക്കുവേണ്ടി പരിദേവനങ്ങളൊന്നും ഒരു സന്നിധിയിലും ഞാൻ സമർപ്പിക്കാറില്ല. ലോകനിയന്താവിന് എല്ലാം അറിയാൻ കഴിയും. എന്റെ സങ്കടങ്ങളാണ് എന്റെ പ്രാർത്ഥന.

പക്ഷേ, മൗനമുദ്രിതമായ ആ നിമിഷങ്ങളിലൊന്നിൽ കുഞ്ഞച്ചൻ എന്നെ തൊട്ടു. സത്യം.

ഒരു മകരക്കുളിർ മഞ്ഞുതുള്ളിപോലെ. കുഞ്ഞച്ചനെക്കുറിച്ച് എഴുതാൻ മോഹിച്ച നോവലിന് അഗസ്ത്യായനം എന്ന പേര് കുഞ്ഞച്ചൻ എന്നിലേക്കെടുത്തു വയ്ക്കുകയായിരുന്നു. ആ നിമിഷങ്ങളിൽ ഒരമൃതമഴ ഞാനനുഭവിച്ചു. അതൊരു പുണ്യനിമിഷമായിരുന്നു.

എഴുതിത്തുടങ്ങുന്നതിനു മുമ്പേ, എഴുതാൻ പോകുന്ന കഥയ്ക്കോ നോവലിനോ നല്ല ഒരു പേര് എനിക്ക് അനിവാര്യമാണ്. ഒരു നല്ല പേര് എന്റെ എഴുത്തിന്റെ വ്യഥകൾക്ക് കാഠിന്യം കുറയ്ക്കും. ഇത് എന്നെ സംബന്ധിക്കുന്ന കാര്യം മാത്രമാണ്.

അഗസ്ത്യായനം എന്ന പേരു മാത്രം മതിയായിരുന്നു, ഒരു നോവൽകൊണ്ട് എനിക്ക് കുഞ്ഞച്ചന്റെ ജീവിതം പറയാൻ.

പിന്നീടുള്ള രാത്രികളിൽ എന്റെ എഴുത്തുമേശയ്ക്കരുകിൽ കുഞ്ഞച്ചനുമുണ്ടായിരുന്നു എനിക്കു കൂട്ടായി. മൗനംകൊണ്ട് ഞാൻ കുഞ്ഞച്ചനോടും കുഞ്ഞച്ചൻ എന്നോടും സംസാരിച്ചുകൊണ്ടിരുന്നു.

ഇരുപത്തൊന്നധ്യായങ്ങളുള്ള അഗസ്ത്യായനം എന്ന കുഞ്ഞച്ചൻനോവൽ ഒരു വർഷത്തിലധികം കാലമെടുത്തു. ചന്ദ്രിക ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ചാവുകടൽ എന്ന നോവലിൽനിന്ന് അഗസ്ത്യായനത്തിലേക്കു മുപ്പതുവർഷങ്ങളുടെ എഴുത്തകലമുണ്ട്. എന്നിട്ടും അഗസ്ത്യായനത്തിൽ ഒരക്ഷരവും വെട്ടേണ്ടി വന്നില്ലെനിക്ക്. ഒരു വാചകവും മാറ്റിയെഴുതേണ്ടി വന്നില്ല.

പിച്ചവയ്ക്കാൻ ശ്രമിക്കുന്ന ഒരു കൊച്ചുകുട്ടിയുടെ മെയ്വഴക്കത്തോടെയാണ് ഞാൻ അഗസ്ത്യായനത്തിന്റെ ഓരോ വാക്കും കൊരുത്തെടുത്തത്.

പരീക്ഷക്കാലങ്ങളിൽ പേന വെഞ്ചരിച്ചു കിട്ടാനായി കുഞ്ഞച്ചനെ സമീപിക്കുന്ന കുട്ടികളെപ്പറ്റി കേട്ടിട്ടുണ്ട്. കുഞ്ഞച്ചൻ വെഞ്ചരിച്ച പേനകൊണ്ടെഴുതിയാൽ പരീക്ഷകളിൽ വിജയം സുനിശ്ചിതം.

അറുപതു കഴിഞ്ഞിട്ടും ഒരു വിദ്യാർത്ഥിയായ എന്റെ എഴുത്തുപേനയും രാമപുരത്തു കുഞ്ഞച്ചൻ തന്റെ അദൃശ്യകരങ്ങൾകൊണ്ടു വെഞ്ചരിച്ചിരിക്കുന്നു. അതുകൊണ്ടാണ് അഗസ്ത്യായനം, ദേവാങ്കണം എന്നിവയൊക്കെ എനിക്ക് എഴുതാനായത്. സത്യം. കുഞ്ഞച്ചൻ തന്റെ വിശുദ്ധാംഗുലികൾകൊണ്ട് എന്നെ തൊട്ടിരിക്കുന്നു.

■

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സാഹിത്യമത്സരങ്ങൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ കഥ, കവിത, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിൽ മത്സരം സംഘടിപ്പിക്കുന്നു. പ്രതിപാദനവിഷയം ബൈബിളിലെ ഏതു ഭാഗമാണെന്നു വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതു മിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോമുമ്പു പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധിനിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല.

രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.

അല്മായർ, സെമിനാരിവിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിനുമുള്ള വിഷയം താഴെ കൊടുക്കുന്നു.

പൊതുവിഷയം: സഭാനവീകരണം: "സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എഫേസോസ് 4: 20-22.

(എഫേസോസുകാർക്കെഴുതിയ ലേഖനം മുഴുവനും പ്രത്യേകമായി 2:20-22, 5:22-30, 4: 4-6; 1 കോറി 3: 16-17; ഏശ. 40,31 11, ആമോസിന്റെ പുസ്തകം: മത്തായി 18).

ഗ്രൂപ്പ് നമ്പർ 1 : അല്മായർ; വിഷയം : സഭാനവീകരണം അല്മായരുടെ വീക്ഷണത്തിൽ

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ; വിഷയം: സഭാനവീകരണം സെമിനാരിവിദ്യാർഥികളുടെ വീക്ഷണത്തിൽ.

ഗ്രൂപ്പ് നമ്പർ 3 : സന്ന്യാസിനികൾ; വിഷയം: സഭാനവീകരണം സന്ന്യാസിനികളുടെ വീക്ഷണത്തിൽ.

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD / Bank transfer to KCBC Bible Commission A/c No. 0423053000006271. IFSC SIBL0000423, SWIFT SOININ55, South Indian Bank, Vennala Branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുമ്പ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2022 ഒക്ടോബർ 22.

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം, വെണ്ണല പി.ഒ. കൊച്ചി - 682 028.

കവിത



അഡ്വ. എ.റ്റി. തോമസ് വാളനാട്ട്

## അങ്ങനെയായിരുന്നെങ്കിൽ!

നല്ലൊരു ചുമർചിത്രം ഞാൻ വരച്ചേനേ ചുമ-
രെന്നടുത്തുണ്ടായിരുന്നെങ്കിലെന്നോർക്കുന്നു ഞാൻ
നല്ലൊരു കവിത ഞാൻ രചിച്ചീടുമായിരു-
ന്നെന്നുടെ കൈയിൽ നല്ലോരെഴുത്താണിയുണ്ടെങ്കിൽ
നല്ലൊരു പ്രഭാഷണം കാഴ്ചവച്ചേനേ ഞാന-
ന്നെന്നുടെ കണ്ഠം ശുദ്ധമായിരുന്നെങ്കിൽ
നല്ല മാർക്കു വാങ്ങി ഞാൻ വിജയിച്ചേനേ ഓർമ്മ
നല്ലപോൽ ജ്വലിച്ചെങ്കിൽ, ബുദ്ധിയിൽ തെളിഞ്ഞെങ്കിൽ
നല്ലൊരു പെരുമാറ്റം കാഴ്ചവച്ചേനേ എന്നോ-
ടേവരും നന്നായ് പെരുമാറിയിരുന്നെങ്കിൽ
നല്ല ജീവിതം നയിച്ചീടുമായിരുന്നു ഞാൻ
നല്ല കാര്യങ്ങൾ ഈശൻ നൽകിയിരുന്നെങ്കിൽ
ഒന്നുമെന്നുടെ കുറ്റമല്ലെന്നതു കേട്ട
നിങ്ങളേവർക്കും ബോധ്യം വന്നതെൻ സമാശ്വാസം.
കുറ്റമൊന്നുമേ പൊറുത്തില്ല ഞാനെന്നിൽത്തന്നെ
മറ്റു സോദരങ്ങളിൽ മുഴുവൻ വിധിച്ചു ഞാൻ
ഇന്നു ഞാൻ നോക്കുന്നേരത്തൊന്നുമേ ശരിയായി-
ല്ലെന്നൊരു തോന്നൽ തെല്ലു ഖിന്നനാക്കിടുന്നെന്നെ.

# വെള്ളിത്തിരയിലെ 'തെറി'പ്പുറപ്പാടുകൾ




**വി**വാഹം കഴിഞ്ഞ ആദ്യ നാളുകളിലെന്നോ ആണെന്നു തോന്നുന്നു, സുഹൃത്തുക്കളുമൊത്തുള്ള ഒരു സംഭാഷണത്തിനു സാക്ഷ്യംവഹിച്ച ഭാര്യ അതിലൊരാളുടെ ഒരു വാക്കിനെച്ചൊല്ലി പിന്നീട് അസ്വസ്ഥയായി.

അയാളെന്തിനാണു തെറി വിളിച്ചത് എന്നായിരുന്നു ഭാര്യയുടെ ചോദ്യം. സംഭാഷണത്തിലൊരിടത്തും തെറിയുടെ സാധ്യത ഇല്ലായിരുന്നുവെന്ന് ഉറപ്പുള്ളതുകൊണ്ട് ആശ്ചര്യപ്പെട്ടതു ഞാനായിരുന്നു. അപ്പോൾ താൻ കേട്ട തെറിവാക്ക് ഭാര്യ ഉദ്ധരിച്ചു: കോപ്പ് എന്നതായിരുന്നു ആ വാക്ക്.

കോപ്പിനെ ഒരു തെറിവാക്കായി പാലാക്കാർ കരുതുന്നില്ലെന്ന് അന്യജില്ലക്കാരിയായ ഭാര്യയെ ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും അതൊരു തെറിവാക്കല്ലെന്നു വർഷമിത്ര കഴിഞ്ഞിട്ടും സമ്മതിച്ചുതരാൻ അവൾ തയ്യാറായിട്ടില്ല.

മനസ്സിലേക്ക് ഈ സംഭവം ഇപ്പോൾ കടന്നുവന്നതിനു കാരണമുണ്ട്. മലയാളസിനിമയിലെ കഥാപാത്രങ്ങൾ മുതൽ നടീനടന്മാർവരെ പരസ്യമായി തെറി പറഞ്ഞുതുടങ്ങിയിരിക്കുന്ന മലീമസമായ ഒരു വർത്തമാനകാലത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. തെറിയെ സാമാന്യവത്കരിക്കുകയും ലഘൂകരിക്കുകയും ചെയ്യുന്ന അപകടപ്രവണത സമൂഹത്തെ മുഴുവൻ പിടികൂടിയിരിക്കുന്നതിൽ ഇന്നത്തെ സിനിമകളും ചലച്ചിത്രനടീനടന്മാരും വഹിക്കുന്ന പങ്ക് നിസ്സാരമൊന്നുമല്ല.

സിനിമയും സിനിമക്കാരും പറയുന്നതിനെ അനുകരിക്കാൻ ആരാധകർ ഏറെയുള്ളതാണ് ഇതിനെ ഒരു അപകടമാക്കിമാറ്റുന്നത്. തെറിയെന്നു പറയുമ്പോൾ സാധാരണമായി മനസ്സിലേക്കു കടന്നുവരുന്ന ഒരുപിടി വാക്കുകളുണ്ട്. ആ വാക്കുകളെല്ലാം നാം കേട്ടിരിക്കുന്നതും അവയുടെ ഉപയോക്താക്കളായി കരുതിയിരിക്കുന്നതും ചില നിർദ്ദിഷ്ടവ്യക്തികളെയായിരുന്നു.

സമൂഹത്തിൽ മേലേക്കിടയിലുള്ളവരെന്നും വിദ്യാസമ്പന്നരെന്നും കരുതുന്നവരുടെ വായിൽനിന്ന് അത്തരമൊരു വാക്ക് നാമാരും പ്രതീക്ഷിക്കുന്നതേയില്ല. മദ്യപരെന്നോ വിദ്യാരഹിതരെന്നോ കരുതപ്പെടുന്ന സമൂഹത്തിലെ താഴേക്കിടയിലുള്ളവരുടെ സംസ്കാരചിഹ്നമായിട്ടാണ് തെറി പൊതുവെ വ്യവഹരിക്കുന്നത്. സ്ത്രീകൾ അതുപയോഗിക്കാറില്ലെന്നും നാം കരുതുന്നു.

പക്ഷേ, കാലം മാറുമ്പോൾ തെറിയും ലൈംഗികച്ചുവയുള്ള ആംഗ്യങ്ങളും വിക്ഷേപങ്ങളും മോശംകാര്യമല്ലെന്നു വരുന്നു, സ്ത്രീപുരുഷഭേദം അക്കാര്യത്തിൽ ഇല്ലെന്നും. വിദ്യാഭ്യാസവും ജോലിയും സൗന്ദര്യവുമുള്ള സ്ത്രീകൾപോലും തങ്ങളുടെ സ്വത്വപ്രകടനത്തിന്റെയും സ്ത്രീസമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രകടനമായി തെറി ഉപയോഗിക്കുന്നവരായി മാറിയിരിക്കുന്നു. ചില കാര്യങ്ങളോടുള്ള വിയോജിപ്പുകൾ പ്രകടിപ്പിക്കാനും മറ്റെയാളെ നിരായുധനാക്കാനും നടുവിരൽപ്രയോഗം നടത്തുന്നത് ഇന്ന് സാധാരണമായിക്കഴിഞ്ഞിരിക്കുന്നു. സോഷ്യൽമീഡിയകളിലെ ചില പ്രതികരണങ്ങൾ വിശദമാക്കുന്നത് ഇതാണ്.

ഇത്തരമൊരു (ദു)സ്വാതന്ത്ര്യത്തിലേക്കു സമൂഹം മാറിയതിൽ നിർണായകമായ ഇടപെടലും സ്വാധീനവും വരുത്തിയിരിക്കുന്നത് സിനിമകളാണ്. മുമ്പു ചില ലേഖനങ്ങളിൽ പരാമർശിച്ചിട്ടുള്ളതുപോലെ ഇവയൊന്നും നെഗറ്റീവ് ഷേഡുള്ള കഥാപാത്രങ്ങളുടെ സംഭാവനയല്ല; മറിച്ച്, നായകന്റെ വീരസ്യങ്ങളുടെ ഭാഗമാണ് എന്നുവരുമ്പോൾ താരാരാധനയുള്ള നമുക്ക് അതു സ്വീകാര്യമായിത്തോന്നുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്നു.

ഡ്രൈവിങ് ലൈസൻസ് സിനിമയിൽ ഡ്രൈവിങ് ലൈസൻസ് പരീക്ഷ പാസാകാൻ വരുന്ന സൂപ്പർതാരം (പൃഥിരാജ്) തന്റെ എതിരാളിയായ ഉദ്യോഗസ്ഥനെ നിരായുധനാക്കാനും നിശ്ശബ്ദനാക്കാനും നടുവിരൽ പ്രയോഗം നടത്തിയത് ഓർമിക്കുക. ഇഷ്ക്ക് എന്ന സിനിമയിൽ അപരിചിതനായ ഒരു പുരുഷനൊപ്പം ഒരു പ്രത്യേകസാഹചര്യത്തിൽ രാത്രി ചെലവഴിക്കേണ്ടിവന്ന കാമുകിയെ കാമുകൻ സംശയിക്കുമ്പോൾ തെറ്റു ചെയ്യാത്തവളായ കാമുകി, കാമുകനെ നേരിടുന്നത് നടുവിരൽ ഉയർത്തിക്കാണിച്ചാണ്. ചിത്രം അവസാനിക്കുന്നത് ഈ ദൃശ്യത്തോടെയാണ്. വിപ്ലവകരമായ ക്ലൈമാക്സ് എന്നായിരുന്നു ചിത്രത്തെക്കുറിച്ചുള്ള നിരൂപണങ്ങൾ.

ഇന്ന് കൊച്ചുകുട്ടികൾപോലും ഇത്തരം ആംഗ്യങ്ങൾ അർത്ഥമറിഞ്ഞും അറിയാതെയും ഉപയോഗിക്കുന്നു എന്നതു നിസ്സാരമാക്കാനാവില്ല, അതു നിഷേധിക്കാനുമാവില്ല.

സുരേഷ്ഗോപി ചിത്രങ്ങളിലായിരുന്നു ഒരു കാലത്ത് തെറി പ്രത്യക്ഷപ്പെട്ടിരുന്നത്. എന്നാൽ, ഇപ്പോഴത്തെ ചില തനിനാടൻ തെറികളുമായി തട്ടിച്ചുനോക്കുമ്പോൾ രൺജിപണിക്കർ എഴുതിക്കൊടുത്ത ആ ഇംഗ്ലീഷ് തെറികളൊന്നും തെറികളേ അല്ലെന്നുവരും.

മലയാളസിനിമയിൽ ഇത്തരത്തിലുള്ള തനിനാടൻ തെറികൾ പ്രത്യക്ഷപ്പെട്ടത് എന്നുമുതലായിരുന്നു? മറ്റു പല മാറ്റങ്ങൾക്കും കാരണമായ ഒടിടി കാലത്തായിരുന്നു ഇത്തരം തെറികൾക്കു തുടക്കം കുറിച്ചത്. ദിലീഷ് പോത്തൻ-ഫഹദ് ഫാസിൽ ടീമിന്റെ ജോജിയിലാണ് ആരംഭം. നായകനായ ജോജിയാണ് കോട്ടയത്തിന്റെ പശ്ചാത്തലത്തിൽ കഥപറഞ്ഞ ആ സിനിമയിൽ തെറി പറഞ്ഞത്. ആ തെറിയെ വളരെ സ്വാഭാവികമായിട്ടായിരുന്നു അവതരിപ്പിച്ചിരുന്നതും. ഒരുപക്ഷേ, കോട്ടയംകാരൊക്കെ അത്തരം തെറികൾ കേട്ടിട്ടുള്ളവരും ചിലരൊക്കെ പറഞ്ഞിട്ടുള്ളവരുമാകാം.



എങ്കിലും അന്യജില്ലക്കാരിൽ പലർക്കും അതത്ര പരിചിതമായിരുന്നില്ല. അതുകൊണ്ടായിരിക്കും ജോജി കണ്ട ചില അയൽജില്ലക്കാർ ഇത്തരം തെറികളൊക്കെയാണോ നിങ്ങളുടെ സംസാരഭാഷയിലുള്ളതെന്നു സംശയിച്ചത്. ജോജിയിലെ ഈ തെറി വെറുമൊരു സാമ്പിൾ മാത്രമായിരുന്നു; തെറിപ്പൂരം വന്നത് പിന്നാലെയാണ്, ലിജോ ജോസിന്റെ ചുരുളിയിൽ.

ആദ്യത്തെ അഞ്ചോ പത്തോ മിനിറ്റിനുശേഷം മുഴുവൻ സിനിമയിൽ വലുപ്പച്ചെറുപ്പമില്ലാതെയും ലിംഗഭേദമില്ലാതെയും തെറിപറച്ചിലാണ്. ഭൂരിപക്ഷം മലയാളികളും കേട്ടിട്ടില്ലാത്തതുകൂടിയായിരുന്നു ആ തെറികൾ. ഇയർഫോൺ വച്ചു മാത്രം മലയാളികൾകണ്ട സിനിമയേതാണെന്നു ചോദിച്ചാൽ അതിനൊറ്റ ഉത്തരമേയുള്ളൂ - ചുരുളി.

ചുരുളി സമൂഹത്തെ മലീമസമാക്കുമെന്നും അതു തടയണമെന്നും കേസുകൊടുത്തിട്ടുപോലും വ്യക്തിപരമായി സിനിമയോടു വിയോജിപ്പു രേഖപ്പെടുത്തിയ ജഡ്ജിക്കുപോലും ആ സിനിമയെ ആവിഷ്കാരസ്വാതന്ത്ര്യമെന്ന പേരിൽ അംഗീകരിച്ചുകൊടുക്കേണ്ടിവന്നുവെന്നതാണ് നടുക്കുന്ന സത്യം. ബുദ്ധിജീവിക്ലീഷേകളിൽ കുടുങ്ങി ചുരുളിയെ ഗംഭീരമായി കൊണ്ടാടിയ അരാജകവാദികൾക്കു കിട്ടിയ അപ്രതീക്ഷിതവിജയം കൂടിയായിരുന്നു കോടതിവിധി.

തെറി വിളിക്കുന്നതും പറയുന്നതും ആവിഷ്കാരസ്വാതന്ത്ര്യമായി ആഘോഷിക്കുന്ന ഒരു രാജ്യം ഒരുപക്ഷേ നമ്മുടേതുമാത്രമാകാം. സഭയെയും വൈദികരെയും ക്രിസ്തുവിനെയും അപമാനിക്കുന്ന വിധത്തിൽ സിനിമാ-സാഹിത്യങ്ങൾ ഉണ്ടാകുന്നതിനെയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പരിധിയിൽപ്പെടുത്തി കുറ്റവിമുക്തമാക്കുകയും ചെയ്യുന്നുണ്ടല്ലോ. അതായത്, സമൂഹത്തെയോ മതവിശ്വാസത്തെയോ സനാതനമൂല്യങ്ങളെയോ കളങ്കപ്പെടുത്തുകയോ മലീമസമാക്കുകയോ ചെയ്യുന്നതിനെയെല്ലാം ആവിഷ്കാരസ്വാതന്ത്ര്യമെന്ന പേരിൽ നാം കുറ്റവിമുക്തമാക്കുന്നു.

ചുരുളിയുടെ ഹാങ് ഓവർ ചെറുപ്പക്കാരെ എത്രത്തോളം പിടികൂടിയിട്ടുണ്ട് എന്നതിനു നേരിട്ടനുഭവിച്ച ഒരു കാര്യംകൂടി പറയട്ടെ. ചുരുളി ഇറങ്ങി ഏതാനും ആഴ്ചകൾക്കുശേഷമായിരുന്നു ഇടവകയിലെ പെരുനാൾ. പെരുനാൾമുറ്റത്തേക്കു നടന്നുപോകുമ്പോൾ ഒരു പറ്റം ചെറുപ്പക്കാർ കൂട്ടംകൂടി നിന്ന് ലാഘവത്തോടെ ചുരുളി പ്രയോഗിക്കുന്നു, ആരെങ്കിലും കേൾക്കുന്നുണ്ടോയെന്നുപോലും ചിന്തയില്ലാതെ. അതിനവരെ കുറ്റം പറയേണ്ട കാര്യമില്ലെന്ന് ആദ്യത്തെ ഞെട്ടലിനുശേഷം സ്വയം ആശ്വസിച്ചു. ചുരുളി തുറന്നുവിട്ട സ്വാതന്ത്ര്യം തെറികളെ സാമാന്യവത്കരിക്കുകയും ജനകീയമാക്കുകയും ചെയ്തിരിക്കുന്നു.

ചുരുളിയിലെ പെങ്ങൾതങ്ക എന്ന കഥാപാത്രത്തിന്റെ തുടർച്ചപോലെയായിരുന്നു ഫ്രീഡം ഫൈറ്റ് എന്ന ആന്തോളജിയിലെ അൺചെയ്ൻഡ് എന്ന ഹ്രസ്വസിനിമയിൽ രജീഷ വിജയന്റെ കഥാപാത്രം താൻ വിവാഹം കഴിക്കാനാഗ്രഹിക്കുന്ന ചെറുപ്പക്കാരനെ തെറിവിളിക്കുന്നത്. ഒരു മാലിന്യവണ്ടി ദേഹത്തേക്കു വീണതുപോലെയാണ് അതുവരെ സിനിമയിൽ മുഴുകിയിരുന്ന ഒരു സാദാ പ്രേക്ഷകന് ആ തെറിസീൻ അനുഭവപ്പെട്ടത്.

സിനിമയിൽനിന്നു മാറി ഇപ്പോൾ സിനിമാക്കാർ മാധ്യമങ്ങളിലൂടെ തെറിവിളിക്കുന്നതിലെത്തി നില്ക്കുകയാണു കാര്യങ്ങൾ. ഈയിടെ മലയാളത്തിലെ ഒരു യുവനടനുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഓർമിക്കുക. സിനിമ നല്കിയ സ്വാതന്ത്ര്യംതന്നെയാണ്, തന്നെ അഭിമുഖം നടത്താൻവന്ന പെൺകുട്ടിയെ ചീത്ത വിളിക്കാൻ പ്രസ്തുത നടനു പ്രചോദനം നല്കിയതും.

സിനിമയിൽ തെറിവിളിക്കുമ്പോൾ കിട്ടുന്ന കൈയടിപോലെ ഈ തെറിവിളിയും സ്വീകാര്യമാവുമെന്നു നടൻ വിചാരിച്ചു. പക്ഷേ, മാനഹാനിയും സമയനഷ്ടവുമാണ് ഉണ്ടായതെന്നതാണു യാഥാർത്ഥ്യം.

സമാനമായ രീതിയിൽ അല്ലെങ്കിലും ആരാധകവൃന്ദത്തിനിടയിൽപ്പെട്ടുപോയ ടൊവീനോ തോമസ് ഒരാളെ പരസ്യമായി തെറിവിളിക്കുന്ന ഒരു വീഡിയോയും ഒരിക്കൽ കണ്ടതോർക്കുന്നു. തങ്ങൾക്കു കിട്ടിയ പ്രശസ്തിയുടെയും പണത്തിന്റെയുംപേരിൽ പൊതുസമൂഹത്തെ തെറി വിളിക്കാൻ ഇവർക്കൊക്കെ ആരാണ് അധികാരം നല്കിയിരിക്കുന്നത്? അഹങ്കാരവും മുൻകോപവും താൻപോരിമയുമാണ് ഇത്തരം തെറിവിളികളിലൂടെ പുറത്തുവരുന്നത്.

തെറിയെന്നും തെറിയാണ്. അതൊരു സംസ്കാരവും അടയാളപ്പെടുത്തലുകളുമാണ്, ഞാനെന്തോ അതാണ് എന്റെ വാക്കുകളിലൂടെ പലപ്പോഴും കടന്നുവരുന്നത്. സിനിമകളിലെ തെറി ആഘോഷിക്കപ്പെടേണ്ടതല്ല, സിനിമാക്കാരുടെ തെറി പ്രോത്സാഹിപ്പിക്കേണ്ടതുമല്ല.

ഒരു പ്രമുഖ ക്ഷേത്രത്തിലെ ആചാരങ്ങളിൽ പ്രധാനപ്പെട്ടതാണ് തെറിപ്പാട്ടെന്നു കേട്ടിട്ടുണ്ട്. മനസ്സിൽ അടിഞ്ഞുകൂടുന്ന ഫ്രസ്ട്രേഷൻസ് എല്ലാം പുറത്തുകൊണ്ടുവന്ന് സ്വയം ലഘൂകരിക്കപ്പെടാനുള്ള ഒരു മനഃശാസ്ത്രതത്ത്വംകൂടിയാവാം ഇവിടെ പരീക്ഷിക്കപ്പെടുന്നത്. പക്ഷേ, അത് അവിടംകൊണ്ടു തീർന്നു. സിനിമാക്കാരും സിനിമകളും തെറിയെ ഔദ്യോഗികഭാഷയാക്കുമ്പോൾ കോട്ടം സംഭവിക്കുന്നത് സമൂഹത്തിന്റെ ചില പൊതുമര്യാദകൾക്കും സംസ്കാരത്തിനുമാണ്. അതിന് തടയിട്ടേ തീരൂ.

ഇനി തെറി വിളിച്ചേ മാലിന്യം പുറത്തുകൊണ്ടുവരാൻ കഴിയൂ എന്നു തീരുമാനിച്ചവർ പരസ്യമായി തെറിവിളിക്കാതെ സ്വന്തം മുറിയിലോ ബാത്തുറൂമിലോ കയറി തെറിവിളിച്ച് സ്വാതന്ത്ര്യം നേടട്ടെ. എന്തിന് സമൂഹമലിനീകരണം നടത്തി മനസ്സുകളെ അസ്വസ്ഥമാക്കണം? തെറിയൊരിക്കലും കലയല്ലെന്ന് ഇവിടെ ആര് ആരെ പഠിപ്പിക്കും?

■




ഗിരീഷ് കെ. ശാന്തിപുരം

അനന്തരം സന്ധ്യയായി. ഉഷസ്സായി.

പൂർവാഹ്നവെയിൽ വീഴും മുമ്പേ അരുവാമൊഴിയിൽ സംഭവിച്ചത് മറ്റൊരദ്ഭുതം. അധികാരികളോ കാവൽഭടന്മാരോ അങ്ങനെയൊന്നു പ്രതീക്ഷിച്ചിരുന്നില്ല. അതു തടയാൻ അവർക്കായതുമില്ല.

പാണ്ടിക്കും തിരുവിതാംകൂറിനുമിടയിലുള്ള ഒരു ചൗക്ക (ചെക്ക് പോസ്റ്റ്) സ്ഥലമായിരുന്നു അരുവാമൊഴി. പാണ്ടിയിൽനിന്നു തിരുവിതാംകൂറിലേക്കും തിരിച്ചുമുള്ള ഗതാഗതത്തിന് ഏകമാർഗവും അനേകായിരം ജനങ്ങൾക്ക് ഉപകാരപ്രദവുമായ ഒരങ്ങാടിസ്ഥലവുമായിരുന്നു. കൂടാതെ, വടക്കുംകുളം, തിരുനൽവേലി, തൂത്തുക്കുടി, മണപ്പാട് തുടങ്ങിയ സ്ഥലങ്ങളിലേക്കു യാത്ര ചെയ്തിരുന്നവരുടെ താവളസ്ഥലമായിരുന്നു അരുവാമൊഴി.

അരുവാമൊഴിക്ക് രാത്രിയിൽ ഉറക്കമില്ല. ആയിരക്കണക്കിനു യാത്രക്കാരും കച്ചവടക്കാരുമായി അരുവാമൊഴി ചൗക്കയും പരിസരവും രാപകൽ ജനനിബിഡം.

ആ നിബിഡതയിലേക്കാണ് ദേവസഹായത്തിനെ അരുവാമൊഴിയിൽ കൊണ്ടുവന്ന് കഷ്ടപ്പെടുത്തുന്നു എന്ന വാർത്തയെത്തിയത്.

കമ്പക്കെട്ടുപോലെ വാർത്ത പടർന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി ദേവസഹായത്തെ കാണാനെത്തി. അവർ കാവൽക്കാരെ വകവച്ചില്ല.

എല്ലാ വിലക്കുകളും ലംഘിച്ച് അവർ ദേവസഹായത്തെ കണ്ടു. സംസാരിച്ചു. അദ്ദേഹമനുഭവിക്കുന്ന കഷ്ടതകൾ കണ്ടു വിസ്മയിച്ചു. വിലപിച്ചു.

ഒരു സാധാരണമനുഷ്യന് ഇത്ര കൊടിയ പീഡനങ്ങൾ സഹിക്കാൻ കഴിയില്ലെന്ന് അവർ ഉറപ്പിച്ചു. ജനങ്ങൾ വേദസാക്ഷി എന്ന നിലയിൽ അദ്ദേഹത്ത വണങ്ങി. നമസ്കരിച്ചു. ജനങ്ങൾ അവനിൽ വിശ്വസിച്ചു.

ദിനംപ്രതി സന്ദർശകരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. ജനങ്ങൾ ദേവസഹായത്തോടു ഭയഭക്തിബഹുമാനത്തോടെ പെരുമാറി.

പലവിധ രോഗങ്ങളാൽ വലയുന്നവർ സുഖപ്പെടുന്നതും ചഞ്ചലചിത്തർ സമാധാനചിത്തരായി മടങ്ങുന്നതുംകണ്ട് ദേവസഹായത്തെ സൂക്ഷിച്ചിരുന്ന ഭടന്മാർപോലും അനുകമ്പാലുക്കളായി ഭവിച്ചു.

പുണ്യപുരുഷനെ കാണുന്നതിനും അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും ഭക്ഷണപാനീയങ്ങൾ കൊടുക്കാനും എത്തിച്ചേരുന്ന ആളുകളെ ഭടന്മാർ തടഞ്ഞില്ല.

ദേവസഹായത്തിന്റെ ഖ്യാതി അയൽനാടുകളിലേക്കും പരന്നു. തിരുവിതാംകൂറിലെവിടെയും ദേവസഹായത്തിനു ജീവിച്ചിരിക്കുന്ന ഒരു വിശുദ്ധന്റെ പരിവേഷം വന്നുചേർന്നു.

സ്ഥലം അധികാരികൾക്കും ബ്രാഹ്മണർക്കും ദേവസഹായം കണ്ണിലെ കരടായി മാറുകയായിരുന്നു. അവരെ ഏറ്റവും അലോസരപ്പെടുത്തിയത് ക്രിസ്തുമതം സ്വീകരിക്കുന്നവരുടെ എണ്ണത്തിലുണ്ടായ വർദ്ധനവാണ്.

എങ്ങനെയും നീലകണ്ഠനെ വകവരുത്തിയേ ഒക്കൂ. അതിന് ഏതു മാർഗം സ്വീകരിക്കേണ്ടിവന്നാലും തരക്കേടില്ല. അല്ലെങ്കിൽ നമ്മുടെ മതത്തിന്റെ മഹിമയെക്കുറിച്ചും നമ്മുടെ ദേവീദേവന്മാരുടെ ശക്തിയെക്കുറിച്ചും ജ്ഞാനമില്ലാത്ത നമ്മുടെ ആളുകളൊക്കെ അവന്റെ നീചമതം സ്വീകരിക്കും. തിരുവിതാംകൂറാകെ സത്യവേദക്കാരെക്കൊണ്ടു നിറയും. നമ്മുടെ നാട്ടിൽ മുട്ടിനുമുട്ടിനു പള്ളികളുയരും. നമ്മുടെ ക്ഷേത്രങ്ങൾ ക്ഷയിക്കും. അങ്ങനെവന്നാൽ നമ്മുടെ ദേവന്മാർക്കും നമുക്കും നാട്ടിലെന്തുവില? ആരു നമ്മെ ബഹുമാനിക്കും? ആരു നമ്മെ ഭയക്കും?"

ബ്രാഹ്മണമുഖ്യൻ പറയുന്നതു സത്യമാണെന്ന് ഏവർക്കും ബോധ്യമുണ്ട്. ഒരാൾ ചോദിച്ചു:

"എങ്ങനെ നീലകണ്ഠനെ വകവരുത്തും?"

"ഏതു വിധേനയും."

"ശരിതന്നെ. പക്ഷേ, അതേതുവിധത്തിൽ?"

അതിനൊരുത്തരം ആർക്കും പെട്ടെന്നു സാധ്യമായില്ല. ഏറെനേരം ആലോചിച്ചിട്ടും ഒരു തീർപ്പിലെത്താൻ അധികാരികൾക്കോ ബ്രാഹ്മണർക്കോ കഴിഞ്ഞില്ല.

"രാപകൽ ഭേദമില്ലാതെ സന്ദർശകരുണ്ട് നീലകണ്ഠന്. കൂടാതെ കാവൽഭടന്മാരും. മുൻപിന്നാലോചിക്കാതെ എന്തെങ്കിലും ചെയ്തുകൂട്ടിയാൽ നമ്മൾ പിടിക്കപ്പെടും. അങ്ങനെവന്നാൽ നമ്മൾ രാജകോപത്തിനിരയാകും. മഹാരാജാവ് ബ്രാഹ്മണഭക്തനാണെന്നുള്ളതൊക്കെ ശരിതന്നെ. പക്ഷേ, കോപിഷ്ഠനായ മഹാരാജാവിന്റെ ഉടവാളിന് ബ്രാഹ്ണനെന്നോ ക്ഷത്രിയനെന്നോ ഭേദമുണ്ടാവില്ല."

"വേറെന്താണൊരു മാർഗം?"

"ഒരിക്കൽക്കൂടി മഹാരാജാവിനെ ശരണം പ്രാപിക്കുക. ശരിയാംവിധത്തിൽ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തുക. എന്നിട്ടും നീലകണ്ഠന്റെ കാര്യത്തിൽ തീരുമാനമായില്ലെങ്കിൽ എങ്ങനെയും നമ്മളവനെ വകവരുത്തും. അതിനുള്ള ശിക്ഷ തൂക്കുമരമെങ്കിൽ തൂക്കുമരം. ഗളച്ഛേദമെങ്കിൽ ഗളച്ഛേദം..."

അതുതന്നെയാണു കരണീയമെന്നു ഭൂരിപക്ഷത്തിനും തോന്നി.

പിറ്റേന്നുതന്നെ അവർ മഹാരാജാവിനെ മുഖം കാണിച്ചു. അതിയായ സങ്കടമഭിനയിച്ചുണർത്തിച്ചു:

"അല്ലയോ മഹാരാജൻ, നീലകണ്ഠൻ അവന്റെയടുത്തു



വരുന്ന ജനങ്ങളെയെല്ലാം തെറ്റിദ്ധരിപ്പിച്ച് അപകടത്തിലാക്കുകയാണ്. നമ്മുടെ ജനങ്ങൾക്ക് അവന്റെ വേലത്തരങ്ങളൊന്നും മനസ്സിലാക്കാനുള്ള ബുദ്ധിയില്ല. ഏതോ മന്ത്രമുച്ചരിച്ച് അവൻ രോഗികളെ സുഖപ്പെടുത്തുന്നു. അവന്റെ അടുത്തുകൊണ്ടുവന്ന ഒരു മൃതശരീരം ജീവൻവച്ച് എഴുന്നേറ്റ് കരഞ്ഞുകൊണ്ടോടിപോലും. എല്ലാം കെട്ടുകഥകളാണ്. എന്നിട്ടും നമ്മുടെയാളുകൾ അതെല്ലാം വിശ്വസിച്ച് ക്രിസ്തുമതത്തിൽ ചേരുകയാണ്."

"എപ്പോഴുമെന്നപോലെ അവൻ മഹാരാജാവിനെയും ബ്രാഹ്മണരെയും ശപിക്കുന്നു. നമ്മുടെ ദേവീദേവന്മാരെ നിന്ദിക്കുന്നു."

"നാം അവനെ വിലങ്ങു തറച്ച് കാരാഗൃഹത്തിൽ പാർപ്പിച്ചു. എരുമപ്പുറത്തു കയറ്റി അടിച്ചും ഇടിച്ചു നാടെങ്ങും കൊണ്ടുനടന്ന് അപമാനിച്ചു. കരിഞ്ചൂരമുള്ളുകൊണ്ട് ദേഹമാസകലം അടിച്ചുകീറി അരച്ച മുളക് മുറിവുകളികളിൽ പൂശി. പൊള്ളുന്ന വെയിലിൽ പാറപ്പുറത്തുകൊണ്ടിരുത്തി. ഒടുവിൽ ആഹാരമോ വെള്ളമോ കൊടുക്കാതെ തടവിൽ പാർപ്പിച്ചു. എന്നിട്ടും അവൻ മരണപ്പെടാതെ കല്ലുപോലിരിക്കണമെങ്കിൽ ദുർഗാദേവിയുടെ അനുഗ്രഹംകൊണ്ടല്ലാതെ എങ്ങനെ സാധിക്കും."

"ഈ സൂത്രങ്ങളൊന്നും ജനങ്ങളറിയുന്നില്ല. അവർ വിചാരിക്കുന്നത് നീലകണ്ഠനിൽ മറ്റേതോ ദൈവത്തിന്റെ ശക്തിയുണ്ടെന്നാണ്. ആ ശക്തികൊണ്ടാണത്രേ രണ്ടുവട്ടം മഹാരാജാവുതന്നെ അവനെ വധിക്കാൻ ശ്രമിച്ചിട്ടും നടക്കാതെപോയത്."

"അതുകൊണ്ട് നീലകണ്ഠനെ ഇപ്പോൾത്തന്നെ വധിച്ചില്ലെങ്കിൽ അവന്റെ നീചമതം നാട്ടിൽ മുഴുവൻ വ്യാപിക്കുകയും ബ്രാഹ്മണശക്തിയും നമ്മുടെ ദേവന്മാരും ഹിന്ദുമതവും ഈ നാട്ടിൽ നാമാവശേഷമായിത്തീരുകയും ചെയ്യും. അങ്ങനെ വന്നാൽ നമ്മൾ ജീവനോടെയിരിക്കുന്നതിൽ എന്തർത്ഥമാണുള്ളത്?"

ബ്രാഹ്മണരുടെ സങ്കടകരമായ വാക്കുകൾ മഹാരാജാവിനെ സ്പർശിച്ചു. നീലകണ്ഠന്റെ മതപരിവർത്തനമല്ല ഇപ്പോഴത്തെ പ്രശ്നം. അവന്റെ ഹൈന്ദവനിഷേധപ്രവർത്തനങ്ങളാണ്.

അവൻ ഹിന്ദുമതത്തെ ആക്ഷേപിക്കുന്നു. ബ്രാഹ്മണപ്രഭൃതികളെ നിന്ദിക്കുന്നു. നമ്മുടെ ദേവീദേവന്മാരെയും നമ്മുടെ രാജാധികാരത്തെയും വെല്ലുവിളിക്കുന്നു.

മഹാരാജാവിൽ അതിയായ കോപം ജന്യമായി. ഇനിയും നീലകണ്ഠനെ ഈ വിധത്തിൽ തുടരാനനുവദിച്ചുകൂടാ. ഒരർത്ഥത്തിൽ അവൻ ചെയ്യുന്നത് രാജ്യദ്രോഹവും രാജദ്രോഹവുമാണ്. രാജ്യദ്രോഹികൾക്കുള്ള ശിക്ഷ വധശിക്ഷയാണ്.

"നീലകണ്ഠനെ ജനങ്ങളറിയാതെ കാറ്റാടിമലയിൽകൊണ്ടുചെന്ന് വെടിവച്ചുകൊല്ലുക. ഇത് രാജകല്പന."

മഹാരാജാവ് കല്പിച്ചു. കല്പന ഒരോലയിൽ കുറിച്ച് രാജമുദ്രചാർത്തി ബ്രാഹ്മണരെ ഏല്പിക്കുകയും ചെയ്തു.

രാജകല്പനയിൽ ബ്രാഹ്മണർ അകമഴിഞ്ഞ് ആഹ്ലാദിച്ചു. അവർ മഹാരാജാവിനെ പ്രകീർത്തിച്ചു. അവിടുന്നാണ് പ്രജാക്ഷേമതത്പരനായ മഹാരാജാവ് എന്നഭിനന്ദിച്ച് അനുഗ്രഹിച്ചു മടങ്ങി.

ബ്രാഹ്മണരും അധികാരികളും അരുവാമൊഴിയിലേക്കാണു പോയത്. രണ്ടുമൂന്നു ദിവസത്തേക്ക് രാജകല്പന രഹസ്യമാക്കി വയ്ക്കാനവർ തീരുമാനിച്ചു. കാരണം, നീലകണ്ഠനെ വെടിവച്ചു കൊല്ലാനുള്ള സാമഗ്രികൾ ശേഖരിക്കേണ്ടതുണ്ട്. തോക്ക് ഉന്നം പിഴയ്ക്കാതെ പ്രയോഗിക്കാനറിയാവുന്ന പടയാളികളെ രാജപാളയത്തിൽനിന്നുതന്നെ കണ്ടെത്തേണ്ടതുണ്ട്. എല്ലാം പരമരഹസ്യമായിത്തന്നെ വേണംതാനും.

കാര്യങ്ങൾ പുറത്തറിഞ്ഞാൽ ജനങ്ങൾ സംഘടിക്കും. അതൊരു മതവൈരത്തിനു കാരണമായേക്കും. അത് ഒരുപക്ഷേ, ഒരു വർഗീയകലാപത്തിനു വെടിമരുന്നാകാനും മതി. ആയതിനാൽ, രാജകല്പന പുറത്താരുമറിഞ്ഞില്ല.

ദേവസഹായത്തെ കാണാൻ നിർബാധം ആളുകൾ എത്തിക്കൊണ്ടിരുന്നു. ദേവസഹായം വന്നവരോടൊക്കെ സന്തോഷത്തോടെ സംസാരിച്ചു. അവരെ അനുഗ്രഹിച്ചു.

പക്ഷേ, എന്തുകൊണ്ടോ ദേവസഹായത്തിന്റെ മനസ്സിനെ ഒരു കലക്കം ബാധിച്ചിരുന്നു. ആത്മാവിൽ അകാരണമായി ചില വ്യസനങ്ങൾ നിറയുന്നു. മുറിവുകൾ വേദനിക്കാൻ തുടങ്ങി. പ്രഹരമേല്ക്കാതെതന്നെ ചിലതു പൊട്ടിയൊഴുകി. വിയർപ്പ് പൊടിഞ്ഞു.

അനിവാര്യമായതെന്തോ സംഭവിക്കാൻ പോകുന്നുവെന്ന് ദേവസഹായം അകക്കണ്ണാൽ അറിഞ്ഞു.

നേരം സന്ധ്യയോടടുത്തിരുന്നു. അധികാരികളുടെ നിർദേശപ്രകാരമായിരിക്കണം, പടയാളികൾ പൂവരശുമരത്തിൽനിന്ന് കെട്ടുകളഴിച്ച് ദേവസഹായത്തിനെ മരച്ചുവട്ടിലിരുത്തി കുടിക്കാൻ കൊടുത്തു.

ദേവസഹായം ആവോളം കുടിച്ചു. ഭക്ഷിക്കാനുള്ളത് ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ഒന്നും കഴിച്ചില്ല. മരച്ചുവട്ടിൽ പ്രകൃതി ദേവസഹായത്തിനെന്നവണ്ണം കരിയിലവിരിപ്പൊരുക്കിയിരുന്നു. അദ്ദേഹം കൈകാലുകളിലെ വിലങ്ങുകളോടെ കരിയില വിരിപ്പിൽ കിടന്നു.

ആകാശം കറുത്ത മേഘങ്ങളാൽ ആവൃതമായിരുന്നു. വെളിച്ചത്തിന്റെ പൊട്ടുകൾ എങ്ങുമില്ല. രാത്രിക്ക് ഒരു ശ്മശാനമൂകതയുടെ ഗന്ധമുണ്ടായിരുന്നു.

രാത്രി സന്ദർശകരെ തടഞ്ഞുനിറുത്തി തനിക്കു വിശ്രമിക്കാൻ അവസരമൊരുക്കിയിരിക്കുന്നു എന്ന് ദേവസഹായത്തിനു ബോധ്യമായി. കാവൽക്കാരുടെ ദീനാനുകമ്പയിൽ അദ്ദേഹം കൃതജ്ഞതയുള്ളവനാകുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

*ശേഷം 13-ാം പേജിൽ*

# കുഞ്ഞുങ്ങളെ കൊല്ലുന്നതോ സ്ത്രീസ്വാതന്ത്ര്യം?

(1-ാം പേജ് തുടർച്ച)

**മനുഷ്യജീവനു പുല്ലുവിലയോ?**

സുപ്രീം കോടതി 2022 സെപ്തംബർ 29 നു പുറപ്പെടുവിച്ച വിധിവാക്യങ്ങളിൽ പൊതുസമൂഹത്തിൽനിന്നുയരുന്ന ചോദ്യങ്ങൾ ഒട്ടേറെയാണ്. സ്ത്രീപുരുഷ ലൈംഗികബന്ധത്തെത്തുടർന്ന് സ്ത്രീയുടെ ഗർഭപാത്രത്തിൽ രൂപംകൊള്ളുന്ന ഭ്രൂണം ഒരു മനുഷ്യജീവനല്ലേ? ഗർഭാവസ്ഥയിലുള്ള മനുഷ്യവ്യക്തിക്കും ജീവിക്കാൻ അവകാശമില്ലേ? മനുഷ്യജീവന്റെ സംരക്ഷണത്തിനു രാജ്യത്തു നടപ്പാക്കുന്ന വിവിധങ്ങളായ നിയമവ്യവസ്ഥകൾ ഗർഭപാത്രത്തിലായിരിക്കുന്ന മനുഷ്യജീവനും ബാധകമാക്കാത്തതെന്ത്? 1971 വരെ ഗർഭച്ഛിദ്രം കുറ്റകരവും ശിക്ഷാർഹവുമായിരുന്നു. 1971 നുശേഷം ഗർഭച്ഛിദ്രത്തെ വെള്ളപൂശാൻ നിയമവ്യവസ്ഥകൾതന്നെ അട്ടിമറിച്ച സ്ഥാനത്തിൽ കോൺഗ്രസിന്റെ ഭരണകാലത്ത്, അതായത്, 1971 ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കേ, മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് നിലവിൽ വന്നു. രഹസ്യമായും പ്രാകൃതരീതിയിലും നടത്തുന്ന ഗർഭച്ഛിദ്രം സ്ത്രീയുടെ ജീവനു വെല്ലുവിളിയുയർത്തുമെന്ന ശാന്തിലാൽ കമ്മീഷന്റെ കണ്ടെത്തലാണ് വൈദ്യശാസ്ത്രപരമായി ഗർഭം നീക്കംചെയ്യൽ ചട്ടത്തിനു പിന്നിലുള്ളത്.

ഈ നിയമപ്രകാരം ഗർഭധാരണം 12 ആഴ്ച പൂർത്തിയാകുന്നതുവരെ ഗർഭച്ഛിദ്രത്തിന് ഒരു ഡോക്ടറിന്റെ നിർദേശമുണ്ടായിരിക്കണം. ഡോക്ടറാകട്ടെ ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷനുള്ള ആളായിരിക്കണം. 12 ആഴ്ചയ്ക്കും 20 ആഴ്ചയ്ക്കും ഇടയിലാണ് ഗർഭം അലസിപ്പിക്കലെങ്കിൽ മേല്പറഞ്ഞ രീതിയിലുള്ള രണ്ടു



ഡോക്ടർമാരുടെ അംഗീകാരം വേണം. ഗർഭച്ഛിദ്രം നടത്തി പണസമ്പാദനത്തിനായി മെഡിക്കൽ എത്തിക്സിനുപോലും പുല്ലുവില കല്പിക്കുന്ന ക്രൂരതയും ഓരോ ദിവസവും ഈ രാജ്യം കാണുന്നുണ്ട്. 1971 ലെ നിയമപ്രകാരം ഡോക്ടർമാർ നൽകുന്ന ഗർഭച്ഛിദ്രകാരണംകാണിക്കൽ മെഡിക്കൽ റിക്കാർഡിൽ കുറിക്കപ്പെടുന്നതു രണ്ടു കാരണങ്ങളാണ്. ഈ ഗർഭം അമ്മയുടെ ജീവനു ഭീഷണി, അല്ലെങ്കിൽ കുഞ്ഞിനു ബുദ്ധിമാന്ദ്യം, അംഗവൈകല്യം. ആധുനിക വൈദ്യശാസ്ത്ര സാങ്കേതികവിദ്യയുടെ കാലത്തും ഈ വാദഗതി നിലനിൽക്കുന്നുവെന്നതാണ് അതിശയകരം.

**2020 ലെ നിയമഭേദഗതി**

ഗർഭച്ഛിദ്രം ഇന്ത്യയിൽ നിരോധിച്ച 1971 ഓഗസ്റ്റ് 10 വരെയുള്ള കാലത്തിനുശേഷം 20 ആഴ്ചവരെയായ ഗർഭസ്ഥശിശുവിനെ കൊലചെയ്യുന്നതിനു നിയമസാധുത നിലനിൽക്കേയാണ് 2020 ൽ 1971 ലെ ഗർഭച്ഛിദ്രനിയമത്തിനു ഭേദഗതി വരുത്തിയുള്ള ബിൽ മോദിസർക്കാർ അവതരിപ്പിച്ചത്. 2020 മാർച്ച് 17 ന് ലോകസഭയും 2020 മാർച്ച് 16ന് രാജ്യസഭയും ബിൽ പാസ്സാക്കി. തുടർന്ന്, 2021 മാർച്ച് 25 ന് രാഷ്ട്രപതിയുടെ അംഗീകാരവും നേടി. 2021 സെപ്തംബർ 24 മുതൽ ഭേദഗതികൾ പ്രാബല്യത്തിൽവന്നു. കോടിക്കണക്കിനു ഗർഭസ്ഥശിശുക്കളെ നിഷ്കരുണം കൊലചെയ്യാനുള്ള ലൈസൻസ് കൂടുതൽ ഉദാരമാക്കിയുള്ളതാണ് പുതിയ നിയമഭേദഗതികൾ.

2021 സെപ്തംബർ 24 ന് പ്രാബല്യത്തിൽവന്ന പുതിയ നിയമഭേദഗതി പ്രകാരം 24 ആഴ്ചവരെയെത്തിയ ഗർഭസ്ഥശിശുവിനെയും നശിപ്പിക്കാം. രണ്ടു ഡോക്ടർമാരുടെ തീരുമാനം മാത്രം മതി. അതുപോലെതന്നെ ഗൈനക്കോളജിസ്റ്റ്, റേഡിയോളജിസ്റ്റ് എന്നിവരുൾപ്പെടെ ഒരു മെഡിക്കൽ ബോർഡിന്റെ തീരുമാനമുണ്ടെങ്കിലും സമയപരിധി നോക്കാതെ നശിപ്പിക്കാം. അതിനായി ഗർഭസ്ഥശിശുവിന് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെന്നു കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചാൽ മതിയാകും. ഈ നിയമഭേദഗതി സാഹചര്യങ്ങളെപ്പോലും ദുർബലപ്പെടുത്തുന്ന വിധിയാണ്, 2022 സെപ്തംബർ 29 ന് സുപ്രീംകോടതി നടത്തിയിരിക്കുന്നത്. നിയമങ്ങളുടെ വ്യാഖ്യാനങ്ങൾ ഗർഭസ്ഥക്കുരുന്നിനെ കുരുതികൊടുത്ത് സ്ത്രീയുടെ സംരക്ഷണത്തിനു മാത്രമാകുന്നത് ഭാവിയിൽ ആധുനികസമൂഹത്തിൽ വലിയ ദുരന്തങ്ങൾ ഏറ്റുവാങ്ങുന്ന സാഹചര്യമൊരുക്കും.

**ഞെട്ടിക്കുന്ന കണക്കുകൾ**

ഓരോ വർഷവും ഗർഭച്ഛിദ്രത്തിന്റെ ഞെട്ടിക്കുന്ന കണക്കുകളാണു പുറത്തുവരുന്നത്. നിയമങ്ങൾ ലഘൂകരിക്കുമ്പോഴും കൂടുതൽ സുതാര്യമാക്കുമ്പോഴും കണക്കുകൾ ഉയരുന്ന കാഴ്ച വലിയ തകർച്ചയാണ്. ഇന്ത്യയിൽ പ്രതിവർഷം 1.6 കോടി ഗർഭച്ഛിദ്രങ്ങൾ നടക്കുന്നുവെന്ന് ഔദ്യോഗികസ്ഥിരീകരണങ്ങളുണ്ട്. രേഖകളില്ലാത്തവ അതിലെത്ര മടങ്ങുണ്ടാവുമെന്ന് ഊഹിക്കുക. ഗർഭച്ഛിദ്രംമൂലം ഗർഭസ്ഥശിശുവിനോടൊപ്പം മരണപ്പെടുന്ന അമ്മമാരുടെ അഥവാ ഗർഭിണികളുടെ എണ്ണവും കൂടി. ഇപ്പോഴിത് വർഷം 70,000 വരുമെന്നറിയുന്നു. ശാരീരിക വൈകല്യം ഉണ്ടായവരും മാനസികപിരിമുറുക്കത്തിന്റെ അനന്തരഫലമായി സുബോധം നഷ്ടപ്പെട്ട് ജീവിതം തകർന്നവരും ഏറെയുണ്ട്. ലോകമെമ്പാടും ഏകദേശം 5.6 കോടി ഗർഭച്ഛിദ്രങ്ങൾ നടക്കുന്നതായും രാജ്യാന്തര ഏജൻസികൾ നൽകുന്ന കണക്കുകളും രേഖകളും വ്യക്തമാക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ഗർഭച്ഛിദ്രത്തെ അനുകൂലിച്ച് നിയമംമൂലം അംഗീകാരം നൽകിയ പല രാജ്യങ്ങളും ഇപ്പോൾ മാറിച്ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. ജനനനിയന്ത്രണവും ഗർഭച്ഛിദ്രവുംമൂലമുണ്ടായ സാമൂഹികതകർച്ചയിൽനിന്നു കരകയറാൻ ഗർഭച്ഛിദ്രം നിരോധിക്കാൻ വികസിതരാജ്യങ്ങൾ മുന്നോട്ടുവരുമ്പോഴാണ് സാംസ്കാരികപൈതൃകത്തിനു പുകൾപെറ്റ ഇന്ത്യ ഗർഭച്ഛിദ്രത്തിനു കൂടുതൽ നിയമപരിരക്ഷ നൽകി സുതാര്യമാക്കുന്നതെന്നോർക്കണം.

കൊടുംക്രൂരത അംഗീകരിച്ചുകൊടുക്കാനാവുമോ? മനുഷ്യജീവനെ ബോധപൂർവം കൊല്ലുന്ന അധാർമികതയ്ക്കു നിയമസംരക്ഷണം നൽകുന്ന വ്യവസ്ഥിതി അരാജകത്വം ക്ഷണിച്ചുവരുത്തുന്നതാണ്. ദൈവികദാനമായ ജീവന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിൽനിന്നു നിയമസംവിധാനങ്ങൾ ഒളിച്ചോടുന്നത് പുരോഗമനകാഴ്ചപ്പാടുകളുടെ ഭാഗമാണെന്ന ന്യായവാദം തലമുറകളിൽ സൃഷ്ടിക്കുന്ന തകർച്ചയുടെയും സാമൂഹികാധഃപതനത്തിന്റെയും ആഴം വളരെ വലുതാണ്.

**ഗർഭച്ഛിദ്രത്തെ പവിത്രമാക്കിയതാര്?**

1947 ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ മാത്രമല്ല, തുടർന്നിങ്ങോട്ട് രണ്ടരപ്പതിറ്റാണ്ടോളം ഗർഭച്ഛിദ്രം ക്രിമിനൽ കുറ്റമായിരുന്നു. 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 312-ാം വകുപ്പുപ്രകാരം ഗർഭച്ഛിദ്രം നടത്തുന്ന സ്ത്രീയ്ക്ക് കുറഞ്ഞത് മൂന്നു വർഷം കഠിനതടവു ശിക്ഷ വിധിച്ചിരുന്നു.

രാജ്യത്ത് ഗർഭച്ഛിദ്രനിയമം ആവശ്യമുണ്ടോയെന്നു പഠിക്കുന്നതിനായി കേന്ദ്രസർക്കാർ ശാന്തിലാൽ കമ്മീഷനെ നിയമിച്ചു. 1967 ൽ ശാന്തിലാൽ ഷാ കമ്മീഷൻ നൽകിയ റിപ്പോർട്ടിന്റെ അടി

■


## ഈശോ FROM THE BIBLE 28



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## അർത്ഥന

ആ രാത്രിയിൽ സൈത്തുതോട്ടത്തിൽ അതിതീക്ഷ്ണമായി അവൻ അർത്ഥിച്ചു. പ്രാർത്ഥനയെ ഇത്രമാത്രം പ്രണയിച്ച മറ്റൊരു മനുഷ്യനുണ്ടോ? പ്രയാസങ്ങളിൽ ആശ്വാസത്തിനായി പ്രാർത്ഥനയുടെ പാതയാണ് അവൻ തിരഞ്ഞെടുത്തത്. ഹൃദയവ്യഥകളുടെ പാരമ്യത്തിൽ അവനു സങ്കേതമായി തന്റെ താതനും, മുറുകെപ്പിടിക്കാൻ അവിടുത്തെ കരങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രാർത്ഥനയ്ക്ക് ഒരു നിർവചനം അവൻ നല്കിയില്ല. പകരം, നാവു നിറയെ പ്രാർത്ഥനകളായിരുന്നു. നാമും പ്രാർത്ഥിക്കുന്നവരല്ലേ? ആയുസ്സിനെ മുഴു



വൻ പ്രാർത്ഥനകൊണ്ട് ആവരണം ചെയ്തവന്റെ അനുയായികളല്ലേ നാം? ഗുരുവിന്റെ പാദമുദ്രകളിലൂടെയാവണം നമ്മുടെയും പ്രയാണം. ആകയാൽ, പ്രാർത്ഥനയ്ക്കു ജീവിതത്തിൽ പരമമായ പ്രാധാന്യം കൊടുക്കണമെന്ന് അവൻ പഠിപ്പിക്കുന്നു. ആഗ്രഹിച്ചാലും ഇല്ലെങ്കിലും ജീവിതവ്യഗ്രതകളും ആകുലതകളും നമ്മുടെകൂടെയുണ്ടാവും. പക്ഷേ, ആഗ്രഹിച്ചാൽ മാത്രമേ പ്രാർത്ഥനയെന്ന പുണ്യം ജീവിതത്തിന്റെ ഭാഗമാകൂ. പ്രാർത്ഥനയുടെ നിർവചനങ്ങളല്ല, നിമിഷങ്ങളാണ് വാസ്തവത്തിൽ വിലമതിക്കപ്പെടുന്നത്.

ക്രിസ്ത്യാനികളെന്ന നിലയിൽ പ്രാർത്ഥനയ്ക്കു നാം കൊടുക്കുന്ന പ്രാധാന്യമെന്താണ്? എല്ലാം വിഫലമാകുമ്പോൾ അവസാനം ചൊല്ലിക്കൂട്ടേണ്ടതല്ല; മറിച്ച്, ഒന്നും വിഫലമാകാതിരിക്കാൻ ആദ്യം ആശ്രയിക്കേണ്ടതാണു പ്രാർത്ഥന. സമയമുണ്ടെങ്കിൽ ചെയ്യേണ്ടതല്ല, സമയമുണ്ടാക്കി ചെയ്യേണ്ടതാണത്. കാരണം, നമ്മെ ബലപ്പെടുത്തുന്നതു പ്രാർത്ഥനയാണ്; ദുർബലപ്പെടുത്തുന്നത് അതിന്റെ അഭാവവും. സന്ധ്യാജപം പലപ്പോഴും ടെലിവിഷൻ പരമ്പരകൾക്കു വഴിമാറിക്കൊടുക്കുന്ന പരിതാപകരമായ അവസ്ഥ നമ്മുടെ കുടുംബങ്ങളിലുണ്ടോ? പരസ്യങ്ങളുടെ സമയങ്ങളിൽ രഹസ്യങ്ങൾ പെട്ടെന്നു ചൊല്ലിത്തീർത്തുകൊണ്ടുള്ള കൊന്തനമസ്കാരമാണോ നമ്മുടെ വീടുകളിൽ പ്രചാരത്തിലുള്ളത്? സമയാസമയങ്ങളിൽ പ്രാർത്ഥിക്കാൻ നമ്മെ ഓർമിപ്പിക്കുന്ന പള്ളിമണികളെ ഇനിമേൽ കേട്ടില്ലെന്നു നടിക്കരുത്. വിശ്വാസപൂർവം നാം ജപിക്കുന്ന പ്രാർത്ഥനകൾ ഒരു കോട്ടപോലെ നമ്മെ കാത്തുരക്ഷിക്കും. വേനാംഗങ്ങൾ ഒരുമിച്ചിരുന്നുള്ള പ്രാർത്ഥനയില്ലായ്മ വീടിന്റെ അടിത്തറയിളക്കും. നമ്മുടെ പ്രയാസങ്ങളുടെ നിമിഷങ്ങളെ പ്രലാപങ്ങളുടെയല്ല പിന്നെയോ, പ്രാർത്ഥനയുടെ മണിക്കൂറുകളാക്കി മാറ്റാം. പ്രാർത്ഥനയുടെ കൈത്താങ്ങു മാത്രമേ കാലത്തെ അതിജീവിക്കൂ. പ്രാർത്ഥിക്കുമ്പോഴേ യഥാർത്ഥത്തിൽ നാം പ്രാർത്ഥിച്ചവന്റേതാകൂ. ഒപ്പം, നമ്മുടെകൂടെയുള്ളവരുടെ പ്രാർത്ഥനാജീവിതത്തെ പോഷിപ്പിക്കാനുള്ള കടമകൂടി നമുക്കുണ്ട്. മദ്യപാനവും മറ്റു ദുശ്ശീലങ്ങളും കുടുംബങ്ങളിലെ പ്രാർത്ഥനാന്തരീക്ഷത്തിനു തടസ്സമാകരുത്. നമ്മുടെ അവിശ്വാസം കൂടെയുള്ളവരുടെ വിശ്വാസത്തിനു കോട്ടം വരുത്തരുത്. പ്രാർത്ഥനാജീവിതത്തിനു തടസ്സം നില്ക്കുന്നവയെ ഓരോന്നായി തരണം ചെയ്യാം. ഇനിമുതൽ കുറച്ചുകൂടി പ്രാർത്ഥിക്കുന്നവരാകാം. കുടുംബങ്ങളെ പ്രാർത്ഥനാകൂടാരങ്ങളാക്കാം. ■

# ഉപദേശത്തോട് വിരക്തി കാണിക്കുമ്പോൾ



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

എന്നെ എങ്ങനെയെങ്കിലും സഹായിക്കണം എന്ന അപേക്ഷയുമായാണ് ഷേർളി കടന്നുവന്നത്. അവർക്ക് ഉറങ്ങാൻ പറ്റുന്നില്ല. ശരീരം മുഴുവൻ വേദന, തലയ്ക്കു പെരുപെരുപ്പ്, പതിവിൽക്കൂടുതൽ ആഹാരം കഴിക്കുന്നു. രണ്ടുമൂന്നു മാസമായി ഇങ്ങനെയാണ്. ഷേർളിക്കു രണ്ടു കുട്ടികളുണ്ട്. ഭർത്താവ് വിദേശത്തായിരുന്നു. ഇപ്പോൾ മൂന്നുവർഷമായി നാട്ടിൽ ബിസിനസ് ചെയ്യുന്നു.

മക്കളെക്കുറിച്ചു ചോദിച്ചപ്പോൾ അവർ വിങ്ങിപ്പൊട്ടിക്കരയാൻ തുടങ്ങി. മൂത്തമോന്റെ വിവാഹം കഴിഞ്ഞിട്ട് ഒൻപതുമാസമായി. അവനും ഭാര്യയും ഡൽഹിയിൽ ജോലി ചെയ്യുന്നു. ഈ അടുത്തനാളിൽ ഷേർലിയും ഭർത്താവും അവരുടെയടുത്ത് ഒരു മാസത്തേക്കു പോയിട്ടുണ്ടായിരുന്നു. അവിടെനിന്നു വന്നപ്പോൾമുതലാണ് ഈ അസ്വസ്ഥതകൾ. മൂത്തമകൻ ജോസിനോട് ഷേർലിക്ക് ഒരുപാട് വാത്സല്യവും സ്നേഹവുമായിരുന്നു. അവന്റെ എല്ലാക്കാര്യങ്ങളും അമ്മയാണു ചെയ്തുകൊടുത്തിരുന്നത്. അവനും അമ്മയെ ആശ്രയിച്ചിരുന്നു. എന്നാൽ, അമ്മയിൽനിന്നകന്ന് ഭാര്യയോടൊപ്പം ജോസ് പോയതും ഭാര്യ പറയുന്നതിന് അവൻ പ്രാധാന്യം കൊടുക്കുന്നതും ഷേർളിക്കു സഹിക്കാൻ പറ്റുന്നില്ല. അവൻ കൊച്ചുകുട്ടിയല്ലേ, ജീവിതത്തെക്കുറിച്ച് അവനെന്തറിയാം എന്നു സംസാരത്തിനിടെ പലവട്ടം ആവർത്തിക്കുകയുണ്ടായി.

എന്താണെങ്കിലും ജോസ് വിവാഹിതനായില്ലേ, അവന്റെ ജീവിതം അവൻ ജീവിക്കട്ടെ, എന്തെങ്കിലും സംശയങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകുമ്പോൾ അവൻ ചോദിക്കും; അപ്പോൾ സഹായിക്കാം, അഭിപ്രായം പറയാം എന്നു പറഞ്ഞപ്പോൾ വീണ്ടും, അവന് എല്ലാം ഞാനായിരുന്നു. ഇപ്പോൾ അവന് എന്റെ അഭിപ്രായങ്ങൾ എന്തുകൊണ്ട് വേണ്ട എന്ന മറുചോദ്യമുണ്ടായി. ജോസിനെ വിളിച്ചു സംസാരിച്ചപ്പോൾ അവൻ പറഞ്ഞു: "എനിക്കു മുപ്പതു വയസ്സായി. എന്റെ കാര്യങ്ങൾ ഇനി ഞാൻ തനിയെ ചെയ്തില്ലെങ്കിൽ എന്നു ചെയ്യും? അപ്പയും അമ്മയും അവരുടെ ജീവിതം റിട്ടയർ ആകുന്നതുവരെ സ്വന്തമായി ജീവിച്ചില്ലേ? അമ്മ എന്തിനാണ് ഇത്രയും ആശങ്കപ്പെടുന്നത്? എന്റെ ജീവിതത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകളോ സംശയങ്ങളോ ഉണ്ടാകുമ്പോൾ ഞാൻ ചോദിക്കും. അപ്പോൾ സഹായിച്ചാൽ മതി. ഇനിയും ഒരു കൊച്ചുകുട്ടിയോടെന്നപോലെ എന്റെയും ഭാര്യയുടെയും എല്ലാ കാര്യങ്ങളിലും ഇടപെടാൻ ശ്രമിക്കരുതെന്ന് ഒന്നു പറഞ്ഞു മനസ്സിലാക്കണം." ഈ സംസാരം ഷേർളിയെ ഒരുപാടു കരയിച്ചു. എങ്കിലും മകനെ സ്വതന്ത്രമായി വിടാനുള്ള നല്ല തീരുമാനത്തോടെ മടങ്ങി.

ഒരുപാട് മാതാപിതാക്കൾ ഈ ഷേർളിയെപ്പോലെ മക്കളെ താലോലിച്ചും ലാളിച്ചും നിയന്ത്രിച്ചും വളർത്തി അവസാനം വിങ്ങിപ്പൊട്ടലുകളിലും ഉറക്കമില്ലായ്മയിലും എത്തി നില്ക്കുന്നുണ്ട്. ഇനി വരുംകാലങ്ങളിൽ വിവാഹ ഒരുക്ക സെമിനാറിനെക്കാൾ, വിവാഹിതരാകുന്നവരുടെ മാതാപിതാക്കൾക്കാണ് സെമിനാർ ആവശ്യമെന്ന് ഷേർളി നമ്മെ ഓർമിപ്പിക്കുന്നു. മുമ്പ് മാതാപിതാക്കളെ വിട്ടുപോകുമ്പോൾ മക്കൾക്കായിരുന്നു പ്രശ്നങ്ങൾ. അതായത്, കരച്ചിൽ, വിശപ്പില്ലായ്മ, വയറുവേദന, പനി... എന്നാൽ, ഇന്നതു നേരേ തിരിഞ്ഞു മാതാപിതാക്കൾക്കാണ് വിഷമവും വെപ്രാളവും. കാരണം, മക്കൾ അവരെ പിരിഞ്ഞ് വിദേശങ്ങളിലേക്കും മറ്റു ദൂരസ്ഥലങ്ങളിലേക്കും സൗകര്യാർത്ഥം മാറിപ്പോകുന്നു. ഇവിടെ അപ്പനമ്മമാർക്ക് മക്കളെ കാണാതിരിക്കുന്നതിലുള്ള വേവലാതിയെക്കാൾ തങ്ങൾക്കിനി ആരുമില്ലല്ലോ, ഒറ്റയ്ക്കായല്ലോ എന്ന ചിന്തയാണ്. അത് അവരെ പരിഭ്രാന്തരാക്കുന്നു. അതിനാൽ, പിരിഞ്ഞുപോകുന്നതിനുമുമ്പ് അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ മക്കൾക്കു കടമയുണ്ട്.



ഇനി മറ്റൊരുകാര്യം, പ്രായമാകുമ്പോൾ തങ്ങളെ പരിപാലിക്കും എന്ന പ്രതീക്ഷയിൽ മാതാപിതാക്കൾ മക്കളെ വളർത്തുന്നതിനു പകരം ദൈവം തന്ന കുഞ്ഞുങ്ങളെ സ്വയംപര്യാപ്തരാക്കാൻ പരിശീലിപ്പിക്കുകയാണു വേണ്ടത്. സ്വയംപര്യാപ്തരാകുമ്പോൾ അവർ പറന്നകലട്ടെ എന്ന രീതിയിൽ വളർത്തണം.

യുവതലമുറയ്ക്ക് മാതാപിതാക്കളോടൊപ്പം എന്നതിനേക്കാൾ, താനും തന്റെ പങ്കാളിയും മക്കളും എന്ന രീതിയിൽ ചിന്തിക്കാനും, മാതാപിതാക്കളെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കാനുമാണ് ഇഷ്ടം. അതുപോലെ അവരുടെ ജീവിതത്തിലെ തീരുമാനങ്ങൾ അവരുടേതു മാത്രമാകാൻ ഇഷ്ടപ്പെടുന്നു. അതിന്റെ ക്രെഡിറ്റ് മാതാപിതാക്കളുമായി പങ്കിടാൻ അവർക്കു താത്പര്യമില്ല. മാതാപിതാക്കൾ മക്കളോട് 'വിവാഹശേഷവും ഞങ്ങളുടെ നിർദേശമനുസരിച്ചു പോകണം' എന്നു വാശിപിടിച്ചാൽ ബന്ധങ്ങളിൽ വലിയ വിള്ളൽ ഉണ്ടാകും. മറ്റുള്ളവരുടെ അനുഭവങ്ങളിലൂടെ എന്നതിനേക്കാൾ തങ്ങളുടെതന്നെ ജീവിതാനുഭവങ്ങളിലൂടെ പാഠങ്ങൾ പഠിക്കാനാണ് മക്കൾക്കു താത്പര്യമെന്നറിയുക.

പ്രായമാകുമ്പോഴേക്കും ഉള്ള സമ്പാദ്യം മുഴുവൻ മക്കൾക്കായി ചെലവഴിക്കാതെ തങ്ങളുടെ സുരക്ഷയ്ക്കു വേണ്ടത് മാറ്റിവയ്ക്കാനുള്ള വിവേകവും, സ്വയം തിരക്കുള്ളവരാകാൻ വേണ്ട വഴികളും മാതാപിതാക്കൾ ആലോചിച്ചു വയ്ക്കണം. വിവാഹശേഷം മക്കളെ അവരുടെ വഴിക്കു വിടുക, എന്തെങ്കിലും ചോദിച്ചാൽ മാത്രം അഭിപ്രായം പറയുക; സഹായം ചെയ്യുക, അല്ലെങ്കിൽ ചിലപ്പോൾ നിങ്ങളുടെ നിർദേശം ഒരു ശല്യമായി മാറാം. ■

# വേഗത്തട

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



''ഈരാറ്റുപേട്ട - മുട്ടം റോഡിലെ പാണ്ടിയാമാവ് വളവിൽ അപകടങ്ങൾ ഒഴിവാക്കാൻ പൊതുമരാമത്തു വകുപ്പ് വേഗത്തടകൾ സ്ഥാപിച്ചു'' (മലയാളമനോരമ). വാഹനങ്ങളുടെ അമിതവേഗം കുറയ്ക്കലാണ് വേഗത്തടകളുടെ പ്രയോജനം. സ്പീഡ് ബ്രേക്കർ(Speed braker)ന്റെ മലയാള പരിഭാഷ എന്ന നിലയിലാണ് പത്രത്തിൽ വേഗത്തട എന്നു പ്രയോഗിച്ചത്.

വേഗം എന്ന സംസ്കൃതവും തട എന്ന മലയാളവും പൂർവ്വോത്തരപദങ്ങളായി സമാസിച്ചാണ് 'വേഗത്തട'യെ നിർമിച്ചത്. വേഗം+തട, സന്ധിയിൽ വേഗത്തട എന്നാകുന്നു. അനുസ്വാരലോപവും തകാരദ്വിത്വവും സംഭവിക്കുന്നു എന്നതാണ് സന്ധിയുടെ യുക്തി. തടയുക എന്ന ക്രിയയുടെ നാമരൂപമാണ് തട. വ്യത്യസ്തഭാഷാപദങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയ സങ്കരപദമായി വേഗത്തടയെ കണക്കാക്കാം.

ഇത്തരത്തിൽ അന്യഭാഷയിലെ സമസ്തപദങ്ങൾ പരിഭാഷപ്പെടുത്തി ഉപയോഗിക്കുന്ന പ്രവണതയ്ക്ക് ആദാനപരിഭാഷ (Loan Translation) എന്നു പറയുന്നു. അങ്ങനെ നിർമിച്ചെടുത്ത ഒരു സമസ്തപദമാണ് വേഗത്തട. പരിഭാഷപ്പെടുത്തുന്ന പദങ്ങളിൽ ഏതെങ്കിലും ഒന്ന് അന്യഭാഷാപദമാണെങ്കിൽ, കലർപ്പുണ്ടാകും. വ്യത്യസ്തഭാഷാപദങ്ങൾ കലരുന്ന പ്രവണതയാണ് ആദാനമിശ്രിതം* (Loan blend). അതായത്, ആദാനപദത്തോടൊപ്പം ആദാനപരിവൃത്തിയും ചേർന്നുവരുന്നു. പരമ്പരാഗതവ്യാകരണം ഇത്തരം മിശ്രിതവാക്കുകളെ അംഗീകരിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. എന്നാൽ, സന്ദർഭനിഷ്ഠമായി നിർമിച്ചെടുക്കുന്ന വാക്കുകൾ പ്രചരിച്ചുകഴിഞ്ഞാൽപ്പിന്നെ നിയമം ചെയ്ത് സാധുവാക്കുകയാണു വേണ്ടത്. അക്കാര്യത്തിൽ കുറച്ചുകൂടി ഉദാരമായ സമീപനമാണ് ഭാഷാശാസ്ത്രത്തിന്റേത്. അന്യഭാഷാപദങ്ങൾ നിരന്തരം കടന്നുകയറുന്ന ഏതൊരു ഭാഷയിലും ഇത്തരം നിർമ്മിതികൾ അനിവാര്യമാകുന്നു. ആവശ്യനിർവ്വഹണത്തെ അവഗണിച്ചുകൊണ്ട് ഒരു ഭാഷയ്ക്കും മുന്നേറാനാവുകയില്ലല്ലോ. 'വേഗത്തട' എന്ന പ്രയോഗം ആദാനപരിഭാഷയ്ക്കും ആദാനമിശ്രിതത്തിനും മികച്ച ഉദാഹരണമാണ്. നിയമത്തിന്റെ കാർക്കശ്യത്തെക്കാൾ പ്രയോജനപരതയ്ക്കാണല്ലോ മാധ്യമപ്രവർത്തകർ ഊന്നൽ നൽകുന്നത്.

* നമ്പൂതിരി, ഇ.വി.എൻ., ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002, പുറം- 101, 102.




11-ാം പേജ് തുടർച്ച

ഇപ്പോൾ കാറ്റിന്റെ മൂളക്കം കേൾക്കാം. ഉഷ്ണമൊഴിവായ കാറ്റാണ്. ദൂരെ മുളങ്കാടുകൾ ഞരങ്ങുന്നതു കാറ്റിലാകാം...

അശാന്തമായിരുന്നു ദേവസഹായത്തിന്റെ മനസ്സ്. കാരണമേതുമില്ലാതെ ഹൃദയം ഒരു താപമനുഭവിക്കുന്നു. ശരീരവും അങ്ങനെതന്നെ. ദേവസഹായം കണ്ണുകൾ പൂട്ടി. കന്യാമറിയത്തെ ധ്യാനിച്ചു.

ഒരു തുള്ളി മഴ ദേവസഹായത്തിന്റെ നെറ്റിയിൽ വീണു. പിന്നെയത് പലതായി. പെരുമഴയായി...

ദേവസഹായം കിടന്നപാടേ കിടന്നു. മിന്നലോ മുഴക്കമോ ഇല്ലാതെ ഒരു കനിവുപോലെ മഴ ദേവസഹായത്തിനുമേൽ പെയ്തുകൊണ്ടിരുന്നു. ഒരു സങ്കീർത്തനാലാപനംപോലെയായിരുന്നു മഴ.

ദേവസഹായത്തിന്റെ കണ്ണുകളിൽ മഴ നിറഞ്ഞു. മഴ ദേവസഹായത്തെ കുളിപ്പിച്ചു. തണുപ്പിച്ചു. മുറിവുകൾ കഴുകി. എത്ര നേരം മഴ പൊഴിഞ്ഞു? ഒന്നോ രണ്ടോ വിനാഴികനേരം. പിന്നെ തോർന്നു.

ഒരു ശീതക്കാറ്റ് മേടിറങ്ങി വന്നു. കാറ്റ് ദേവസഹായത്തെ തോർത്തിത്തുടങ്ങി. ദേവസഹായത്തിന്റെ മരച്ചില്ലകളിൽ ഇലകളില്ലാത്തതിനാൽ ഇപ്പോൾ മരം പെയ്യുന്നില്ല.

ദേവസഹായം കണ്ണുകൾ വിടർത്തി. ആകാശത്ത് മഴമേഘങ്ങളില്ല. അതു ശുഭ്രമായികണ്ടു.

തന്റെ കണ്ണുകൾക്കു മുകളിൽ തെളിഞ്ഞ ആകാശത്ത് അഞ്ചു നക്ഷത്രങ്ങൾ...

നക്ഷത്രവെണ്മയായിരുന്നില്ല അഞ്ചിനും. അഞ്ചു നക്ഷത്രങ്ങൾക്കും രക്തച്ചുവപ്പായിരുന്നു. ചുവന്ന നക്ഷത്രങ്ങൾ...

ദേവസഹായത്തിന്റെ ശരീരത്തിൽ അഞ്ചിടത്തായി വേദനയനുഭവപ്പെടാൻ തുടങ്ങി. അഞ്ചിടത്തും വ്രണങ്ങൾ പൊട്ടി. രക്തം പൊടിഞ്ഞു. ഒഴുകി.

പിന്നെയെപ്പോഴോ നക്ഷത്രങ്ങൾ സാവധാനം മാഞ്ഞുപോയി.

(തുടരും)

# ആധുനികകാലഘട്ടത്തിന്റെ ആത്മീയവിസ്മയം



മേരി സെബാസ്റ്റ്യൻ

കാലത്തിന്റെ വെല്ലുവിളികളെ ധീരതയോടെ നേരിടാനും സുവിശേഷാധിഷ്ഠിതമായ ജീവിതം നയിക്കാനും ധാർമിക മൂല്യങ്ങളെ പടുത്തുയർത്താനും ദൈവം ചില വ്യക്തികളെ പ്രത്യേകമായി തിരഞ്ഞെടുക്കുകയും മാറ്റിനിറുത്തുകയും എടുത്തുപയോഗിക്കുകയും ചെയ്യുന്നു. ഇത് എക്കാലത്തെയും ഒരു യാഥാർത്ഥ്യമാണ്. 21-ാം നൂറ്റാണ്ടിന്റെ 'സൈബർപ്രതിഭ'യായി ദൈവത്തിന്റെ കൈമുദ്രയോടെ ലോകത്തിലേക്കു കടന്നുവന്ന ഒരു വെള്ളിനക്ഷത്രമായിരുന്നു കാർലോ അക്യൂട്ടിസ്. വിശ്വാസികളുടെ ഹൃദയത്തിൽ വിസ്മയങ്ങൾ വിരിയിക്കാനും സ്വപ്നങ്ങൾ വാരിവിതറാനും വിജ്ഞാനത്തിന്റെ വാതായനങ്ങൾ തുറക്കാനും നന്മതിന്മകൾക്കടിക്കുറിപ്പെഴുതാനും ഉതകുന്ന കാർലോയുടെ ജീവിതം ഒരു ഇതിഹാസമായിരുന്നു. മാത്രമല്ല, വിടർന്നുതീരുംമുമ്പേ അടർന്നുവീണ ഈ പനിനീർപ്പൂവിന്റെ സുഗന്ധം ഇന്നു പാരിടമാകെ പരന്നൊഴുകുകയാണ്.

ലണ്ടനിലുള്ള അന്ദ്രെയാ അക്യൂട്ടിസ് - അന്റോണിയോ സൽസാനോ ദമ്പതികളുടെ ദാമ്പത്യവല്ലരിയിൽ 1991 മേയ് മൂന്നിന് ഒരാൺകുഞ്ഞു പിറന്നു. ജനിച്ച് പതിനഞ്ചാംദിവസം കുഞ്ഞിന് മാമ്മോദീസാ നൽകുകയും കാർലോ അക്യൂട്ടിസ് എന്നു പേരിടുകയും ചെയ്തു. കുഞ്ഞിന് നാലുമാസം പ്രായമുള്ളപ്പോൾ മാതാപിതാക്കൾ ഉയർന്ന ജോലി തേടി ഇറ്റലിയിലെത്തി. തുടർന്ന് മിലാനിലെത്തി. അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. മിലാനിലെ ജെസ്യൂട്ട് വൈദികരുടെ സ്കൂളിലായിരുന്നു കുഞ്ഞു കാർലോയുടെ പ്രാഥമികവിദ്യാഭ്യാസം. പ്രായത്തിൽ കവിഞ്ഞ പക്വതയും വിവേകവും വിജ്ഞാനവും കാർലോയിൽ വിളങ്ങിയിരുന്നു. ഏഴാമത്തെ വയസ്സിൽ പ്രഥമദിവ്യകാരുണ്യം സ്വീകരിച്ചു. മറക്കാനാവാത്ത ആ സുദിനത്തിന്റെ സവിശേഷതകൾ തന്നോടൊപ്പമുള്ളവരോട് ആവർത്തനവിരസതയില്ലാതെ വാചാലമായി സംസാരിക്കുക കാർലോയുടെ പതിവായിരുന്നു.

ദൈവസ്നേഹത്തിന്റെ നിറവിൽനിന്ന് ഊർന്നിറങ്ങിയ നിർദോഷസന്തോഷങ്ങളൊന്നും കാർലോ നിഷേധിച്ചില്ല. പാട്ടു പാടാനും ഗിത്താർ വായിക്കാനും ഡാൻസ് ചെയ്യാനും അവൻ സമയം കണ്ടെത്തി. കംപ്യൂട്ടർ ഗെയിമുകൾ, കാർട്ടൂണുകൾ, സിനിമകൾ തുടങ്ങിയവ കാർലോയുടെ ഇഷ്ടവിനോദങ്ങളായിരുന്നു. പാനത്തിലും അതിസമർത്ഥൻ! കൗമാരത്തിന്റെ എല്ലാവിധ കുട്ടിക്കുറുമ്പുകളും അവനിൽ തെളിഞ്ഞുനിന്നു. ടീഷർട്ടും സൺഗ്ലാസും ജീൻസും ധരിക്കാൻ അവൻ ശ്രദ്ധാലുവായിരുന്നു. എന്നാൽ, അതിലുമുപരിയായി മുടക്കംകൂടാതെ അനുദിനം ദിവ്യബലിയിൽ പങ്കെടുക്കുകയും ദിവ്യകാരുണ്യാരാധനയിൽ ആത്മസന്തോഷം കണ്ടെത്തുകയും പതിവായിരുന്നു. മണിക്കൂറുകളോളം വിശുദ്ധഗ്രന്ഥപാരായണം അവൻ ശീലമാക്കിയിരുന്നു.

ഹൈസ്കൂൾവിദ്യാഭ്യാസത്തിനുമുമ്പുതന്നെ കംപ്യൂട്ടർ കൈയിലെടുത്ത് അമ്മാനമാടിയ അതുല്യപ്രതിഭയായിരുന്നു കാർലോ അക്യൂട്ടിസ്. ശാസ്ത്രസാങ്കേതികവിദ്യകളുടെ അനന്തസാധ്യതകൾ അവന്റെ സർഗശേഷിക്കു മാത്രമല്ല, ആത്മീയോന്നമനത്തിനും മാറ്റുകൂട്ടി. മനംമയക്കുന്ന വെബ്സൈറ്റുകളുടെ കെണിയിൽ വീഴരുതെന്ന് തന്റെ സുഹൃത്തുക്കളോടു പറയുക മാത്രമല്ല, സ്വന്തം ജീവിതം മാതൃകയായി കാണിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ കുഞ്ഞുകാർലോ ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതെ ചേറ്റിൽ വളരുന്ന താമരപോലെ വളരുകയാണ്. കാർലോയ്ക്ക് ഒരു ദിവസത്തിന്റെ ഒരു മിനിറ്റുപോലും പാഴാക്കിക്കളയാനോ അലസമായി മാറ്റിയിടാനോ കഴിഞ്ഞിട്ടില്ല. അത്രമാത്രം നിതാന്തജാഗ്രതയോടെയാണവൻ ദൈനംദിനജീവിതം ചിട്ടപ്പെടുത്തിയിരുന്നത്. കുഞ്ഞുന്നാൾമുതൽ ഭക്തിയിലും വിശുദ്ധിയിലും വിനയത്തിലും ജീവിച്ചതുപോലെതന്നെ പരോപകാരതത്പരതയിലും ദീനാനുകമ്പയിലും ദാനധർമത്തിലും പ്രത്യേകമാംവിധം ശ്രദ്ധ പതിച്ചിരുന്നു. വൃദ്ധരോടും അനാഥരോടും യാചകരോടും അനുകമ്പ പുലർത്താനും അവർക്ക് ആഹാരവും വസ്ത്രവും നൽകി ശുശ്രൂഷിക്കാനും കാർലോ ഉത്സുകനായിരുന്നു.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസും പാദുവായിലെ വിശുദ്ധ അന്തോനീസും കാർലോയുടെ ജീവിതത്തെ ഏറെ സ്വാധീനിച്ചിരുന്നു. കിട്ടുന്ന അവസരങ്ങളിലെല്ലാം അവൻ അവരുടെ കബറിടം സന്ദർശിച്ച് മാധ്യസ്ഥ്യം യാചിക്കുക പതിവായിരുന്നു. പരിശുദ്ധ മറിയത്തോടും മിഖായേൽ മാലാഖയോടും കാവൽമാലാഖയോടുമുള്ള കാർലോയുടെ സ്നേഹം വാക്കുകൾക്കതീതമാണ്. ദൈവവുമായുള്ള ഐക്യത്തിന്റെ പരകോടിയിലേക്കുയർന്ന കാർലോ ദിവ്യകാരുണ്യ ഈശോയെ ലോകം മുഴുവൻ അറിയണമെന്നും ആരാധിക്കണമെന്നും തീവ്രമായി ആഗ്രഹിച്ചു. അതിനായി ചില തീരുമാനങ്ങളുമെടുത്തു. തിരുസ്സഭ ഔദ്യോഗികമായി അംഗീകരിച്ച ദിവ്യകാരുണ്യാദ്ഭുതങ്ങളുടെ രേഖകൾ ശേഖരിച്ച് ഒരു വെബ്സൈറ്റ് ആരംഭിച്ചു. രണ്ടരവർഷംകൊണ്ട് 143 അദ്ഭുതങ്ങൾ രേഖപ്പെടുത്തി. 17 രാജ്യങ്ങളിൽ സംഭവിച്ച ദിവ്യകാരുണ്യാദ്ഭുതങ്ങൾ 153 പാനലുകളിലായി ചിത്രീകരിച്ചുകൊണ്ടുള്ള പ്രദർശനം ഏറെ സംഭവബഹുലവും വിസ്മയഭരിതവും ക്ലേശപൂർണവുമായിരുന്നു. സുവിശേഷവേലയ്ക്കായി കംപ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിച്ചുകൊണ്ട് ഒരു വെർച്വൽ ലൈബ്രറി പൂർത്തിയാക്കണമെന്നുള്ള അവന്റെ ആഗ്രഹവും സാധ്യമായി.



മാലിന്യത്തിലൂടെ കടന്നുപോയാലും പ്രകാശം മലിനമാകുന്നില്ല. ഇതാണ് കാർലോയുടെ ജീവിതം ലോകത്തിനു നൽകുന്ന സന്ദേശം. കാർലോ എന്ന പ്രതിഭയ്ക്ക് വയസ്സ് 15. ഇക്കാലങ്ങളിൽ അവനറിയാതെ അവനിൽ ചില മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. അവന്റെ സ്വപ്നസുന്ദരമായ കൗമാരത്തിന്റെ ഓജസ്സും തേജസ്സും മങ്ങിത്തുടങ്ങി. കുട്ടിക്കുറുമ്പുകളും തമാശകളും പൊട്ടിച്ചിരികളും വിരളമാകാൻ തുടങ്ങി. മാതാപിതാക്കൾ അവനുമായി ഒരു വിദഗ്ധഡോക്ടറെ സമീപിച്ചു. വൈദ്യശാസ്ത്രം വിധിയെഴുതി. കാർലോ രക്താർബുദത്തിന്റെ പിടിയിലമർന്നുപോയിരിക്കുന്നു. കേട്ടവർ കേട്ടവർ അമ്പരന്നു. മാതാപിതാക്കൾ അലമുറയിട്ടു. കാർലോ മാത്രം സുസ്മേരവദനനായി ദൈവത്തിനു സ്തുതികളുയർത്തി ആമ്മേൻ പറഞ്ഞു. അവന് ദൈവവുമായുള്ള പ്രണയം അത്രമേൽ ശക്തമായിരുന്നു. കുറേക്കാര്യങ്ങൾ കൂടി ദൈവമനുവദിച്ചാൽ ചെയ്തുതീർക്കണമെന്നവൻ ആശിച്ചു. അനുനിമിഷം വർധിച്ചുവന്ന തീവ്രവേദനകളും സഹനങ്ങളും അവൻ തിരുസ്സഭയ്ക്കുവേണ്ടിയും മാർപാപ്പായുടെ നിയോഗങ്ങൾക്കായും പാപികളുടെ മാനസാന്തരത്തിനായും കാഴ്ചയർപ്പിച്ചു.

ഭൂമിയിലെ കാർലോയുടെ അവസാനത്തെ പ്രഭാതമായിരുന്നു 2006 ഒക്ടോബർ മാസം 12 രാവിലെ 6.45. താൻ പങ്കെടുത്തുകൊണ്ടിരുന്ന ദൈവാലയത്തിലെ ദിവ്യബലിയുടെ സമാപനമായിരുന്നു അപ്പോൾ. പാപസങ്കീർത്തനവും തിരുപ്പാഥേയവും

## ഒക്ടോബർ 10

## വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസിന്റെ തിരുനാൾ

സ്വീകരിച്ചുകൊണ്ട് സ്വർഗത്തെ പുൽകുവാൻ കുഞ്ഞുകാർലോ വെമ്പൽകൊണ്ടു. ആ കണ്ണുകൾ ദീപ്തങ്ങളായിരുന്നു. മുഖം പ്രകാശമാനമായി. നിദ്രയിലേക്കു വഴുതിവീഴുംപോലെ അവൻ കണ്ണുകളടച്ചു. പഞ്ജരം ഉപേക്ഷിച്ച കിളിയെപ്പോലെ മാലാഖമാരുടെ അകമ്പടിയോടെ സ്വർഗത്തിലേക്ക് അവൻ പറന്നുയർന്നു. ഭൗതികശരീരം അസ്സീസിയിലുള്ള അക്യൂട്ടിസ് കുടുംബക്കല്ലറയിൽ സംസ്കരിച്ചു. യാത്ര ചൊല്ലി കടന്നുപോയ സൈബർ പ്രതിഭയെ നോക്കി ലോകം വിതുമ്പി. മരണാനന്തരം അനേകംപേർ കാർലോയുടെ കബറിടം സന്ദർശിക്കാൻ തുടങ്ങി. അദ്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തികളും പെരുമഴപോലെ പെയ്തിറങ്ങി. വിശുദ്ധിയുടെ മകുടം ചൂടാൻ പ്രായം ഒരുപാധിയല്ലെന്ന് കൗമാരക്കാരനായ കാർലോ സ്വന്തം ജീവിതംകൊണ്ട് ലോകത്തിനു കാണിച്ചുകൊടുത്തു.

എത്ര വേഗത്തിലാണ് ഈ 'ന്യൂജെൻ' വിശുദ്ധന്റെ നാമകരണനടപടി പൂർത്തിയാവുന്നത്. 2013 മേയ് 13 ന് അസ്സീസി രൂപത കാർലോയെ ദൈവദാസനായി പ്രഖ്യാപിച്ചു. 2016 നവംബർ 24 ന് ധന്യനായിത്തീർന്നു. 2020 ൽ ബ്രസീലിലുള്ള ഒരു ആറു വയസുകാരന്റെ പാൻക്രിയാസ് രോഗം അദ്ഭുതകരമായി സുഖപ്പെട്ടത് ധന്യനായ കാർലോയുടെ മാധ്യസ്ഥ്യത്താലാണെന്നു സ്ഥിരീകരിച്ചത് പരിശുദ്ധ ഫ്രാൻസീസ് പാപ്പാ അംഗീകരിക്കുകയും 2020 ഒക്ടോബർ 10 ന് അൾത്താരവണക്കത്തിനു യോഗ്യരായ വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്കുയർത്തുകയും ചെയ്തു. ഫ്രാൻസീസ് പാപ്പാ ഏറെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു പുണ്യാത്മാവാണ് കാർലോ. ■

## കുറ്റം

ജോസ് പോളയ്ക്കൽ

ചെമ്പട്ടുചാർത്തി സുഖഭോജനവും സ്വദിച്ച-
ങ്ങിമ്പം തരുന്ന മണിമേടയിൽ മേളമായ് വൻ
സമ്പൽസമൃദ്ധി നടുവിൽ മരുവും തിരക്കിൽ
അമ്പേ വെടിഞ്ഞു ധനി ഭൂതദയാഭിമുഖ്യം.
താനുണ്ടതിന്റയവശേഷമെറിഞ്ഞു നായ്ക്കൾ-
ക്കേകുന്നതിന്റെയൊരു പങ്കിന്നു കാത്തു ദീനം
താഴെപ്പടിക്കലൊരു ലാസർ കിടപ്പതുണ്ടെ-
ന്നോരാതെ പോയി, ഫലമെന്തിനിയിപ്പൊഴോർക്കിൽ
കായം ചടച്ചു, വയറൊട്ടി, വ്രണങ്ങൾ വിങ്ങി-
ക്കേഴും പുമാൻ തെരുവുനായ കണക്കെയേറെ-
ക്കാലം കഠോരദുരിതങ്ങൾ സഹിച്ചതൊന്നും
കാണാനഹന്തയിട നൽകിയതില്ല തീരെ.
പൂമേട തന്റെ പടിവാതിലിനപ്പുറത്തെ
സാധുകടശ്ശി വഴിവക്കിലനാഥനായ് തൻ
പ്രാണൻ വെടിഞ്ഞ ദിനമാ ധനിയാദ്യമായ്ക്ക-
ണ്ടാരവദി വിട്ട നടനെയവസാനമായും.
ഇന്നബ്രഹാമിനുടെ പൊന്മടി തന്നിലായ് ഹാ!
സന്തുഷ്ടിതന്റെ പരകോടിയിൽ വാഴ്വൂ ലാസർ,
സമ്പന്നനോ നരകവഹ്നി ജ്വലിക്കുമീ വൻ
ഗർത്തത്തിലും; വിധിയതിൻ ഗതിയെത്ര കൃത്യം!
കാണായ തന്റെ സഹജീവിയെ വേണ്ട മട്ടിൽ
കാരണങ്ങിടത്തുമതുപോൽ സമയത്തുമൊക്കെ
ക്കാണാൻ മടിക്കിലൊരുനാൾ നിനയാത്ത ദിക്കിൽ
കാരണങ്ങി വന്നിടുമതാണുടയോന്റെ നീതി!
പട്ടാംബരങ്ങളണിയുന്നതുമൂർവി സമ്പ-
ത്തൊട്ടേറെ നേടി വിലസുന്നതുമല്ല കുറ്റം;
നട്ടം തിരിഞ്ഞു കഴിയുന്നവനെത്തുണയ്ക്കാൻ
കിട്ടും നിയോഗമൊഴിവാക്കുവതാണു കുറ്റം!!

A TRUSTED NAME IN TRAVEL TRADE FOR THE LAST 33 YEARS



MITTANS AIR TRAVELS

MARINA MALL, PALLIKKAVALA, RAMAPURAM

Tel: 04822260087 Mob: 9447122975, Whatsapp: 8921629314

Our Services

- PASSPORT APPLICATION
- PASSPORT CORRECTIONS
- PASSPORT RENEWALS
- DOMESTIC AIR TICKETS
- INTERNATIONAL AIR TICKETS
- TRAVEL VISA APPLICATION SUPPORT
- VISA STAMPING-VARIOUS COUNTRIES
- CERTIFICATE ATTESTATIONS
- APOSTILLE SERVICES
- ARABIC TRANSLATION
- TRAVEL INSURANCE
- STUDY ABROAD CONSULTATION
- EUROPE TRAVEL GUIDANCE
- GROUP TOUR PACKAGE SUPPORT
- IELTS GUIDANCE
- EUROPE MEDICAL EDUCATION SUPPORT

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



തുണ്ടത്തിൽ സ്റ്റോഴ്സ് മാർക്കറ്റ് ജംഗ്ഷൻ, രാമപുരം

Ph. : 9744662670, 9747308752

ഹാർഡ്‌വെയർ ഐറ്റംസ്, പെയിന്റ്, മെഷീൻ ടൂൾസ്, ഫോംമെത്തകൾ, ഫ്ളോർമാറ്റുകൾ, പടുതകൾ etc...

ASIAN, DULUX കമ്പനികളുടെ അംഗീകൃതവ്യാപാരി

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



Mother Superior & Community

CONGREGATION OF JESUS

(C.J. SISTERS)

Mary Ward Convent, Pizhaku. Phone:04822-260763

Principal, Staff & Students

Nirmala Public School, Pizhaku

Phone : 04822-263232

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!



വാണിയപ്പുര ദന്താശുപത്രി

പള്ളിക്കവല – രാമപുരം Ph: (Clinic): 04822- 261477, Mob: 9496882477, Res:260477

Dr. Bobby Maveli B.D.S, M.D.S. (Orthodontist), ഡോ. ജസ്‌വിൻ ബേബി M.D.S. (Endodontist) ഡോ. മനോജ് മാനുവൽ B.D.S. (Dental Surgeon), ഡോ. ലിൻഡ മനോജ് B.D.S. (Dental Surgeon), ഡോ. കിഷോർ ജോർജ് M.D.S. (Oral Surgeon), ഡോ. താരാ മരിയ ജോസഫ് M.D.S. (Implantologist), ഡോ. അഞ്ജു തോമസ് B.D.S. (Dental Surgeon)

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

നാലു പതിറ്റാണ്ടു കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം!

Foam Settee, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...

Branded Curtain, Blinds & Photo Frame

ജോൺസൺ ഫർണീഷിംഗ്

ആലനോലി ബിൽഡിംഗ്സ്, രാമപുരം

Mob: 9447803477 Prop: സോബി ആലനോലിക്കൽ

കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു

Deepanalam weekly

RNI No : 16998/68
Vol. 55 No. 31 Date of Publication 6 Oct 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



# രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളിയിൽ
# വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

## 2022 ഒക്ടോബർ 7 വെള്ളിയാഴ്ച മുതൽ 16 ഞായറാഴ്ച വരെ

## പ്രധാന തിരുനാൾ 2022 ഒക്ടോബർ 16 ഞായറാഴ്ച



**2022 ഒക്ടോബർ 7 വെള്ളി**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. തോമസ് ഒലായത്തിൽ

4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
രാമപുരം ഇടവകാംഗങ്ങളായ ബഹു. വൈദികരും കുഴുമ്പിൽ കുടുംബത്തിലെ വൈദികരും ചേർന്നുള്ള സമൂഹബലി

**2022 ഒക്ടോബർ 8 ശനി**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ക്രിസ്റ്റി പന്തലാനിക്കൽ

4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസഫ് കടുപ്പിൽ

**2022 ഒക്ടോബർ 9 ഞായർ**

8.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. സ്കറിയ മലമാക്കൽ

4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. മാത്യു തയ്യിൽ സി.എം.ഐ.

**2022 ഒക്ടോബർ 10 തിങ്കൾ**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസഫ് തറപ്പേൽ

4.00 p.m. വി. കുർബാന, സന്ദേശം,നൊവേന, ലദീഞ്ഞ്
റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ

**2022 ഒക്ടോബർ 11 ചൊവ്വാ**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മാർ ജോസ് പുളിക്കൽ

4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. ജോസഫ് വള്ളോംപുരയിടം

**2022 ഒക്ടോബർ 12 ബുധൻ**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ

4.00 p.m. കൊടിയേറ്റ്
വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

4.15 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ

**2022 ഒക്ടോബർ 13 വ്യാഴം**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. മോൺ. ജോസഫ് മലേപ്പറമ്പിൽ

4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

**2022 ഒക്ടോബർ 14 വെള്ളി**

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. ആന്റണി പെരുമാനൂർ

4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഫാ. ജോസ് കാക്കല്ലിൽ

**2022 ഒക്ടോബർ 15 ശനി** ദൈവവിളി പ്രാർത്ഥനാദിനം

9.00 a.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
മാർ ജോസഫ് പള്ളിക്കാപറമ്പിൽ

4.30 pm വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി. റവ. മോൺ. ജോസഫ് തടത്തിൽ

6.00 pm ജപമാലപ്രദക്ഷിണം, പുറത്തുനമസ്കാരം
വെരി. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

**2022 ഒക്ടോബർ 16 ഞായർ**

5.15 a.m. ആഘോഷമായ വി. കുർബാന, സന്ദേശം
റവ. ഡോ. ജോർജ് പറമ്പിത്തടത്തിൽ

6.00 a.m. ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

8.00 a.m. ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം

9.00 a.m. നേർച്ച വെഞ്ചരിപ്പ്

10.00 a.m. ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
മാർ ജോസഫ് കല്ലറങ്ങാട്ട്

12.00 noon പ്രദക്ഷിണം

02.00 pm പാലാ രൂപത ഡിസിഎംഎസ് തീർത്ഥാടകർക്ക് സ്വീകരണം

2.30 p.m. ആഘോഷമായ വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ജോസ് വടക്കേക്കുറ്റ്

4.00 p.m. വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. അമർജിത്ത് തെക്കേടത്ത്

എല്ലാ ശനിയാഴ്ചകളിലും 9.00 am നും 4.00 pm നും വാ. കുഞ്ഞച്ചന്റെ പള്ളിയിൽ വി. കുർബാനയും നൊവേനയും ലദീഞ്ഞും നടത്തുന്നു.

**പള്ളിക്കാര്യത്തിൽനിന്ന്:** റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (വികാരി), റവ. ഫാ. തോമസ് വെട്ടുകാട്ടിൽ (വൈസ് പോസ്റ്റുലേറ്റർ), റവ. ഫാ. ജോർജ് ഈറ്റയ്ക്കക്കുന്നേൽ, റവ. ഫാ. ആന്റണി വാഴക്കാലായിൽ (സഹ. വികാരിമാർ), റവ. ഫാ. ജോർജ് പറമ്പിത്തടത്തിൽ (ഹോസ്റ്റൽ വാർഡൻ) ജീസ് വാഴക്കമലയിൽ, ജോബി പുളിക്കീൽ, ജോസഫ് വണ്ടനാനിക്കൽ, അപ്പച്ചൻ കിഴക്കേക്കുന്നേൽ (കൈക്കാരന്മാർ).

- തിരുനാളിനൊരുക്കമായുള്ള തിരുക്കർമ്മങ്ങൾ ഒക്ടോബർ 7 വെള്ളിയാഴ്ച മുതൽ ആരംഭിക്കുന്നു.
- തിരുനാൾ ദിവസങ്ങളിൽ രാവിലെ 9.00 നും ഉച്ചകഴിഞ്ഞ് 4.00 നും വി. കുർബാന, സന്ദേശം, നൊവേന, ലദീഞ്ഞ്.
- വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോടുള്ള ഭക്തിനേർച്ചയായി വീട് എഴുന്നള്ളിക്കുന്നതിനും, അടിമ വയ്ക്കുന്നതിനും സൗകര്യമുണ്ടായിരിക്കും.
- പ്രധാന തിരുനാൾ ദിവസമായ ഒക്ടോബർ 16–ാം തീയതി ഞായറാഴ്ച രാവിലെ 9.00 മണി മുതൽ നേർച്ചഭക്ഷണം വിതരണം ചെയ്യുന്നതായിരിക്കും.
- വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മാദ്ധ്യസ്ഥ്യം വഴി ലഭിക്കുന്ന അനുഗ്രഹങ്ങൾ വിശദമായി എഴുതി ഓഫീസിൽ അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

Vice Postulator, Cause of Blessed Kunjachan
St. Augustine's Forane Church, Ramapuram
Ramapuram Bazar P.O. - 686 576
Mob: 9446 204 240, 8590 108 402, 730 648 4040
www.blessed kunjachan.com
Email: blessedkunjachan@gmail.com
Facebook: thevarparampilkunjachan


# MAR AUGUSTHINOSE COLLEGE RAMAPURAM

Estd: 1995

**RAMAPURAM BAZAR P.O. Kottayam Dist. Kerala - 686 576**

*U.G.C. Recognized [2(f)] & Affiliated to M.G. University, Kottayam, ISO 9001:2015 Certified*
*NSDC Training Centre ID: 130581*

**Ph : 8848660310, 8281257911, 9447414876 (PRO)**

www.maraugusthinosecollege.org Email:principal@mac.edu.in




**programmes**

1. BBA (2 Batches)
2. BCA (2 Batches)
3. B.Sc. Electronics
4. B.Sc. Biotechnology
5. B.Com Model-I (Co-operation 2 Batches)
6. B.Com Model -I (Finance & Taxation)
7. B.A. English Literature & Communication Studies
8. M.Sc Computer Science
9. M.Sc Electronics
10. M.Sc. Biotechnology
11. MSW (Medical and Psychiatry & Community Development)
12. MA HRM (Human Resource Management)
13. M.Com Finance & Taxation
14. M.A. English

Tally Academy

16 Value added Course 4 P.G. Diploma Programmes Add on Programmes Red Hat Academy IIC IEDC & UBA Partners

HOSTEL FACILITIES FOR BOYS & GIRLS


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org